# തിരിയും മുന്തിരിയും

ടി.ടി.മുണ്ടയ്ക്കൻ

JANATHA SERVICES
ERNAKULAM



# തിരിയും മുന്തിരിയും

(ലഘുനാടകം)

## ടി. ടി. മുണ്ടയ്ക്കൻ

DHARMARAM COLLEGE
LIBRARY
BANGALORE

വിതരണം

ജനതാ ബുക്ക് സ്ററാൾ

തേവര

5.50

DHARMARAM COLLEGE LIBRARY
Ac. No. 45202
Call No. T 62/M92

(Malayalam)
THIRIYUM MUNTHIRIYUM
A short play

By T. T. Mundaken, M. A., B. Ed.
(Principal, Jayamatha College, Thevara)
First Published December 1982

Printed at
Sugama Printers,
Thevara, Cochin - 682013.

Cover design by Artist Raju

Copy Right T. T. Mundaken

Published by
Janatha - Thevara - Cochin - 13

Distributors
**Janatha Book Stall,**
Thevara - Ernakulam - Alwaye

# അവതാരിക

മലയാളനാടകവേദിയുടെ നൂറാം ജന്മവാർഷികാഘോഷം അവസാനിക്കുന്നത് ഒരു പുതിയ നാടകകൃത്തിനു ജന്മം നൽകിക്കൊണ്ടാകട്ടെ. കേരളീയാചാരമനുസരിച്ച് ആ സൽപ്പുത്ര ജനനത്തിന് ആർപ്പുവിളി മുഴക്കുവാൻ നിയുക്തനായിരിക്കുകയാണു ഞാൻ. ജനിക്കുന്നത് ആൺകുട്ടിയാണെങ്കിൽ ആർപ്പുവിളിയും പെൺകുട്ടിയാണെങ്കിൽ കുരവയും വേണമെന്നാണ് ആചാരം. ഒരു പുതിയ എഴുത്തുകാരൻെറ രംഗപ്രവേശത്തിന് അവതാരികയുടെ അകമ്പടി വേണമെന്നുള്ളതു മറെറാരാചാരമായിത്തീർന്നിട്ടുണ്ട്. പഴയ ആചാരങ്ങളെ ലംഘിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന പുതിയതലമുറക്കാർ പുതിയ ആചാരങ്ങൾ സൃഷ്ടിച്ചുവിടുകയും ചെയ്തു കൊണ്ടിരിക്കുകയാണല്ലോ. ഗ്രീക്കുസാഹിത്യത്തിലോ, ആംഗലസാഹിത്യത്തിലോ സംസ്കൃത സാഹിത്യത്തിലോ അറിയപ്പെട്ടിട്ടുള്ള പ്രാചീന നാടകകൃതികൾക്കൊന്നിനും മറെറാരാളുടെ അവതാരിക കണ്ടിട്ടില്ല. അർവ്വാചീനനായ ബർണ്ണാർഡുഷാപോലും സ്വന്തം നാടകങ്ങൾക്ക് സ്വയം അവതാരിക എഴുതുകയാണുചെയ്തത്. എന്നാൽ കേരളത്തിലിപ്പോൾ സ്ഥിതിയതല്ല. ഒരു കണക്കിന് ഈ പുതിയ ആചാരം നല്ലതാണ്. ഗ്രന്ഥകാരന്ആത്മവിശ്വാസം വർദ്ധിക്കുന്നതിനും വായനക്കാരുടെ മുൻവിധികളൊഴിവാക്കുന്നതിനും അതു സഹായിക്കും. ഇതു രണ്ടുമാണ് ഈ അവതാരികയിലൂടെ ഞാനാഗ്രഹിക്കുന്നതും.

''തിരിയും മുന്തിരിയും'' എഴുതിയ ശ്രീ. ടി.ടി. മുണ്ടയ്ക്കൻ സാഹിത്യലോകത്ത് സുപരിചിതനല്ലെങ്കിലും എഴുതാനാരംഭിക്കുന്ന ഒരു യുവസാഹിത്യകാരനൊന്നുമല്ല. മൂന്നു ദശകങ്ങൾക്കപ്പുറം നീണ്ടു പോകുന്ന ഒരു ചരിത്രമുണ്ടദ്ദേഹത്തിൻെറ രചനാവൈഭവത്തിന്. ഒരു കക്ഷ്യയിലല്ലെങ്കിലും ഒരേ വിദ്യാലയത്തിൽ ഒരുമിച്ചു പഠിച്ചവരാണു ഞങ്ങൾ. അന്നുതൊട്ടേ അസൂയാവഹമായ സാഹിത്യവാസന അദ്ദേഹം പ്രദർശിപ്പിച്ചുപോന്നിരുന്നു. ഉത്തരേന്ത്യൻ നഗരങ്ങളിൽ പത്തിരുപതുകൊല്ലം അദ്ധ്യാപകവൃത്തിയിൽ കഴിയേണ്ടിവന്നതുകൊണ്ടു അക്കാലത്തദ്ദേഹം എഴുതിവച്ചിരുന്നതിലൊന്നും അച്ചടിമഷി പുരളുകയുണ്ടായില്ല. ഇംഗ്ളീഷിലും ഹിന്ദിയിലും ഉന്നതബിരുദങ്ങൾ നേടി ഭൗതികമായ നിലനിൽപ്പിന് അസ്തിവാരമുറപ്പിക്കുന്നതിനിടയ്ക്ക് മലയാളലിപികളിൽ അദ്ദേഹത്തിൻെറ എഴുത്തുമഷിയും വീഴാതെയായി. എങ്കിലും ഒരു കൗമാരപ്രണയംപോലെ ഹൃദയത്തിൻെറ കോണിൽ പവിത്രമായി സൂക്ഷിച്ചിരുന്ന സാഹിത്യരചനാകൗതുകം നാട്ടിൽ മടങ്ങിയെത്തിയപ്പോൾ വീണ്ടും നാമ്പെടുത്തുതുടങ്ങിയിരിക്കുന്നു. വിപുലമായ സാഹിത്യപരിചയവും, പ്രായോചിതമായ പക്വതയും നിസ്സർഗ്ഗജമായ വാസനയും പ്രതിഫലിപ്പിക്കുന്ന പല കൃതികളും അദ്ദേഹം എഴുതിത്തീർത്തത് എനിക്കു കാണാൻ കഴിഞ്ഞു. എന്നാൽ, ഈ നീണ്ട ഇടവേളക്കാലത്ത് മലയാള സാഹിത്യരംഗം പിടിച്ചടക്കിയ പുത്തൻ തലമുറയുടെ തിക്കും തിരക്കും കണ്ട് അദ്ദേഹം ഒഴിഞ്ഞുമാറി നിൽക്കുകയാണിപ്പോഴും. ആഖ്യായിക, നാടകം, കവിത ഇതെല്ലാം അദ്ദേഹത്തിൻെറ തൂലിക

യ്ക്കു വഴങ്ങിയിട്ടുണ്ട്. എങ്കിലും അപരിചിതൻെറ ആശങ്കയും അകൽച്ചയും അദ്ദേഹത്തിൻെറ രചനകളിൽ അങ്ങിങ്ങു നിഴലിക്കുന്നു. ഇടക്കാലംകൊണ്ടു സാഹിത്യത്തിൻെറ രൂപഭാവങ്ങളിൽവന്ന മാററം തികച്ചും പ്രതിഫലിപ്പിക്കുവാൻ ചിലപ്പോഴൊക്കെ കഴിയാതെ പോകുന്നു. പരിശ്രമശാലിയായ ഈ പരിണതപ്രജ്ഞനെ സധൈര്യം രംഗത്തേയ്ക്കു കൈപിടിച്ചുകൊണ്ടു വരാൻ സന്മനസ്സുണ്ടായ ജനതാ പ്രസിദ്ധീകരണാലയക്കാരെ ആദ്യമായിത്തന്നെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കട്ടെ. ഈ കൃതിയുടെ പ്രസാധനത്തിലൂടെ നമ്മുടെ സാഹിത്യലോകത്തിന് കനപ്പെട്ടൊരു വാഗ്ദാനമാണ് അവർ നൽകുന്നത്.

നാടകകല പിറന്നുവീണത് ദേവാലയ പരിസരങ്ങളിലാണ്. ഗ്രീസിലും യൂറോപ്പിലും ഇന്ത്യയിലും ഇതുതന്നെയാണു ചരിത്രം. എന്നാൽ കാലക്രമേണ കലയും മതവുമായി ബന്ധം പിരിഞ്ഞു. നഷ്ടം രണ്ടിനും ഒപ്പമായിരുന്നു. ഇന്നു മതവിഷയങ്ങളിലേക്കു മടങ്ങിപ്പോകുന്ന കല സ്വന്തം കൂടു തേടുകയാണ്. കലയും മതവുമായുള്ള പുനസ്സമാഗമം നമ്മുടെ സാംസ്കാരികചരിത്രത്തിൽ ഒരു പുതുയുഗത്തിൻെറ പിറവി കുറിക്കുമെന്നാണെൻെറ ദൃഢവിശ്വാസം. അതിൻെറ കാഹളം മുഴക്കിക്കൊണ്ടാണ് ശ്രീ. മുണ്ടയ്ക്കൽെറ ആദ്യനാടകം പുറത്തേക്കു വരുന്നതെന്നു കാണുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ലോകചരിത്രത്തിലെ ഒരു പുത്യയുഗപ്പിറവി കുറിച്ച മഹാസംഭവമാണ് ധ്വനിമര്യാദയോടെ അദ്ദേഹം രംഗത്തവതരിപ്പിക്കുന്നത്. പല വിധത്തിലും ശുഭോദർക്കമാണ് ഈ ആരംഭം.

ഹൈന്ദവപുരാണേതിഹാസങ്ങളെ ഉപജീവിച്ച് ലോകോത്തരങ്ങളായ എത്രയോ നാടകങ്ങളുണ്ടായിട്ടുണ്ട്. കേരളത്തിൽ അടുത്ത കാലത്തുപോലും രാമായണ കഥാസ്പദങ്ങളായ രണ്ടു മൂന്നു ശ്രേഷ്ഠനാടകങ്ങൾ- സി. എൻ. ശ്രീകണ്ഠൻനായരുടെ നാടകത്രയം ആവിർഭവിക്കുകയുണ്ടായി. വിവർത്തനങ്ങളുടെ സംഖ്യ പറയാനുമില്ല. എന്നാൽ ക്രൈസ്തവമതനാടകങ്ങളോ? എടുത്തു പറയത്തക്കതായി ഒന്നും തന്നെയില്ല. ഈ ശൂന്യതയിലേക്കാണ് ചെറിയൊരു കൈത്തിരിയുമായി ശ്രീ. മുണ്ടയ്ക്കൻ കടന്നു വരുന്നത്. ഒന്നാംതരമാണീ നാടകമെന്നൊന്നും ഞാൻ പറയുന്നില്ല. ഒന്നാന്തരമൊരു വാഗ്ദാനമാണീകൃതി.

നാടകമെഴുതപ്പെടുന്നത് കടലാസ്സിലല്ല, സ്റേറജിലാണെന്നു നാമോർക്കേണ്ടതുണ്ട്. രംഗ സങ്കല്പശക്തിയില്ലാത്ത ഒരെഴുത്തുകാരനും നല്ല നാടകമെഴുതുക സാദ്ധ്യമല്ല. നാടകത്തിൽ വെട്ടും തിരുത്തും,, നടത്തുന്നതുപോലും രംഗത്തുവച്ചാണ്. ഈ നാടകം രംഗത്തു വിജയിക്കുമെന്നു തന്നെയാണെൻെറ പൂർണ്ണവിശ്വാസം. എഴുത്തിൽക്കാണുന്ന പോരായ്മകൾപോലും രംഗത്തു മേന്മകളായി രൂപാന്തരപ്പെടുവാനിടയുണ്ട്. നാടകം കളിച്ചും കളിപ്പിച്ചും പരിചയമുള്ളവർക്കു മാത്രമേ ഇത്തരം നാടകങ്ങളെഴുതാൻ കഴിയു.

നല്ല ബൈബിൾ പരിചയവും സ്ഥലകാലബോധവും എഴുത്തുകാരൻ പ്രദർശിപ്പിച്ചിട്ടുണ്ട്. ചുരുക്കം ചില നാടൻ ശൈലികളും നാവിൽപ്പാഠങ്ങളും അന്തരീക്ഷത്തിനിണങ്ങാതെ വന്നു പോയിട്ടുണ്ടെങ്കിൽപ്പോലും അതു സാധാരണ പ്രേക്ഷകരെ ആകർഷിക്കുന്ന ഘടകങ്ങളെന്ന നിലയിൽ ക്ഷന്തവ്യങ്ങളാ

ണ്. രക്ഷകനെ പ്രതീക്ഷിച്ചു കഴിയുന്ന ഒരു ജനതയുടെ മനസ്സിലേക്കു വെളിച്ചം പായിക്കുന്ന കഥാപാത്രങ്ങഠം. വിശുദ്ധ ഗ്രന്ഥചൈതന്യത്തിന് അനുഗുണമായി സ്വതന്ത്രമായി ഭാവനയിൽനിന്നുട ലെടുത്ത ഇതിവൃത്തം. ചടുലവും സ്വാഭാവികവുമായ സംഭാഷണം. ഉദ്വേഗം നിലനിർത്തുന്ന കഥാഗതി ഇതെല്ലാം നാടകകൃത്തിൻെറ സർഗ്ഗഭാവനയെ തെളിയിക്കുന്നു. സലോമി, റാഹേൽ, ബെത്സബി, രൂബൻ ഇവരെല്ലാം കഥാകൃത്തിൻെറ സങ്കൽപസൃഷ്ടികളാണ്. അദ്ദേഹത്തിൻെറ ഭാവനാവിലാസവും സാമൂഹ്യ വിമർശനവും ആ പാത്രങ്ങളിലാണു തെളിഞ്ഞു കാണുക. റാഹേലിൻെറ വായാടിത്തം ചിലപ്പോഠം സലോമിയിലേക്കും ബെത്സബിയിലേക്കും പടർന്നു പിടിക്കുന്നുണ്ടോ എന്നു സംശയം. എങ്കിലും മേരി, ജോസഫ് എന്നീ പാത്രങ്ങളെ ഗൗരവത്തോടും ആദരവോടുംകൂടി അവതരിപ്പിക്കുന്നതിൽ നാടകകൃത്തുനിഷ്ക്കർഷിച്ചിട്ടുണ്ട്. യൗസേഫിൻെറ മാനസികസംഘർഷം ചിത്രീകരിക്കുന്ന രംഗം വളരെ യുക്തി ഭദ്രമായിട്ടാണവതരിപ്പിച്ചിരിക്കുന്നത്. മൂന്നുമാസം മേരി ഇളയമ്മയുടെ വീട്ടിൽപ്പോയി താമസിച്ചിരുന്നുവെന്നുള്ളത് യൗസേഫിനു സംശയിക്കാൻ തക്ക കാരണം നൽകുന്നു. എന്നാൽ മേരിയുടെ സ്വഭാവശുദ്ധി അശങ്കനീയവുമാണ്. ഈ ദുർഘടഘട്ടത്തിന് വേണ്ടുവോളം നാടകീയത നൽകപ്പെട്ടിട്ടുണ്ട്.

നാടകങ്ങളിൽ രംഗവിവരണം അത്യാവശ്യത്തിനേ പാടുള്ളു. എന്നാൽ തൻെറ സാഹിത്യവൈഭവം പ്രദർശിപ്പിക്കാൻ രംഗവിവരണങ്ങളെ എഴുത്തുകാരൻ കൂടുതൽ ഉപയോഗിച്ചു കളഞ്ഞില്ലേ എന്നു സംശയം.

'പ്രകാശമേകുന്ന ഒരു മെഴുകുതിരി മിഴിനീരൊഴുക്കി കരയുന്നു' 'യൗസേഫിൻെറ മനോമുകുരത്തിൽ ചിന്തകൾ ചിറകുവിരിച്ചു പറക്കുന്നു' എന്നൊക്കെയുള്ള രംഗ വിവരണങ്ങൾ നാടകസംവിധായകൻമാരെ കുഴക്കും. മെഴുകുതിരി കണ്ണുനീരൊഴുക്കുന്നതു കവിയുടെ ഭാവനയിലല്ലാതെ നാടകം കാണാൻ വരുന്നവരുടെ കണ്ണിൽപ്പെടുത്തിക്കൊടുക്കാൻ സാധ്യമല്ലല്ലോ. എന്നാൽ നാടകം സ്റ്റേജിലേക്കുവേണ്ടി മാത്രമല്ല എഴുതപ്പെടുന്നത്. തനിച്ചിരുന്നു വായിക്കുന്നവർക്ക് ഇത്തരം വർണ്ണനകൾകൂടി ചേർത്തു വായിച്ചാൽ ഇതൊരു നോവലായും രൂപാന്തരം പ്രാപിക്കുമെന്നാണെനിക്കു തോന്നുന്നത്. പഴയ രാഗങ്ങളിലാണെങ്കിലും ഭേദപ്പെട്ട ഒന്നുരണ്ടു ഗാനങ്ങളും ഇടയ്ക്കു ചേർത്ത് ശ്രീ. മുണ്ടയ്ക്കൻ തൻെറ കവിത്വവും തെളിയിച്ചിരിക്കുന്നു.

മേധാവികൾക്കെന്നപോലെ മേഷപാലകൻമാർക്കും രുചികരമായിരുന്ന ക്രിസ്തുസംഭവത്തെ വേദചിന്തകർക്കും സാധാരണക്കാർക്കും ഒപ്പമാസ്വദിക്കാവുന്ന വിഭവങ്ങളൊക്കെ ഉൾക്കൊളളിച്ച് ഒരു പോപ്പുലർ നാടകത്തിൻെറ രൂപത്തിലാക്കി ശ്രീ. ടി. ടി. മുണ്ടയ്ക്കൻ കൈരളിയുടെ മുന്നിൽ സമർപ്പിച്ചിരിക്കുന്നു. കൂടുതൽ ഗൗരവമുളള നാടകങ്ങൾ അദ്ദേഹത്തിൽനിന്ന് ഇനിയും പുറപ്പെടുമെന്നുളളതിൻെറ സൂചനയായി നമുക്കിതു സാഹ്ളാദം സ്വീകരിക്കാം. വിശുദ്ധദിനാഘോഷങ്ങളെ മധുരീകരിക്കുന്നതിനുതകുന്ന കലാവസ്തുക്കൾ തേടിനടക്കുന്ന യുവജനസംഘടനകൾക്ക് ഇതൊരു വലിയ അനുഗ്രഹമാണ്. ഈ അനുഗ്രഹം പ്രവൃദ്ധമായ തോതിൽ കേരളീയകലോപാസകർക്ക് തുടർന്നും ലഭിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടുകൂടി അനുവാചക സമക്ഷം ഞാനീ ലഘുനാടകത്തിൻെറ യവനിക നീക്കിക്കൊളളട്ടെ.

തേവര

22-12-82

**പ്രൊഫ. മാത്യു ഉലകംതറ**

# ആമുഖം

പ്രേക്ഷകരെ മാത്രമല്ല, വായനക്കാരെക്കൂടി ഉദ്ദേശിച്ചെഴുതിയതാണ്, ഈ ലഘുനാടകം. എല്ലാവർക്കും ആനന്ദമരുളേണ്ട ക്രിസ്സ്മസ് ദിനത്തിൽ, കർത്താവിന്റെ വരവിനെ കാത്തുകാത്തിരുന്ന ഒരു യഹൂദ കന്യകയ്ക്ക് എന്തു സംഭവിച്ചുവെന്ന രസാവഹമായ സങ്കൽപമാണ്, ഇതിനു നിദാനം. പ്രേമം, നിരാശ, കുടുംബജീവിതത്തിൽ അനുഭവവേദ്യമാകാറുള്ള ചില വിഷമതകൾ, തെററിദ്ധാരണകൾ ഇവയെല്ലാം കഥാഗാത്രത്തിൽ അങ്ങിങ്ങായി, ചിതറി കിടപ്പുണ്ടെന്നിരിക്കിലും, ബൈബിളിലെ കഥയുമായി കൈകോർത്തു പോകുവാൻ പരമാവധി ഞാൻ ശ്രമിച്ചിട്ടുണ്ട്. എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു തീരുമാനിക്കേണ്ടത് സഹൃദയരാണ്.

എന്റെ സാഹിത്യസരണിയിൽ, എപ്പോൾ വേണമെങ്കിലും കൈത്തിരി കാണിച്ചു തരുവാൻ സന്മനസ്സു പ്രകടിപ്പിക്കാറുള്ള എന്റെ ബഹുമാന്യ സ്നേഹിതൻ പ്രൊഫ. മാത്യു ഉലകംതറയോടുള്ള എന്റെ കടപ്പാട്, വാക്കുകളിലൊതുക്കാവുന്നതല്ല. വിമർശനോന്മുഖവും പ്രൗഢസുന്ദരവുമായ ഒരു അവതാരികയാൽ ഈ ലഘുകൃതിയെ ധന്യമാക്കിയ അദ്ദേഹത്തിന് എന്റെ ഹൃദയംഗമമായ നന്ദി.

'തിരിയും മുന്തിരിയും' വായിച്ചുനോക്കി അഭിനന്ദനാശിസ്സുകൾ നൽകിയ എസ്സ്. എച്ച്. കോളേജ് പ്രൊഫസ്സർ ബ. ജോസഫ് കൈമലയിലച്ചനോടും, ഇതിന്റെ പ്രസാധകത്വം സദയം ഏറെറടുത്ത ജനതാ ബുക്ക്സ് മാനേജർ ബ. ടി. എ. ആന്ററണിയച്ചനോടും ഞാൻ അതീവ കൃതജ്ഞനാണ്.

ഈ നാടകം ആദ്യമായി സ്റേറജിൽ അവതരിപ്പിച്ച്, വിജയസാദ്ധ്യത തെളിയിച്ച്, എനിക്കു പ്രോത്സാഹനം നൽകിയ പി. ഡി. ഡി. പി. ഡയറക്ടർ ബ. ജോസഫ് മുട്ടുമന അച്ചനെയും നന്ദിപൂർവ്വം സ്മരിച്ചുകൊള്ളട്ടെ.

തേവര<br>22-12-82

പ്രശ്രയപൂർവ്വം<br>ടി. ടി. മുണ്ടയ്ക്കൻ

## പാത്രപരിചയം

1 സലോമി—സുന്ദരിയായ ഒരു യഹൂദ കന്യക

2 രൂബൻ — പ്രഥമദർശനത്തിൽത്തന്നെ സലോമിയെ പ്രേമിച്ചു പോകുന്ന ഒരു സുഭഗൻ

3 ബെത്സബി — സലോമിയുടെ വല്യപ്പന്റെ മകൾ

4 റാഹേൽ—സലോമിയുടെ തോഴി

5 താമാർ—ബെത്സബിയുടെ കൊച്ചുമകൾ

6 യൗസേപ്പ്

7 മേരി

8 ഗബ്രിയേൽ ദൈവദൂതൻ

9 ആട്ടിടയർ, മാലാഖാമാർ

# തിരിയും മുന്തിരിയും

## രംഗം ഒന്ന്

[ഏതാണ്ടു രണ്ടായിരം സംവത്സരങ്ങൾക്കു മുമ്പുള്ള നസ്രത്തിലെ, കേളികേട്ട ഒരു യഹൂദപ്രമാണിയുടെ പ്രാസാദം.

വളക്കൂറില്ലിടത്തു വളർന്നു കുലവന്നു മുററിയ ഒരു വാഴപോലെ, യൗവ്വനം വന്നു നിറഞ്ഞ് മുട്ടിത്തിരിയുന്ന ഒരു മധുരപ്പതിനേഴുകാരി—സലോമി, ഒരു വലിയ നിലക്കണ്ണാടിയുടെ മുമ്പിൽനിന്ന്, തൻെറ സുഭഗതയ്ക്കു മാററുകൂട്ടുവാൻ ഭഗീരഥ പ്രയത്നം ചെയ്യുകയാണ്!

കുസുമസൗരഭച്ചെപ്പുതുറന്ന്, അവളെ പരിചരിച്ചുകൊണ്ടു നിൽക്കുന്നു, അവളുടെ ഇഷ്ടതോഴി റാഹേൽ.

അകലെയെങ്ങോ നടത്തുന്ന വാദ്യമേളത്തിൻെറ അലകൾ, മന്ദം മന്ദം ആ മുറിയിലേയ്ക്കും കടന്നു വരുന്നു. അതിൻെറ മാധുര്യലഹരി സലോമിക്കും അനുഭവവേദ്യമാണെന്ന്, അറിയാതെ അതിൽ ലയിച്ചു ചേർന്നുപോകുന്ന അവളുടെ ചലനങ്ങൾ വെളിവാക്കുന്നുണ്ട്.]

റാഹേൽ— സലോമിക്കുഞ്ഞേ, അധികമാടാതെ കുഴയാതെ, ഈ നിലക്കണ്ണാടിയുടെ മുന്നിലേയ്ക്കൊന്നു നീങ്ങിനിന്നേ. ശരി. ഇനി നോക്ക്...

സലോമി— റാഹേലേ, ഈ നഗ്രത്തിലെ മററേതെങ്കിലുമൊരു യഹൂദ പ്രമാണിയുടെ മണിമാളികയിൽ......

റാഹേൽ— (പറഞ്ഞു വന്നതു പറയിപ്പിക്കാതെ)ഇതുപോലെ വിലയുള്ള ഒരു രത്നപ്പതക്കം, കണികാണാൻ കിട്ടുമോ...? (സലോമിയുടെ നിറഞ്ഞ മാറിലേക്കു തുറിച്ചുനോക്കി) അതിൻെറ മണി... കുഞ്ഞിൻെറ മാറിലങ്ങനെ...! (അവരം അർത്ഥഗർഭമായി എടുത്തെടുത്തു ചിരിക്കുന്നു) ഹിഹി ഹിഹി...... ഹിഹിഹിഹി .....

സലോമി— (കണ്ണാടിയിൽ വീണ്ടും നോക്കി) അതു ഉഗ്രനായിട്ടുണ്ട്. പക്ഷെ......

റാഹേൽ— കൂടുതൽ കണ്ണേറു കൊള്ളേണ്ടിവന്നാൽ, റാഹേലിനെ പഴിചാരരുതു കേട്ടോ..! സൂക്ഷിച്ചോണം. ഹിഹിഹി.. ഹിഹിഹി...

സലോമി— (രഹസ്യദ്യോതകമായ പതിഞ്ഞ സ്വരത്തിൽ) റാഹേലേ...

റാഹേൽ— എന്തോ...

സലോമി— (മടിച്ചു മടിച്ച്)മററു തോഴിമാരാരോടും ചോദിക്കാത്ത ഒരു കാര്യം...

[അവരം അർദ്ധോക്തിയിൽ വിരമിച്ചു വിരൽത്തുമ്പു കടിക്കുന്നു]

റാഹേൽ— ഈ റാഹേലിനോടു ചോദിക്കാൻ നാണിക്കുന്നതെന്തിനാ...?

സലോമി— (ധൈര്യമവലംബിച്ച്) റാഹേലേ... ഈ നഗ്രത്തിലെ ആളുകരം...

റാഹേൽ— ഈ നഗ്രത്തിലെ ആളുകൾ ?

സലോമി— എന്നെപ്പററി എന്തു പറയുന്നു ?

റാഹേൽ— (കാര്യം പിടികിട്ടിയ മട്ടിലുള്ള ഒരു കള്ള ച്ചിരി ചിരിച്ചുകൊണ്ട്) ഹിഹിഹി...ഹിഹിഹി ...അതു ശരി...!

(അർത്ഥഗർഭമായ ഒരു കടാക്ഷമെറിഞ്ഞ്) അത്... ഇവിടത്തെ യൗവ്വനം മുട്ടിത്തിരിയുന്ന ചെറുപ്പക്കാരോ...? അതോ... യൗവ്വനം ഭാവിച്ചു നടക്കുന്ന ചില വയസ്സൻമാരോ ?

സലോമി—ങ്ങും...! റാഹേൽ തകർപ്പൻതന്നെ. രണ്ടുകൂട്ടരേയും വെറുതെ വിടേണ്ടാ. അപ്പോഴോ?

റാഹേൽ—ശരി ശരി. (ഒളികണ്ണിട്ടു നോക്കിക്കൊണ്ട്) സലോമിക്കുഞ്ഞിനെ ഈ തേനൊണ്ടല്ലോ...... തേന് ...? അതും ഏത് ? നമ്മുടെ പൂർവ്വപിതാക്കൻമാരായ അബ്രാഹം, ഇസഹാക്കു, യാക്കോബു മാരുകാണാൻ ദാഹിച്ചു മോഹിച്ചിരുന്ന ഒരുസ്ഥലമുണ്ടല്ലോ...യഹോവാ വാഗ്ദാനം ചെയ്ത...

സലോമി— തേനും പാലും ഒഴുകുന്ന കാനാൻ ദേശമോ?

റാഹേൽ— അതെ. അവിടത്തെ പുത്തൻ തേനില്ലേ...? ശരി, ദേ അതുപോലെയാണ്, ഇവിടത്തെ വയസ്സൻമാരുപോലും സലോമിക്കുഞ്ഞിനെ കരുതുന്നത്. അപ്പോ പിന്നെ ... ചെറുപ്പക്കാരുടെ കാര്യം പറയണോ...?

സലോമി— കേൾക്കട്ടെ. അവരെന്തു പറയുന്നു?

(അവൾ ആകാംക്ഷയോടെ ചെവി വട്ടം പിടിക്കുന്നു.)

റാഹേൽ— അതുശരി. അല്ലേലും, അതാണല്ലോ കേൾക്കേണ്ടത്. അല്ലേ ? ഹിഹിഹിഹി...

(റാഹേൽ ഒരു വളിച്ച ചിരി പാസ്സാക്കി നാണമഭിനയിക്കുന്നു)

സലോമി— എന്താ റാഹേലേ, നാണിച്ചു നിൽക്കുന്നത്?

റാഹേൽ— ഒന്നൂല്ല.

സലോമി— (ക്ഷമയററ്) എന്നാൽ പറയൂ. ഇവിടെ വേറെയാരും കേൾക്കാനില്ലല്ലോ.

റാഹേൽ— ശരി. ശരി (അടുത്തു ചെന്നു വളരെ പതിഞ്ഞ സ്വരത്തിൽ) അവരു പറേണതേ...സലോമിക്കുഞ്ഞു അവരുടെ മണിയാണ്, പവിഴമാണ്... മുന്തിരിപ്പഴമാണു എന്നൊക്കെയാ.. !

ഈ മുന്തിരിയൊണ്ടല്ലോ...വീഞ്ഞു നിറഞ്ഞു നിൽക്കുന്ന മുന്തിരി?

സലോമി— (പ്രകടമായ അസംതൃപ്തിയോടെ) ഓ! മുന്തിരി...! ഉലക്കയുടെ മൂട്! ആകട്ടെ, റാഹേലെന്തു പറയുന്നു? ഞാൻ ബഹുസുന്ദരിയാണോ ? എനിക്കതു കേട്ടാൽ മതി.

റാഹേൽ—എൻെറ യഹോവായേ...! അതല്ലേ ഞാനീ പറഞ്ഞതു മുഴുവൻ! സലോമിക്കുഞ്ഞിനെപ്പോലെ ചേലും ചെമ്മാന്ത്രവുമുള്ള ആരെങ്കിലും ഈ നസ്രത്തിലൊണ്ടോ?

സലോമി— നീ അങ്ങിനെയൊക്കെ പറയും.

റാഹേൽ— അല്ല കുഞ്ഞേ. ഇപ്പഴത്തെ ഇവിടത്തെ ചെറുപ്പക്കാര് സുന്ദരീ എന്നു ആരെയും വിളിക്കാറില്ല. പകരം മുന്തിരീ എന്നാണു വിളിക്കുന്നത്. മനസ്സിലായോ? മുക്കിലും മൂലയിലും നിന്നു ചില പൂവാലൻമാരു മൂളുന്നതു കേട്ടിട്ടില്ലേ?

സലോമി— (സംപ്രീതയായി) ആകട്ടെ, ഞാനൊന്നു കൂടി ചോദിക്കട്ടെ.

യഹൂദരെല്ലാം പറയുന്നില്ലേ, നമ്മുടെ ദിവ്യ രക്ഷകൻ അവതരിക്കാറായി.. ഇസ്രായേൽ ജന ങ്ങളായ നമ്മുടെ അടിമത്തം അവസാനിക്കാറായി ... എന്നൊക്കെ ?

റാഹേൽ— ശരി. ശരി.

സലോമി— (ആവേശപൂർവ്വം) റാഹേലേ, ആ രക്ഷ കൻെറ അമ്മയാകാനുള്ള സൗന്ദര്യം എനി ക്കുണ്ടോ...? ങേ...?

റാഹേൽ— അയ്യോ! അതിനു സംശയോണ്ടോ ...? എന്നാലെൻെറ യഹോവായേ! അതെൻെറ നാവേൽ വന്നതാ ! പക്ഷേ ...

സലോമി— ഉം...? എന്താ എന്നെയിത്ര സൂക്ഷിച്ചു നോക്കുന്നത് ?

റാഹേൽ— സലോമിക്കുഞ്ഞു ആ ഇട്ടിരിക്കുന്ന ഉടു പ്പു ഒരൽപ്പം പൊക്കിപ്പിടിച്ചേ .. ഒരൽപംകൂടി ... നാണിക്കേണ്ട ... ഒരൽപംകൂടി... മതി ...

ശരി ശരി. മുട്ടുകാലിനു കീഴ്പോട്ടു കൊറെ അശ്രീകരം ഒണ്ട്. നമുക്കത് ചെരണ്ടിയോ പറി ച്ചോ കളയണം. സലോമിക്കുഞ്ഞിൻെറ സൗന്ദ ര്യത്തിൻെറ നടുക്കു കയറിനിൽക്കാൻ അവനെ യിനി സമ്മതിക്കരുത്. ഇന്നത്തെ ചില പെമ്പി ള്ളേരു സൗന്ദര്യം കൂട്ടാൻ പുരികംവരെ പറിച്ചുകളയണൊണ്ട്! അറിയാവോ... ?

എന്നിട്ട്...കേട്ടോ കുഞ്ഞേ, നമ്മുടെ പിതാക്കൻ മാരു ഒരു കൊഴപ്പം എഴുതി വെച്ചിട്ടൊണ്ട് !

സലോമി— അതെന്താണ് ?

റാഹേൽ— ദാവീദുരാജാവിന്റെ വംശത്തിലേ... നമ്മുടെ രക്ഷകൻ പിറക്കൂ എന്ന്. അങ്ങിനെ നോക്കിയാൽ തന്നെയും കുഞ്ഞിനെന്താ തരക്കേട്...?

സലോമി— (സാഭിമാനം) റാഹേലിനറിയാമോ ...? ഏലിയാക്കീം, ഹേസക്കിയാ, ആസാ, ശ്ളേമോൻ ഇവരൊക്കെ എന്റെ പൂർവ്വജൻമാരാണ്.!

റാഹേൽ— അതു ശരി. അപ്പോൾ ശരിക്കുള്ള രാജകുടുംബം !

(സലോമിയുടെ മുഖകമലം അരുമയോടെ അവലോകനം ചെയ്തുകൊണ്ട്) തേനങ്ങനെ നിറഞ്ഞുനിൽക്കുന്ന ഒരു പൂവിന്റെ പ്രകൃതം.! വണ്ടായ വണ്ടെല്ലാം, കൊതിപിടിച്ച്, ചുററും മുരണ്ടുനടക്കുന്ന പ്രായം !

ദാവീദിന്റെ വംശത്തിലെ ഏതു രാജകുമാരിക്കുണ്ട്, ഇതുപോലെയൊരു യോഗം...?

(സലോമിയുടെ താടിപിടിച്ചുയർത്തി ഓമനിച്ച്) അതിനെല്ലാം പുറമെ, കഥയില്ലാത്ത ഒരു മാടപ്രാവല്ലേ എന്റെ സലോമിക്കുഞ്ഞ്?

സലോമി— എങ്കിലും...റാഹേലേ, എന്റെ മനസ്സിനൊരു സമാധാനവുമില്ല. ഞാനെന്തു ചെയ്യണം !

റാഹേൽ— ശരി. നമുക്കു പ്രാർത്ഥിക്കാം. മുട്ടുകുത്ത്. (രണ്ടുപേരും മുട്ടുകുത്തുന്നു)

സലോമി— (സംപ്രീതയായി)എന്റെ യഹോവായേ! അങ്ങേ ജനത്തിന്റെ രക്ഷകനെ, അങ്ങു വേഗം അയയ്ക്കേണമേ... !

റാഹേൽ— അത് എന്റെ സലോമിക്കുഞ്ഞിന്റെ തിരുവയററിൽ നിന്നായിരിക്കേണമെ !

(ഗൗരവപൂർവ്വം) കുഞ്ഞൊണ്ടല്ലോ. ഒരുങ്ങിയിരുന്നുകൊള്ളണം കേട്ടോ. എപ്പോൾ എന്തു സംഭവിക്കാൻ പോണെന്നു നമുക്കറിയാമോ?

(സലോമിയെ ആശീർവദിക്കുന്ന മട്ടിൽ) ശരി. രക്ഷകൻ എൻെറ സലോമിക്കുഞ്ഞിൻെറ തിരുവയററിൽത്തന്നെ ജനിക്കും !

സലോമി— എൻെറ റാഹേലേ എനിക്കതിനു വേണ്ട്രതമിടുക്കുണ്ടോ? എനിക്കു പേടിയാകുന്നു ..

റാഹേൽ— എന്തിന്?കുഞ്ഞിൻെറയീപട്ടും, പൊന്നും കെട്ടും, മട്ടുമൊക്കെക്കണ്ടാൽ ആരും പറയും, സലോമിയോളം സുന്ദരി, ഭൂലോകത്തിലാരുമില്ലെന്ന്. പിന്നെ പേടിക്കുന്നതെന്തിനാ?

ഇവിടത്തെ ചെറുപ്പക്കാരു പറയുന്നതു നേരാ. കുഞ്ഞ്, വീഞ്ഞതങ്ങനെ മുററിനിൽക്കുന്ന ഒന്നാന്തരം മുന്തിരിയാണ് !

സലോമി— ശ്ശോ ! എനിക്കു നാണമാകുന്നു !

റാഹേൽ— ഇന്നാളൊരു ദിവസം, സലോമിക്കുഞ്ഞു കുളിച്ചൊരുങ്ങി, ഒട്ടകത്തിൻെറ പുറത്തുകയറി, ബെത്സബിക്കുഞ്ഞിൻെറ വീട്ടിലേക്കു പോയില്ലേ? അന്നു കുഞ്ഞിനെത്തന്നെ കണ്ണിമയ്ക്കാതെ നോക്കിനിന്ന ഒരു ചെറുപ്പക്കാരൻ എന്തു ചെയ്തെന്നോ? അവൻ മതിമറന്നുപാടിപ്പോയി! അറിയാതെ ആടിപ്പോയി! അവൻെറ പാട്ടൊരു പാട്ടായിരുന്നു ... ! ! അതു ഞാനിപ്പോഴും ഓർക്കുന്നു.

സലോമി— ങാഹാ ! റാഹേലിനു അതൊന്നു പാടാമോ ?

റാഹേൽ— ശരി. നോക്കട്ടെ.

[റാഹേൽ വികൃതമായി മുരടനക്കി തൊണ്ട ശുദ്ധി വരുത്തിയശേഷം, കണ്ണടച്ചാസ്വദിച്ചു കൊണ്ടു പാടുന്നു: ]

(ദില്ദ ദകെദേഖോ ...... എന്ന രീതി)

മുന്തിരിയാണേ, മുന്തിരിയാണേ,മുന്തിരിയാണേ നീ!
ലോകൈകറാണി, മനോഹരാംഗി നീ
ലോകൈകറാണീ, മനോഹരാംഗി നീ.

(മുന്തിരിയാണേ'...)

[പൊടുന്നനവെ, സലോമി വികാരതരളിതയാകുന്നു. സ്ഥലകാലങ്ങരം [വിസ്മൃതമാകുന്നു. ആ യുവതിയുടെ മനസ്സ് പുതിയ ഒരു ലോകത്തിലേക്കു ഇറങ്ങിവരുന്നു. അനുയോജ്യമായ വാക്കുകരം കൂട്ടിച്ചേർത്തു അവരം സ്വയം ആലപിക്കുകയും, അതോടൊപ്പം നൃത്തമാടുകയും ചെയ്യുന്നു.]

സലോമി— പട്ടും പൊന്നും നോക്കൂ,
എൻ കെട്ടും മട്ടും നോക്കൂ
തിട്ടം വാനിൽപ്പോലും
എൻമട്ടിലാരും കാണാ.
ഹാ ഹാ ഹാ, എങ്ങാനുമുണ്ടോ
എന്നോളം സുന്ദരി ?
ഓഹോഹോ, നീയെന്തു പൊല്ലുന്നു ?
ചൊല്ലുക തോഴി.

റാഹേൽ— മുന്തിരിയാണേ, മുന്തിരിയാണേ,
മുന്തിരിയാണേ നീ
ലോകൈകറാണി, മനോഹരാംഗി നീ
ലോകൈകറാണി, മനോഹരാംഗി നീ

സലോമി— (വീണ്ടും നിലക്കണ്ണാടിയിൽ നോക്കി, തൻെറ ചുവന്നു തുടുത്ത കവിളിണകളും, പേട

മാൻ കണ്ണുകളും, ചുവന്ന റോസാപ്പൂവിൻെറ ഇതളുകാംപോലെയുള്ള ചുണ്ടുകളും കണ്ടു (പകമ്പിതയാകുന്നു.)

മുന്തിരിയാണേ, മുന്തിരിയാണേ, മുന്തിരിയാണെ ഞാൻ,
ലോകൈകറാണി, മനോഹരാംഗി ഞാൻ
ലോകൈകറാണി, മനോഹരാംഗി ഞാൻ
ദേവലോകരാജൻ വന്നീടുമെന്നുദരേ,
ദൈവമാതാവാകാൻ ഓ! യോഗ്യയാരുവേറെ?
(ദേവലോക...)
ആഹാഹാ എങ്ങാനുമുണ്ടോ എന്നോളം സുന്ദരീ?
ഓഹോഹോ നീയെന്തു ചൊല്ലുന്നു? ചൊല്ലുകതോഴി.

റാഹേൽ— (രസം പിടിച്ചു പാടുന്നു)

മുന്തിരിയാണേ മുന്തിരിയാണേ മുന്തിരിയാണെ നീ
ലോകൈകറാണീ ...

(പെട്ടെന്നു പുറത്തു ആരോ വിളിക്കുന്ന ശബ്ദം)

ശബ്ദം— കൊച്ചമ്മേ ! കൊച്ചമ്മേ...യ്...!

സലോമി— ഛെ! ആരെടാ അത്? റാഹേലേ, നോക്കൂ ആ രസം കൊല്ലി ആരെന്ന്?

റാഹേൽ— ശരി. സലോമിക്കുഞ്ഞു ആ സോഫായിലേക്കു ചാരിയിരി. പൊകച്ചിലൊന്നു മാറട്ടെ! ഞാനിതാ വന്നു കഴിഞ്ഞു.

(റാഹേൽ പുറത്തേക്കിറങ്ങി അൽപം കഴിഞ്ഞ് വേഗം തിരിച്ചു വരുന്നു. പുറകെ ഒരു ഊശാന്താടിക്കാരനും)

റാഹേൽ— (പുറത്തുനിന്നുകൊണ്ട്) അതൊരു താടിക്കാരൻ തച്ചനാ. ഇരുന്നാടാവുന്ന ഒരുഗ്രൻ കസാലയുമുണ്ട്. (അകത്തേയ്ക്കുവന്ന് പുറകോട്ടു

തിരിഞ്ഞു നോക്കി) അല്ലേ! അയാളെത്തിക്കഴി ഞ്ഞോ! ശരി. ശരി.

താടിക്കാരൻ— (തൻെറ തോളിലിരുന്ന മനോഹരമായ ഒരു കസാല താഴെ ഇറക്കിവെച്ചുകൊണ്ട്) കൊച്ചമ്മേ... ഞാനൊരു പാവമാണ്. ഈ കസാല എടുത്തുകൊണ്ട് അതിൻെറ കാശു തന്നിരുന്നെ ങ്കിൽ വലിയ ഉപകാരമായിരുന്നേനെ.

സലോമി— ഛീ. ആരു വിളിച്ചെടോ തന്നെ ഇങ്ങോ ട്ട്? ഇറങ്ങെടോ പടിക്കു പുറത്ത്.

ആനക്കാര്യത്തിനിടയ്ക്ക് ഒരു ചേനക്കാര്യം! (ചാടി എഴുന്നേററ്) എടുത്തുകൊണ്ടുപോകാൻ.

[താടിക്കാരൻ ഒരക്ഷരവും മിണ്ടാതെ, കസാല യെടുത്തുകൊണ്ടു നടന്നുപോകുന്നു.]

റാഹേൽ— കഷ്ടം! ആ മനുഷ്യൻെറ നടപ്പുകണ്ടാൽ പാവം തോന്നും! കുഞ്ഞേ, ആ ആളൊണ്ടല്ലോ ശുദ്ധ പാവമാണു കേട്ടോ. ഇപ്പഴത്തെ ആശാരി മാരുടെ പുതിയ വെട്ടിപ്പും തട്ടിപ്പും ഒന്നും അയാളുടെ അടുത്തുണ്ടെന്നു തോന്നുന്നില്ല! പാവം!

സലോമി— ആകട്ടെ. അയാളെയിങ്ങു തിരിച്ചു വിളി ക്കൂ. ഞാനൊന്നു ചോദിക്കട്ടെ. ഈ നഗ്രത്തി ലുള്ള മിക്ക കന്യകാമണികളേയും അയാരം കണ്ടു കാണും......!

റാഹേൽ— ശരി. ശരി. (കൈകൊട്ടി വിളിക്കുന്നു)

എടോ തച്ചാ, എടോ താടിക്കാരൻ! താനിങ്ങു വന്നേ...

(ആശാനിർഭരമായ നയനങ്ങളോടുകൂടി താടി ക്കാരൻ തച്ചൻ തിരിച്ചുവന്ന്, സലോമിയുടെ മുമ്പിൽ ഓച്ഛാനിച്ചു നിൽക്കുന്നു)

സലോമി— താനേതാടോ ...?

തച്ചൻ— ആശാരി പറമ്പിലെയാണ്.

സലോമി— പേര്..?

തച്ചൻ— യൗസേപ്പെന്ന്. (ശുഭപ്രതീക്ഷയോടെ കസ ല കാണിച്ച്)കൊച്ചമ്മേ, ദേ ഇതിനു മൂന്നു നാലു തച്ചു പണിചെയ്തു ഞാൻ കഴിയുന്നത്ര മെച്ചപ്പെടുത്തിയതാ. പലയിടത്തും കൊണ്ടു നടന്നു. വില ചേരാഞ്ഞതിനാൽ വിററില്ല. ദയ വായി കൊച്ചമ്മ ഇതെടുത്തുകൊണ്ട് എന്തെങ്കി ലും തരണേ. അല്ലെങ്കിൽ ഞാനും എൻെറ വീട്ടു കാരത്തിയും ഇന്നു പട്ടിണിയാകും.

സലോമി— ങും? താനും തൻെറ വീട്ടുകാരത്തിയും! ആരാടോ തന്നെപ്പോലെയുള്ള പഷ്ണിക്കുന്ത ത്തിനൊക്കെ പെണ്ണു തന്നത്? ങേ ..? തനിക്കു പിള്ളേരാരും ഇല്ലേ?

റാഹേല്— കാണുവായിരിക്കും, വാലുമാക്രികളെ പ്പോലെ നാലഞ്ചെണ്ണം! ഹി — ഹി...ഹി...ഹി... ഇല്ലേടോ?

യൗസേപ്പ്— ഇല്ല. ഞാൻ വ്രതമെടുത്തിരിക്കുന്ന വിരക്തനാണ്. മേരി കന്യകയുമാണ്.

റാഹേൽ— ഓ! ശരി. ശരി! അവളു വേണേൽ എൻെറ സലോമിക്കുഞ്ഞിനെപ്പോലെ, ലോകരക്ഷക ൻെറ അമ്മയാകാൻ കൊതിച്ചു കൊതിച്ചു, കന്യകയായിക്കഴിയുകയായിരിക്കും ഇല്ലേ?

സലോമി— (ഒന്നു ഞെട്ടി) അമ്പടീ ...! അവളുടെ ഒരു മോഹം ......!

യൗസേപ്പ്— (വിനീതനായി) അങ്ങിനെ ഒരു മോഹ വുമില്ല കൊച്ചമ്മേ. പിന്നെ, നമ്മളെല്ലാം യഹൂദ രല്ലേ? ഈ റോമാക്കാരുടേയും കാവ്യരുടേയും

അജ്ഞാനികളുടേയും അടിയിൽ, നമ്മളെത്ര നാരം കഴിയും?

സലോമി— അതുകൊണ്ട്?

യൗസേപ്പ്— ലോകരക്ഷകൻ വേഗം അവതരിക്കാനായി ആഗ്രഹിക്കുകയും, അതിനായി അപേക്ഷിക്കുകയുമൊക്കെ ചെയ്യാറുണ്ട്. അത്രയേ ഉള്ളൂ.

സലോമി— ആകട്ടെ. തൻെറ നോട്ടത്തിൽ ആരായിരിക്കും ലോകരക്ഷകൻെറ അമ്മ?

യൗസേപ്പ്— വാലെങ്കിലും കാണാതെ, എലിയേതാ പുലിയേതാ എന്നു ഞാനെങ്ങനെ പറയും?

റാഹേൽ— ശരി. ശരി. താനപ്പോരം കൊറഞ്ഞതല്ല! ശരി ശരി.. ...!

സലോമി— ആകട്ടെ. താനിങ്ങു അടുത്തു വരൂ. എൻെറ മനസ്സിനു ശാന്തി കിട്ടാൻ താനൊരു സത്യം പറയാമോ?

(യൗസേപ്പു മടിച്ചു മടിച്ചു അടുത്തുചെല്ലുന്നു)

സലോമി— (തയ്യാറെടുത്തിരുന്നുകൊണ്ട്) താനെൻെറ മുഖത്തേയ്ക്കൊന്നു നോക്കു.,രക്ഷകൻെറ അമ്മയാകാനുള്ള അഴകും അന്തസ്സും എനിക്കുണ്ടോ?

യൗസേപ്പ്— (ഗതികേടിൽ വന്നുപെട്ടുപോയ മട്ടിൽ) എനിക്കറിഞ്ഞുകൂടാ. എൻെറ കൊച്ചമ്മേ ഈ കസാല വിററിട്ടു വേണം... ഇന്നത്താഴത്തിന്....

റാഹേൽ— താനവടെ പെടയ്ക്കാതെ നില്ലെടോ താടിക്കാരാ.

സലോമി— (അൽപം ജളതയോടെ) ആകട്ടെ. കുറഞ്ഞ പക്ഷം തൻെറ മേരിയേക്കാരം സുന്ദരിയല്ലേ ഞാൻ... ?

(യൗസേപ്പു മൗനം ഭജിക്കുന്നു.)

റാഹേൽ— അല്ല! താനെവിടെയാ ഈ നോക്കണത്? ശരി. ശരി. എടോ താടിക്കാരാ, പതിനാറിലും പതിനേഴിലുമൊക്കെ, പെമ്പിള്ളേരുടെ സൗന്ദര്യം ശരിക്കൊന്നുരുളും. അല്ലെങ്കിൽ അവരിത്തിരി ഉരുട്ടിവെയ്ക്കും. അങ്ങനെ സൗന്ദര്യം എവിടെയാ ഉരുട്ടിവെച്ചിരിക്കുന്നതെന്നാ, ഇപ്പോഴത്തെ ചെറുപ്പക്കാരുടെ മുഴുവൻ നോട്ടം! താൻ ചെറുപ്പമായിട്ടും, തൻെറ കണ്ണെന്താ, അവിടെയെങ്ങും ചെന്നുപെടാത്തേ?

(യൗസേപ്പ് ഇതികർത്തവ്യതാമൂഢനായിനിന്നു നട്ടം തിരിയുന്നു.)

സലോമി— ഈ നസ്രത്തിലെ സുന്ദരികളെന്നു സ്വയം കരുതുന്ന ഓരോ കന്യകമാരുടേയും പേരെടുത്തു ഞാൻ ചോദിക്കാം. താൻ നാണിക്കാതെ, കണ്ണുതുറന്നു എന്നെയൊന്നു നോക്കൂ. എന്നിട്ടു തുലനം ചെയ്തു പറയൂ ........, ആദ്യമായി ഞാനാണോ, തൻെറ മേരിയാണോ കൂടുതൽ സുന്ദരി?

യൗസേപ്പ്— അത്...

സലോമി— സത്യം പറയാൻ മടിക്കുന്നതെന്തിനാ?

യൗസേപ്പ്— അതു... മേരിയാണ്.

സലോമി— (ഞെട്ടിത്തെറിച്ച്) ഛീ!

(അറപ്പോടും വെറുപ്പോടും കൂടി അവരു യൗസേപ്പിനെ കണ്ണുമിഴിച്ചു നോക്കുന്നു.)

റാഹേൽ— അതുശരി. പഷ്ണീം പഞ്ഞോം പിടിച്ച് കീറിനാറിയ വേഷോം ധരിച്ച്, ഏങ്ങി വലിച്ചു നടക്കണെ തൻെറ കെട്ടിയോരക്കാണോടോ കൂടുതൽ സൗന്ദര്യം!

ഹോ! യഹോവായേ... ! ഇങ്ങനേം മനുഷ്യ
രുണ്ടോ! ശരി ശരി!

യൗസേപ്പ്— കൊച്ചമ്മേ .. ..

സലോമി— ഫൂ...! ഇറങ്ങെടോ പടിക്കുപുറത്ത്...
തൻെറ കൊശമ്മ!

യൗസേപ്പ്— ഞാൻ പട്ടിണിക്കാരനാണ്. പാവപ്പെട്ട
ഒരു തൊഴിലാളിയാണ്. എങ്കിലും എന്നെ പട്ടി
യെപ്പോലെ ഇങ്ങനെ ആട്ടിയിറക്കാൻ, ഞാനെന്തു
തെററു ചെയ്തു?

സലോമി— (ക്ഷോഭത്തോടെ) എന്ത്? താനെന്നെ
പഠിപ്പിക്കാൻ വരുന്നോ? ഫൂ ..! ഫൂ...! ഞാനാ
രെന്നു താൻ മനസ്സിലാക്കി? തനിക്കിപ്പോഠം
കാണണോ?

എടാ ലോത്തേ...ലോത്തേ...

റാഹേൽ— ആ പോത്തിൻെറ ചെവി, അല്ലേലും
കേക്കത്തില്ല.

(യൗസേപ്പിനോട്) എടോ താടിക്കാരാ, തനിക്കു
ഊരു വേണോങ്കിൽ, വേഗം തൻെറ കസേരേം
എടുത്തോണ്ടോടിക്കോ... ലോത്തു വന്നാൽ നല്ല
കുത്തു കിട്ടും, തൻെറ പള്ളക്കുതന്നെ. മനസ്സി
ലായോ?

(യൗസേപ്പു കസാലയുമെടുത്തുകൊണ്ട് നിരാ
ശനായി മടങ്ങുന്നു. സലോമി ബഹളിപിടിച്ച
മച്ചിപ്പശുവിനെപ്പോലെ നോക്കിക്കൊണ്ടുനിന്ന്,
അസഹ്യത കടിച്ചമർത്തുന്നു.)

സലോമി— അയാളുടെ തൊണ്ട കെട്ടിയവരാക്കാണത്രെ
കൂടുതൽ സൗന്ദര്യം! ഫൂ! ഞാൻ പറഞ്ഞാൽ
കുറച്ചു കൂടിപ്പോകും.

റാഹേൽ— അതു ശരി. അതിനു സലോമിക്കുഞ്ഞു നിന്നു വിയർക്കുന്നതെന്തിനാ ?

ശരി ശരി.. !അയാാം നോക്കുമ്പോാം ... ശരി ശരി!

സലോമി— (ഈർഷ്യാകലുഷിതയായി) മിണ്ടാതിരിക്കുന്നുണ്ടോ? ഒരു ശരിശരീംകൊണ്ടു നടക്കുന്നു!

റാഹേൽ— അയ്യോ! അങ്ങാടീൽ തോററാൽ അമ്മയോടെന്നു പറഞ്ഞതുപോലെയാണല്ലേ! കുഞ്ഞു എൻെറ നേരെയെന്തിനാ മെക്കിട്ടു കേറുന്നേ? ഞാൻ പറഞ്ഞല്ലോ കുഞ്ഞു സുന്ദരിയാണ്, മുന്തിരിയാണ് എന്നൊക്കെ.

പിന്നെ അവരോടും ഇവരോടും ചോദിച്ചാൽ അവരു നേരു പറയുവോ?

സലോമി— മതി പ്രസംഗിച്ചത്.

റാഹേൽ— (അനുനയ സ്വരത്തിൽ) ദേ ഇങ്ങു നോക്ക് സലോമിക്കുഞ്ഞു എൻെറ തേനല്ലേ മുന്തിരിയല്ലേ.

സലോമി— (അൽപം ശാന്തയായി) ഒന്നു മിണ്ടാതിരിക്കാൻ

റാഹേൽ— ശരി ശരി. പക്ഷെ പിണങ്ങിയാൽ എനിക്കു സങ്കടം വരും. ദേ ഇങ്ങു നോക്ക്

മുന്തിരിയാണേ, മുന്തിരിയാണേ, മുന്തിരിയാണേ നീ!
ലോകൈകറാണി മനോഹരാംഗി നീ!
ലോകൈകറാണി മനോഹരാംഗി നീ!

[അകലെ കുളമ്പടി ശബ്ദം. അൽപംകഴിഞ്ഞ് ആ പ്രാസാദത്തിൻെറ പടിക്കൽ ഒരു യാത്രാസംഘം വരുന്ന ആരവം. സലോമി ശ്രദ്ധിക്കുന്നു]

സലോമി — റാഹേലേ. നമ്മുടെ പടിക്കലെന്താണ് ഒരു വലിയ ആരവം? [ജനാലയുടെ കർട്ടനുയർത്തി പുറത്തേയ്ക്കു നോക്കുന്നു]

റാഹേൽ— (പുറത്തേക്കു നോക്കി അതിശയാനന്ദങ്ങളിൽ മുങ്ങിയും പൊങ്ങിയും) ആ തച്ചൻ വർക്കത്തൊള്ളവനാ! ദേ, ഭാഗ്യം വരുന്നതു കണ്ടോ...? ശരി. ശരി. ഒട്ടകോം ആളും വാളുമെല്ലാം ഉണ്ട്! ആ ജന്നൽകർട്ടൻ ഒന്നുകൂടി പൊക്കിനോക്കൂ.

സലോമി— ആ കഴുതപ്പൊറത്തു നിന്നിറങ്ങുന്നത്...

റാഹേൽ— അത് ബെത്ലേഹമിലുള്ള വല്യപ്പൻെറ മകളല്ലേ?

സലോമി— (ആനന്ദാവേശങ്ങളോടെ, കൈകൊട്ടിച്ചിരിച്ച്) അതേ...! അതെൻെറ ബെത്സബി തന്നെ? എൻെറ ഭാഗ്യം!

റാഹേൽ— ബഹുമിടുക്കിയായിരിക്കുന്നു! ശരിശരി. ഇനി സലോമിക്കുഞ്ഞിനു കുശാലായി!

സലോമി— നീയങ്ങു ചെന്നു ആ ബെത്സബിയെ ഇങ്ങു കൂട്ടിക്കൊണ്ടു വരൂ. വേഗം പോകൂ.

റാഹേൽ— ശരി ശരി. (പോകുന്നതിനിടയിൽ തിരിഞ്ഞുനിന്ന്) അവരുടെ സാമാനങ്ങളൊക്കെ?

സലോമി—എല്ലാം വേണ്ടതുപോലെ ചെയ്തോ...... ഞാനൊന്നുകൂടി ഒരുങ്ങട്ടെ. വേഗം പോകൂ.

റാഹേൽ— അതു ശരി. (അവരം ഓടിയകലുന്നു)

(സലോമി നിലക്കണ്ണാടിയുടെ മുൻപിൽ നിന്ന്, മുഖം തുടച്ചു, പൗഡറിട്ട്, വസ്ത്രങ്ങരം പിടിച്ചു നേരെയാക്കി, മൂളിപ്പാട്ടും പാടി തൻെറ പ്രതിഛായ കണ്ടു പുളകിതയാകവേ,

ബെത്സബി, ഇരുപതു വയസ്സു തോന്നിക്കുന്ന ഒരു തരുണീമണി, പതുങ്ങിപ്പതുങ്ങി

വന്നുകയറി സലോമിയുടെ കണ്ണു പൊത്തിപ്പി ടിക്കുന്നു.)

സലോമി— എൻെറ കണ്ണു പൊത്തിപ്പിടിച്ചതു ആരാ ണെന്നെനിക്കറിയാം.

ബെത്സബി— എന്നാൽ പറയൂ.

സലോമി— എൻെറ ബെത്സബിച്ചേച്ചി!

(അവർ പരസ്പരം ആലിംഗനം ചെയ്തു തുരുതുരെ ചുംബിക്കുന്നു)

ബെത്സബി— സലോമി! എന്നെ കെട്ടിപ്പിടിച്ചു ശ്വാസം മുട്ടിച്ചു കൊല്ലല്ലേ! (സലോമി പിടി വിടുന്നു. എങ്കിലും, കാണാതിരുന്നു കണ്ട ആത്മമിത്രങ്ങളെപ്പോലെ, അവർ വീണ്ടും ആശ്ലേഷബദ്ധരായി ബദ്ധമോദം ചുംബി ക്കുന്നു)

സലോമി— എൻെറ ബെത്സബിച്ചേച്ചി, ഞാൻ കണ്ണിലെണ്ണയൊഴിച്ചുകൊണ്ട് കാത്തുകാത്തിരി ക്കുകയായിരുന്നു. ഇപ്പഴെങ്കിലും ഒന്നു വരാൻ തോന്നിയല്ലോ! മോളെന്ത്യേ...? താമറിനെ കൊണ്ടുവന്നില്ലേ...?

ബെത്സബി— ഒണ്ട്. അവളു താഴത്തെ മുറിയിൽ കൊച്ചച്ചൻെറയടുത്തു കാണും.

സലോമി— ഇരിക്കു ചേച്ചി.

[അവർ രണ്ടുപേരും സെററിയിലിരുന്നു പര സ്പരം കണ്ണിമയ്ക്കാതെ നോക്കി, ആടയാഭരണ ളിൽ കണ്ണുവെയ്ക്കുന്നു]

ബെത്സബി— ഹോ...! രണ്ടു മൂന്നു മാസംകൊണ്ടു പെണ്ണങ്ങു വല്ലാതെ വളർന്നു ഒരു തടിച്ചിയായി പ്പോയി...! കണ്ടില്ലേ...!

[അവരം സലോമിയുടെ മാംസളമായ ശരീരത്തെ ഒന്നു അവലോകനം ചെയ്യുന്നു.]

സലോമി— ചേച്ചിയെ കണ്ടാലോ..? ഒന്നു പെററതാണെന്നു പറയുമോ?

ബെത്ʼസബി— അതിരിക്കട്ടെ. ഈ നെഞ്ചിത്രയും കാണിച്ചുകൊണ്ടു നടക്കുന്നതെന്തിനാ? പിന്നെ ചെറുപ്പക്കാരെ പഴിപറയേണ്ട വല്ല കാര്യവുമുണ്ടോ..?

സലോമി— ഹിഹിഹി... ഹിഹിഹി.. ഒന്നു പോ ചേച്ചി...!

ബെത്ʼസബി— പോരെങ്കിൽ ഈ രത്ʼനപ്പതക്കം! ഇതു എവിടെ കിട്ടി? ഏതു പുരുഷനും നിൻെറയീ വെട്ടിൽ വീണുപോകും! സലോമി നീയൊരു ഭാഗ്യവതിയാണ്ʼ!

[അവളെ ആപാദചൂഡം നോക്കി പുഞ്ചിരി പൊഴിക്കുന്നു]

സലോമി— ഓ! ചേച്ചിയിപ്പം എന്നെ കണ്ണുവെക്കൂല്ലോ..! കൊതിച്ചി..! ഇക്കണെക്കിന്ʼ ഞാൻ രക്ʼഷകൻെറ അമ്മയാകുമെങ്കിൽ ബെത്ʼസബി എന്തു പറയും?

ബെത്ʼസബി— ഹി ഹി ഹി ഹി ഹി (കുപ്പിവളകരം കിലുങ്ങുന്നതുപോലെ ബെത്ʼസബി നിർത്താതെ പൊട്ടിപ്പൊട്ടിച്ചിരിക്കുന്നു)

സലോമി— (മന്ʼദഹസിച്ചുകൊണ്ട്ʼ) എന്താ ചിരിക്കുന്നത്ʼ?

ബെത്ʼസബി— ചിരിച്ചുപോയതാ! സലോമി ഇതാരേയും കാണിച്ചില്ലേ?

സലോമി— എന്ത്ʼ?

ബെത്ʼസബി— ഈ സുഖക്കേട്ʼ.

ഈയിടെ യഹൂദ വനിതകരംക്കൊക്കെ ഇങ്ങനെ ഒരു സുഖക്കേടു പടർന്നു പിടിച്ചിട്ടുണ്ടെന്നു കേട്ടു. എനിക്കു രക്ഷകൻെറ അമ്മയാകണം എൻെറ ഉദരത്തിൽനിന്നു കർത്താവു ഉരുത്തിരിയണം എന്നൊക്കെ.

സലോമി— ഒന്നു പോ ചേച്ചി, എന്നെ കളിയാക്കാതെ. എന്താ, എനിക്കു രക്ഷകൻെറ അമ്മയാകാൻ പാടില്ലെന്നുണ്ടോ?

ബെത്സബി— പാടില്ലെന്നില്ല. പക്ഷെ നിറുകയിൽ നെല്ലിക്കാത്തളം വെച്ചാൽ ഇതു തീർത്തങ്ങു മാറും. ഹി ഹി ഹി ഹി. (അവരം വീണ്ടും പരിഹസിച്ചു ചിരിക്കുന്നു. സലോമിയുടെ മുഖം വാടുന്നു)

സലോമി— (പരിഭവിച്ചെഴുന്നേററ്) ബെത്സബീ.. എങ്കിലും എൻെറ ചേച്ചി, എന്നോടിങ്ങനെ പറയുമെന്നു ഞാൻ കരുതിയില്ല! എൻെറ അഭിലാഷങ്ങരം സാധിച്ചു കിട്ടുവാൻ, ചേച്ചികൂടി എന്നെ സഹായിക്കുമെന്നു ഞാൻ കരുതി .. പക്ഷേ ..

(അവളുടെ മനോവേദന മിഴിനീരായി ഒഴുകുന്നു)

ബെത്സബി— (അരികത്തുചെന്നു ആശ്വസിപ്പിക്കാനുദ്യമിച്ചുകൊണ്ട്) എൻെറ സലോമി...ശ്ശോ! നിനക്കുവേണ്ടി ഞാൻ എന്തു ചെയ്യണം? പറയൂ. നിൻെറ ഭാവി ഭാസുരമാക്കാനാണ് ബെത്ലേഹമിൽ വന്ന് എൻെറ കൂടെ താമസിക്കാൻ, നിന്നോടു ഞാൻ വീണ്ടും വീണ്ടും പറഞ്ഞത്. പക്ഷെ നീയതു കേരംക്കേണ്ടേ? പോകട്ടെ. രക്ഷകൻ പിറക്കാനിരിക്കുന്നതു എവിടെയാണെന്നു നിനക്കറിയാമോ? ഈ നസ്റേത്തിലല്ല!

സലോമി— (ഭൂതോദയമുണ്ടായതുപോലെ) പിന്നെ എവിടെയാ?

ബെത്സബി— ബെത്ലേഹമിൽ.

സലോമി— എന്ത്...! (പെട്ടെന്നു ബെത്സബിയെ പിടിച്ചു കുലുക്കിക്കൊണ്ട്) നേരാണോ ചേച്ചീ? നേരാണോ?

ബെത്സബി— നിന്നോടു ഞാൻ നുണ പറയുന്ന തെന്തിനാ? നമ്മുടെ രക്ഷകൻ ബെത്ലേഹമിൽ ജനിക്കുമെന്നാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. സംശയമുണ്ടെങ്കിൽ വിശുദ്ധ ഗ്രന്ഥമെടുത്തു നോക്കൂ.

സലോമി— (ഓർമ്മയുടെ താളുകൾ മറിച്ചുനോക്കി) അയ്യോ...! ശരിയണല്ലോ !

എന്നാൽ ബെത്സബി, ഞാനുംകൂടി ചേച്ചി യുടെ കൂടെ ബെത്ലേഹമിലേക്കു പോരട്ടെ...?

ബെത്സബി— നിനക്കു നല്ലകാലം വേണമെങ്കിൽ. നീ വരിക, കാണുക, കൈവശമാക്കുക.(അർത്ഥ ഗർഭമായി മന്ദഹാസം പൊഴിക്കുന്നു.)

സലോമി— കാണാനോ? ആരെ?

ബെത്സബി— നിനക്കുവേണ്ടി ഞാൻ കണ്ടുവെച്ചി രിക്കുന്ന ഒരു യുവകോമളനെ — രൂബനെ — നിൻെറ മനസ്സു മാററുന്ന പ്രേമരാജനെ! (വീണ്ടും മന്ദഹാസം)

സലോമി— ഛീ ... !

(അസഹ്യതയോടെ അങ്ങോട്ടുമിങ്ങോട്ടും പരക്കം പാഞ്ഞു നടന്നശേഷം, ഒടുവിൽ ഗത്യന്തരമില്ലാ തെ അവരം കരച്ചിലിനെ അഭയം പ്രാപിക്കുന്നു)

ബെത്സബി— (സലോമിയെ ആശ്വസിപ്പിച്ചു കൊണ്ട്)

എൻെറ സലോമി, നീ ഇത്രയ്ക്കൊരു ശുദ്ധ ഗതിക്കാരിയായിപോയല്ലോ ... !

കണ്ണീരൊഴുക്കാതെ. ശുദ്ധമണ്ടി ! !

ഇങ്ങോട്ടു നോക്കൂ. എൻെറ കൂടെ നീ ബെത്‌ലേഹമിൽ താമസിക്കുക. യഹോവാ തിരുമനസ്സായാൽ, നിൻെറ ഉദരത്തിൽത്തന്നെ രക്ഷകൻ ജനിക്കും. പേരെ ?

സലോമി— (സ്നേഹസംതൃപ്തികളോടെ) ബെത്സബീ !

ബെത്സബി— സലോമി, വാസ്തവത്തിൽ നീ വളരെ മിടുക്കിയായിട്ടുണ്ട്. ഇനി ഒരുത്തർക്കും നിന്നെ പിത്തക്കാടിയെന്നു വിളിക്കാൻ സാദ്ധ്യമല്ല. നിൻെറ കണ്ണിനും, കവിളിനും, വളർന്നിറങ്ങിയ ഈ കാർകൂന്തലിനും എന്തൊരു ഭംഗി... !

ഈ ഹെയർ സ്റ്റൈൽ കൊള്ളാം.

[അവരം സലോമിയുടെ പാറിക്കളിക്കുന്ന കുറുനിരകരം ഒതുക്കിവെച്ചശേഷം, തലമുടിത്തുമ്പെടുത്തു വാത്സല്യപൂർവ്വം തലോടി ഹെയർ സ്റ്റൈൽ പരിശോധിക്കുന്നു.]

സലോമി— (പുളകാങ്കിതയായി) റാഹേലേ ... ... റാഹേലേ...

റാഹേൽ— (പുറത്തെവിടെയോനിന്ന്) എന്തോ...

(അൽപം കഴിഞ്ഞു അവരം ഓടി വരുന്നു)

സലോമി— ബെത്സബീ, എന്നെപ്പററി ഈ നാട്ടുകാർ തന്നെ എന്താണു പറയുന്നതെന്നറിയാമോ? ഈ റാഹേലിനോടു ചോദിക്കൂ.

ബെത്സബി— എന്താണു റാഹേലേ ..?

റാഹേൽ— ശരി ശരി. ഈ നാട്ടുകാരൊണ്ടല്ലോ മഹാ പറത്തക്കാരാ! ഒരു പരദൂഷണക്കമ്മററിയുണ്ടി വിടെ. അവർക്കു സ്ഥിരം പരിപാടിയുമുണ്ട്.

സലോമി— നിൻെറ വിശദീകരണമൊന്നും വേണ്ട. നീ ആ പാട്ടൊന്നു പാടി കേൾപ്പിച്ചാൽ മതി. മനസ്സിലായോ?

(അവരം ബെത്സബിയുടെ ചെവിയിലെന്തോ മന്ത്രിച്ചശേഷം നാണം കുണുങ്ങി ചിരിക്കുന്നു)

റാഹേൽ— ഓ ! അതുശരി. (അവരം തയ്യാറെടുത്തു പാടുന്നു.)

മുന്തിരിയാണെ, മുന്തിരിയാണെ, മുന്തിരിയാണെ നീ
ലോകൈകറാണി, മനോഹരാംഗി നീ
ലോകൈകറാണി, മനോഹരാംഗി നീ
(മുന്തിരിയാണെ...)

സലോമി— (പാട്ടുകേട്ട്,പെട്ടെന്നു പ്രകമ്പിതയായി) വാ, ചേച്ചി, നമുക്കൊന്നു ഡാൻസു ചെയ്യാം.

(അവരം ബെത്സബിയെ പിടിച്ചു വലിച്ച് നൃത്തമാടാൻ തുടങ്ങുന്നു. നിർഭാഗ്യവശാൽ ബെത്സബിയുടെ കയ്യിലിരുന്ന മുടിത്തുമ്പു വിട്ടു പോകുന്നു. സലോമിയുടെ യഥാർത്ഥ മുടി മാത്രം തലയിൽ അവശേഷി ക്കുകയും, തൻമൂലം തിരികിയിരുന്ന തിരികിട താഴെവീണു നിലത്തു ഓടി നടക്കുകയും ചെയ്യുന്നു.)

സലോമി— (പുറകിൽ തപ്പിനോക്കി പരിഭ്രമത്തോടെ) അയ്യോ! എന്റെ മുടി...!

ബെത്സബി— അയ്യോ! വെപ്പുമുടിയായിരുന്നോ ! അതു വിട്ടുപോയി. ബാക്കിയുള്ളതു എലിവാലുപോലെ ഇരിക്കുന്നല്ലോ! കഷ്ടം ! !

റാഹേൽ— (കണ്ണടച്ചുപിടിച്ചു കുറെക്കൂടി ഉറക്കെ പാടുന്നു)

ലോകൈകറാണി മനോഹരാംഗി നീ

ലോകൈകറാണീ...

സലോമി— (ജളതയുടെ ചെളിയിൽ കുളിച്ച്, അപകർഷതാബോധം കുത്തിപ്പൊക്കിയ അടക്കാനാവാത്ത കോപത്തോടുകൂടി) ഛീ പിശാചേ... നിർത്തൂ.

(ബെത്സബി പൊട്ടിപ്പൊട്ടിച്ചിരിക്കുന്നു.)

യവനിക

## രംഗം രണ്ട്

[നസറേത്തു ഗ്രാമത്തിലുള്ള തച്ചനൗസേപ്പിൻെറ കൊച്ചുകുടിൽ.

അടച്ചുമറച്ചിരിക്കുന്ന ഏക മുറിയിൽ നവോഢയായ ഒരു സുരലോകസുന്ദരി—മേരി, ഏതോ തയ്യൽപ്പണിചെയ്തുകൊണ്ടിരിക്കുന്നു. കീറി ത്തയ്ച്ചതെങ്കിലും, അലക്കിവെളുപ്പിച്ച ശുഭ്ര വസ്ത്രമാണു ധരിച്ചിരിക്കുന്നത്. ആടയാഭരണങ്ങളുടെ മോടിയൊന്നുമില്ല. എങ്കിലും അവരം അഴകിൻെറ ആകെത്തുകയാണെന്നും, സർവ്വസൽഗുണ സമ്പൂർണ്ണയാണെന്നും, പ്രഥമ വീക്ഷണത്തിൽത്തന്നെ ആരും സമ്മതിച്ചുപോകും.

പരിസരങ്ങളിൽ പരിചരിച്ചു നില്ക്കുന്നു, ദൈവികതുല്യമായ വിനയവും, ആരേയും ഹഠാദാകർഷിക്കുന്ന അടുക്കും ചിട്ടയും!

മുറിയുടെ തെക്കുവശത്തുള്ള ചാർത്തിൽ നിന്നും, ആരോ ആശാരിപ്പണി ചെയ്യുന്ന തട്ടും മുട്ടും കേരംക്കാം. അൽപം കഴിഞ്ഞ് താടിക്കാരൻ യൗസേപ്പ് വിയർത്തൊലിച്ച്, മുറിയുടെ മുന്നിലുള്ള വരാന്തയിലേയ്ക്ക് വന്നു കയറുന്നു. കയ്യിൽ ഒരു അറപ്പു വാരം മേരി സാദരം എഴുന്നേൽക്കുന്നു]

യൗസേപ്പ്— മേരീ ..

മേരി— എന്തോ.

യൗസേപ്പ്— (ശാന്തനായി) ഇത്തിരി കുടിക്കാൻ തരൂ

മേരി— പച്ചവെള്ളമേയുള്ളൂ.

യൗസേപ്പ് — മതി. (നെററിയിലെ വിയർപ്പുവടിച്ചു കളയുന്നു)

(മേരി വേഗം പുറത്തിറങ്ങി, വിനയമുള്ള ഒരു വലിയ പാത്രത്തിൽ വെള്ളമെടുത്തുകൊണ്ടു വന്നു കൊടുക്കുന്നു. ആ പാവപ്പെട്ട തച്ചൻ ആ പച്ചവെള്ളം മുഴുവൻ ഉള്ളിലാക്കിയശേഷം, ആശ്വാസം നിറഞ്ഞ ഒരേമ്പക്കം വിടുന്നു)

യൗസേപ്പ് — (പാത്രം തിരിച്ചു കൊടുത്തശേഷം) മേരീ...

മേരി — എന്തോ.

യൗസേപ്പ് — ഞാൻ ഈ നസറേത്തു ഗ്രാമത്തിലെ എല്ലുമുറിയെ പണി എടുക്കുന്ന ഒരു തൊഴിലാളിയാണ്. എന്നിട്ടും കാണാൻ കൊള്ളാവുന്ന ഒരു കപ്പു വാങ്ങിക്കുവാനോ, നിനക്കുടുക്കാൻ ഒരു നല്ല വസ്ത്രം വാങ്ങിത്തരുവാനോ എനിക്കു സാധിക്കുന്നില്ല. നീ എപ്പോഴും കീറൽ തയ്ക്കുകയാണ്! കീറിയതു ധരിക്കുകയാണ്! ഞാനെങ്ങിനെ വേണമെങ്കിലും കഴിയാം... പക്ഷെ നിന്നെ...

മേരി — (മാധുര്യമേറിയ ഒരു പുഞ്ചിരി സമ്മാനിച്ചിട്ട്) നാഥാ... എനിക്കെല്ലാം ഉണ്ട്. എന്നെ ഓർത്തു അങ്ങു വിഷമിക്കേണ്ട.

യൗസേപ്പ് — (സമാശ്വാസിതനായി) കൊള്ളാം. ഉള്ളതുകൊണ്ടു നിനക്കു പൂർണ്ണ തൃപ്തിയാണ്. ആരെപ്പററിയും ഒന്നിനെപ്പററിയും നിനക്കൊരു പരാതിയുമില്ല! ഇല്ലാത്തതിനെപ്പററി ആവലാതിയുമില്ല! ഇതുതന്നെ, എന്നെപ്പോലെയുള്ളവർക്കു എന്തൊരാശ്വാസമാണ്! എങ്കിലും...

മേരി— ആകാശത്തിൽനിന്നു മന്നാ പെയ്യിച്ച് ഇസ്രായേൽ ജനത്തിനെ തീററിപ്പോററിയ യഹോവാ, നമുക്കൊന്നിനും മുട്ടുവരുത്തുകയില്ല. ദൈവം തരാത്തതായി നമുക്കെന്താണുള്ളത്?

യൗസേപ്പ്— വാസ്തവം! ശരീരത്തിനു വേണ്ട ആരോഗ്യം. മുടങ്ങാതെയുള്ള പണി. അന്നന്നു വേണ്ട ആഹാരം. തല ചായ്ക്കാനിടം! അതിനെല്ലാംപുറമെ വിലയ്ക്കു വാങ്ങാൻ പററാത്ത, മനസ്സിൻെറ സംതൃപ്തി! എല്ലാം നല്ലവനായ ദൈവത്തിൻെറ ദാനങ്ങൾതന്നെ.

നീ എന്താണീ തയ്ക്കുന്നത് ?

മേരി— ഒരു ബനിയൻ. അങ്ങേയ്ക്കാണ്.

യൗസേപ്പ്— അതെ. മേരിയുള്ളപ്പോൾ എനിക്കെല്ലാമുണ്ട്. ഒന്നിനും പഞ്ഞമില്ല. നീ എടുത്തുതരുന്ന പച്ചവെള്ളംപോലും, ഒന്നാന്തരം വീഞ്ഞിനെപ്പോലെ എനിക്കു ഉൻമേഷവും ഉത്സാഹവും പ്രദാനം ചെയ്യുന്നു!

മേരി— യഹോവായ്ക്കു സ്തുതി.

യൗസേപ്പ്— മേരി... ...

മേരി— എന്തോ.

യൗസേപ്പ്— മേരീ എന്ന നിൻെറ പേര്, എൻെറ നാവിലുദിക്കുന്ന ഓരോ നിമിഷവും, എൻെറ മനസ്സിൽ ആനന്ദം കുമിഞ്ഞുകൂടുന്നു!

മേരി— (ലജ്ജാവനമ്രയായി) അങ്ങേയ്ക്കെന്തു വേണം?

യൗസേപ്പ്— എൻെറ മേലങ്കിയിങ്ങു തരൂ.

ഞാനൊന്നു പുറത്തേക്കിറങ്ങുന്നു. ഇന്നാളുവിററ കസേരയുടെ വകയിൽ കുറച്ചു കാശുകൂടി

കിട്ടാനുണ്ട്. അതു കിട്ടിയിട്ടുവേണം ഇന്നു അത്താഴത്തിനു വല്ലതും വാങ്ങിക്കാൻ.

ഇതാ. ഇതു അകത്തേയ്ക്കു വച്ചേക്കൂ.

(യൗസേപ്പു കൊടുത്ത അറപ്പുവാൾ അകത്തു കൊണ്ടുചെന്നു വെച്ചിട്ട്, ഒരു വെളുത്ത തുവർത്തുകൊണ്ടുവന്ന്, മേരി യൗസേപ്പിന്റെ ശരീരത്തിലെ വിയർപ്പു മുഴുവൻ തുടച്ചു കൊടുക്കുന്നു. അതു കഴിഞ്ഞു മേലങ്കി എടുത്തു കൊണ്ടുവന്ന് യൗസേപ്പിനെ ധരിപ്പിക്കുന്നു)

യൗസേപ്പ്— മേരീ.

മേരി— എന്തോ.

യൗസേപ്പ്— ഞാൻ പോയിട്ടു വരട്ടെ. ഞാൻ പോകുന്ന കാര്യം സാധിച്ചുകിട്ടാൻ പ്രാർത്ഥിക്കണം. മറക്കരുത്. യഹോവാ വിചാരിച്ചാൽ നടക്കാത്ത കാര്യമൊന്നുമില്ല.

(മേരി തലകുലുക്കി സമ്മതിച്ച്, ഒരു പുഞ്ചിരിപ്പൂ സമ്മാനിച്ച്, ഭർത്താവിനെ പറഞ്ഞയയ്ക്കുന്നു. യൗസേപ്പു നടന്നകലുമ്പോൾ ഒരു നെടുനിശ്വാസം ആ സാധുവിനെ അനുഗമിക്കുന്നു. മേരി യൗസേപ്പിനെത്തന്നെ നോക്കി നിൽക്കുന്നു. അയാൾ മറഞ്ഞു കഴിയുമ്പോൾ അവൾ വാതിലടച്ചു ബന്ധിച്ചശേഷം, മുറിക്കുള്ളിൽ മുട്ടുകുത്തി, കൈകൾകൂപ്പി, കണ്ണുകളടച്ചു പ്രാർത്ഥനാനിരതയായി നിൽക്കുന്നു.)

മേരി— എന്റെ യഹോവായേ, എന്റെ കണവന്റെ കാലേൽ ഒരു മുള്ളുപോലും കൊള്ളിക്കല്ലേ. കിട്ടാനുള്ള പണം കിട്ടാൻ ഇടയാക്കേണമെ. ഞങ്ങളുടെ അന്നന്നെയപ്പത്തിനു മുട്ടുവരുത്ത

രുതേ. നല്ലവനായ യഹോവായേ, അങ്ങു നൽകി യിട്ടുള്ള എല്ലാ നൻമകൾക്കും ഞാൻ നന്ദി പറയുന്നു.

[ക്രമേണ മേരിയുടെ മനസ്സു മുഴുവൻ ദൈവചിന്തയിൽ മുഴുകുന്നു. അൽപം കഴിഞ്ഞ് ആ പാഴ്ക്കുടിലിൽ അലൗകികമായ ഒരു പ്രഭാ പൂരം പടർന്നുപിടിക്കുന്നു. ഭക്തിനിർഭരമായ ഏതോ സ്വർഗ്ഗീയ സംഗീതം ആ മുറിയിലേ യ്ക്കൊഴുകിയൊഴുകി വരുന്നു.

അൽപം കഴിഞ്ഞ്, മേരി മുട്ടുകുത്തി നിൽ ക്കുന്നതിനെതിരെ, ഓജസ്സുററ ഒരു സുഭ ഗൻെറ വേഷത്തിൽ, തേജസ്സുററ ഗബ്രിയേൽ ദൈവദൂതൻ പ്രത്യക്ഷനാകുന്നു.

പൊടുന്നനവേ സംഗീതം നിലയ്ക്കുന്നു. മധുരതരമായ ഒരു പുതിയഗാനം പൊഴിയുന്നു]

ഗബ്രിയേൽ— (Solemn Ave Maria ... പോലെ)

സ്വസ്തീ മരീ...യേ..., നന്മസം...പൂർണ്ണേ...!

നിന്നോടുകൂടെ... കർത്താവു,

നീ...സ്ത്രീകളിൽ ധന്യ!

സ്വസ്തി മരീ...യേ...!

മേരി— (ഒരു ഞെട്ടലോടെ കണ്ണുതുറന്ന്, അസാധാര ണമായ ഈ അഭിവാദ്യംകേട്ട് വല്ലാതെ പരിഭ്ര മിച്ച്) അയ്യോ! യഹോവായെ! ആരാണിത്...! വാതിലടഞ്ഞു കിടന്നിട്ടും അതു തുറക്കാതെ അകത്തു കടന്ന ഈ തേജ:പുഞ്ജം ആരാണ്?

ഗബ്രിയേൽ— മരിയേ, ഭവതി ഭയപ്പെടേണ്ട. ദൈവ മയച്ച ഗബ്രിയേൽ ദൂതനാണു ഞാൻ. ദൈവം മേരിയെ അനുഗ്രഹിച്ചിരിക്കുന്നു.

നോക്കൂ. ഭവതി ഗർഭം ധരിക്കുകയും, ഒരു കുമാരനെ പ്രസവിക്കുകയും ചെയ്യും.

ഉണ്ണിക്കു, ഈശോ എന്നു പേരിടണം. ഈ ശിശു ഒരു മഹാത്മാവാകും, അത്യുന്നതന്റെ പുത്രനെന്ന് അറിയപ്പെടുകയും ചെയ്യും.

മേരി-- (അസ്വസ്ഥചിത്തയായി) അയ്യോ! ഇതെങ്ങനെ എന്നിൽ സംഭവിക്കും...?

ഗബ്രിയേൽ— പരിശുദ്ധാത്മാവ് ഭവതിയിൽ ആവസിക്കും. അത്യുന്നതന്റെ ശക്തി അങ്ങിൽ നിഴലിക്കും. അങ്ങനെ ഭവതിയിൽനിന്നു ഒരു പരിശുദ്ധനായവൻ ജനിക്കും. ദൈവപുത്രനെന്നു വിളിക്കപ്പെടുകയും ചെയ്യും.

മേരി— (ചിന്താമഗ്നയായി എഴുന്നേൽക്കുന്നു)

ഗബ്രിയേൽ— സർവ്വശക്തനായ യഹോവായ്ക്ക് യാതൊരു കർമ്മവും പ്രയാസമുള്ളതല്ല. ഭവതിയുടെ ഇളയമ്മ ഏലീശാമ്മയെ ഓർക്കുന്നില്ലേ?

മേരി— പ്രായം ചെന്നിരിക്കുന്ന ആ ഇളയമ്മയെ കണ്ട നാളുകരം മറന്നു!

ഗബ്രിയേൽ— എല്ലാവരും മച്ചിയെന്നു വിളിച്ചിരുന്ന ആ വയസ്സിയും, ഇതാ ഗർഭവതിയായിരിക്കുന്നു.

മേരി— (അത്ഭുതസ്തബ്ധയായി) എന്ത്...!

ഗബ്രിയേൽ— അതെ. അവർക്കിതു ആറാം മാസമാണ്. ദൈവത്തിനു അസാദ്ധ്യമായി യാതൊന്നുമില്ല......!

മേരി— (ദൈവതിരുമനസ്സിനു പരിപൂർണ്ണമായി വഴങ്ങി, വിധേയപൂർവ്വം മുട്ടുകുത്തി, ഏററവും വിനീതമായി)

ഇതാ ...! കർത്താവിൻെറ ദാസി. അങ്ങയുടെ വാഗ്ദാനമനുസരിച്ച്, എന്നിൽ സംഭവിക്കട്ടെ! (അതേ നിമിഷത്തിൽ, ആരേയും നിർവൃതിയിലാഴ്ത്തുന്ന മധുരസാന്ദ്രമായ സ്വർഗ്ഗീയ സംഗീതത്തിൻെറ അലകൾ ആ മുറിയിൽ മുഖരിതമാകുന്നു. മേരി, മുകളീകൃതമായ പാണികളോടും അർദ്ധനിമീലിതങ്ങളായ നേത്രങ്ങളോടുംകൂടെ ഈശ്വരചിന്തയിൽ നിർലീനയായി നിൽക്കുന്നു.)

ഗബ്രിയേൽ — സ്വസ്തി ... മരി ... യേ ... ! നന്മ സംപൂർണ്ണേ

നിന്നോടുകൂടെ, കർത്താവു, നീ സ്ത്രീകളിൽ ധന്യ!

സ്വസ്തി മരിയേ ..!

ആ ഗാനത്തിൻെറ വീചികൾ അന്തരീക്ഷത്തിൽ അലിഞ്ഞു ചേരുന്നതോടെ, ഗബ്രിയേൽ ദൈവദൂതൻ അപ്രത്യക്ഷനാകുന്നു.

ആ കുടിലിലും കന്യകാമേരിയിലും അവർണ്ണനീയമായ ആനന്ദത്തിൻെറ പൊൻകതിരുകൾ നിറയുന്നു.

ഒരു പുതിയ രാഗം ഉണരുന്നു
ഒരു പുതിയ യുഗം പിറക്കുന്നു)

മന്ദം മന്ദം യവനിക വീഴുന്നു.

## രംഗം മൂന്ന്

(സമയം രാത്രി പത്തു മണി.

നസറേത്തിലെ തൻെറ കൊച്ചു കുടിലിൻെറ പുറത്തെ വരാന്തയിൽ, തച്ചനൗസേപ്പ് അസ്വസ്ഥചിത്തനായി ഉലാത്തുന്നു. വരാന്തയുടെ ഒരു മൂലയിൽ, കിടക്ക വിരിച്ചിരിക്കുന്ന ഒരു കട്ടിൽ.

അടച്ചു മറച്ചിരിക്കുന്ന മുറിയുടെ വാതിൽപ്പടിയിലിരുന്ന്, പ്രകാശമേകുന്ന ഒരു മെഴുകുതിരി മിഴിനീരൊഴുക്കി കരയുന്നു.

ആകാശം കാർമേഘപടലങ്ങൾകൊണ്ട് ആവൃതമാണ്. ചന്ദ്രനുണ്ടെങ്കിലും ചന്ദ്രികയില്ല! പ്രാചിയുടെ ദു:ഖോഷ്മളമായദീർഘനിശ്വാസം ഇടയ്ക്കിടയ്ക്കുവന്ന്, കത്തുന്ന മെഴുകുതിരിയെ കുത്തി ദ്രോഹിക്കുന്നു, എങ്കിലും അതു അണയുന്നില്ല! അതു അന്ധകാരത്തെ ചെറുത്തു നിന്നു സ്വയം ദഹിക്കുകയാണ്!!

ക്രമേണ യൗസേപ്പിൻെറ ശ്വാസോച്ഛ്വാസം ദ്രുതഗതിയിലാകുന്നു. ഹൃദയം പെരുമ്പറ മുഴക്കുന്നു. അസഹ്യതയുടെ കൂരിരുമ്പാണികൾ അയാളുടെ മസ്തിഷ്കത്തിൽതറഞ്ഞുകയറുന്നു

പരസ്പരവിരുദ്ധങ്ങളായ ചിന്താശരങ്ങൾ മനസ്സിലൂടെ മൂളിക്കൊണ്ടു പായുന്നു.)

യൗസേപ്പ്— (ശൂന്യാകാശത്തിലേയ്ക്കു നോക്കി) എൻെറ യഹോവായേ..., സഹിക്കാനാവാത്ത ഈ മനോവേദന, ഈ തച്ചനൗസേപ്പിന് നീ തന്നതെന്തുകൊണ്ട്...?

ഞാനെന്തു തെററുചെയ്തു...?
തെററു ചെയ്തതു മേരിയല്ലേ? അവരം അകത്തു കിടന്നു സുഖമായി ഉറങ്ങുന്നു...!
ഞാൻ ഞാൻ — പാതിരാവായിട്ടും, പുറത്തീ വരാന്തയിലിരുന്നു വലയുകയാണ്...!
(പെട്ടെന്നു ശബ്ദമുയർത്തി) യഹോവായേ ... നീ മേരിയെ കാണുന്നില്ലേ ? അവരം ഗർഭിണിയാണ് ! അതെ, വിരക്തനായ ഈ തച്ചനൗസേപ്പിൻെറ ഭാര്യ ഗർഭിണിയാണ്...!
(അസഹ്യതയോടെ പല്ലു ഞെരിക്കുന്നു)
യഹോവായേ, നീ എന്തിനു സ്ത്രീയെ സൃഷ്ടിച്ചു ..?
ലോകത്തിൽ വിശ്വസിക്കാൻ കൊള്ളരുതാത്ത ഒരു വർഗ്ഗമുണ്ടെങ്കിൽ അതു സ്ത്രീ വർഗ്ഗമാണ്..! സ്ത്രീ... ! ! !

പണ്ടു പറുദീസായിൽവെച്ച്, വിലക്കപ്പെട്ട കനി പറിച്ചു തീററിച്ച്, ആദത്തിനെ പിഴപ്പിച്ചത്, അങ്ങിനെ മനുഷ്യവർഗ്ഗത്തെ മുഴുവൻ അധഃപതിപ്പിച്ചത് ഒരു സ്ത്രീയാണ്.. !
പാപം ചെയ്യാൻ വിസമ്മതിച്ച നിർമ്മലനും നിഷ്ക്കളങ്കനുമായ പൂർവ്വയൗസേപ്പിനെ, ഭർത്താവിനോടു നുണപറഞ്ഞു ഫലിപ്പിച്ച്, ഫറവോൻെറ കാരാഗാരത്തിലടപ്പിച്ചത്, ഒരു സ്ത്രീയാണ്...!

ശക്തനായ സാംസൻെറ തല മുണ്ഡനം ചെയ്തു നിർവീര്യനാക്കി, അയാളെ ശത്രുക്കരംക്കു ഏൽപ്പിച്ചു കൊടുത്തതും ഒരു സ്ത്രീയാണ്...!സ്ത്രീ... ! ! !

പക്ഷെ.. മേരി! (യൗസേപ്പ് ഒന്നു ഞെട്ടുന്നു) എൻെറ ദേവി...! അയ്യോ! ഞാനെങ്ങനെ അവളെ അവിശ്വസിക്കും...?

(യൗസേപ്പു നമ്രശിരസ്കനായി നടന്നു വേദന കടിച്ചിറക്കുന്നു. അൽപം കഴിഞ്ഞ് മേരി വാതിൽ തുറക്കുന്നു. അവരം ഗർഭവതിയാണെന്നുള്ളതിൻെറ പ്രകടമായ ലക്ഷണങ്ങരം തുറിച്ചിരിക്കുന്നതു കാണാം.)

മേരി— അങ്ങെന്താണു ഉറങ്ങാത്തത്...?

[യൗസേപ്പു പതിവിലേറെ മേരിയെ സൂക്ഷിച്ചു നോക്കുന്നു. ക്രമേണ അയാളുടെ ഹൃദയം ശക്തിയായി തുടിക്കുന്നു. ഹൃദയവികാരങ്ങരം മൂർദ്ധന്യ ദശയിലെത്തുന്നു.]

മേരി— പതിവില്ലാതെ എന്നെ ഇത്ര സൂക്ഷിച്ചു നോക്കുന്നത്?

യൗസേപ്പ്— (നെററിത്തടത്തിൽ പൊടിച്ച വിയർപ്പു തുള്ളികരം വടിച്ചെറിഞ്ഞുകൊണ്ട്) ഇന്നലെ വരെ നീ എവിടെയായിരുന്നു...?

മേരി— എന്താണിങ്ങനെ ചോദിക്കുന്നത്...! ഞാൻ ചോദിച്ചുകൊണ്ടാണല്ലോ, എൻെറ ഇളയമ്മയുടെ വീട്ടിൽ പോയത്? ഞാനവിടെ മൂന്നുമാസം താമസിച്ചതും അങ്ങയുടെ അനുവാദത്തോടു കൂടിയല്ലേ...?

യൗസേപ്പ്— ശരി. ഇത്രയുംനാരം നീ ഏലീശ്വാമ്മയെ ശരിക്കും ശുശ്രൂഷിച്ചു. അല്ലേ...? എന്നിട്ടും വീണ്ടും വന്നിരിക്കുകയാണ്...! നീണ്ട മൂന്നു മാസങ്ങരംക്കുശേഷം ...! ശരി. പോയി ഉറങ്ങിക്കൊള്ളൂ.

മേരി— (കഥയറിയാതെ) അങ്ങു ഉറങ്ങുന്നില്ലേ... ? എന്താണൽപ്പം വല്ലാതെ നിൽക്കുന്നത്...? നേരം ഒത്തിരി ഇരുട്ടി. പതിവു പോലെ ഞാനിതാ പുറത്തു കട്ടിലിൽ കിടക്ക വിരിച്ചിട്ടുണ്ട്.

യൗസേപ്പ്— (സൗമ്യതയോടെ) ഞാനുറങ്ങിക്കൊള്ളാം നീ അകത്തുകയറി വാതിലടച്ചു കിടന്നുകൊള്ളൂ.

യൗസേപ്പ്— (കട്ടിലിൽ ചെന്നിരുന്നുകൊണ്ട്) ഉം...

[മേരി അനുസരണബുദ്ധ്യാ, അകത്തുകയറി വാതിലടക്കുന്നു. വാതിൽപ്പടിയിൽ കത്തിച്ചു വെച്ചിരുന്ന തിരിയും. വരാന്തയിൽ യൗസേപ്പും, വായുവിൽ ദീർഘനിശ്വാസങ്ങളും അവശേഷിക്കുന്നു]

യൗസേപ്പ്— (തലയ്ക്കു കൈ കൊടുത്തിരുന്ന്, വീണ്ടും വേദന കടിച്ചിറക്കുന്നു. വീണ്ടും മനസ്സിൽ സംഘട്ടനം)

മേരി, ... അവൾ സർവ്വഗുണ സമ്പൂർണ്ണയാണ്. എനിക്കറിയാൻ കഴിഞ്ഞിടത്തോളം അവളൊരു മാലാഖയാണ്. വെൺമയേറിയ ഒരു ലില്ലിപ്പൂ.! പക്ഷേ...

വസ്തുതകൾ കൺമുമ്പിലിരിക്കുമ്പോൾ എതിർവാദങ്ങൾക്കെന്തു സ്ഥാനം...?

അതെ...! ബ്രഹ്മചാരിയായ തച്ചനൗസേപ്പിന്റെ ഭാര്യ...മേരി...അവളിന്നു ഗർഭിണിയാണ്...! ! !

യഹോവായേ ...! മേരിയെ .. എന്റെ ഭാര്യയെ ... ഞാനെന്തു ചെയ്യണം...? എന്തു ചെയ്യണം... ?

[യൗസേപ്പു വിയർത്തൊലിക്കുന്നു. താടി വിറക്കുകയും കൂട്ടി അടിക്കുകയും ചെയ്യുന്നു. പെട്ടെന്നെഴുന്നേററ് പുറത്തേയ്ക്കു കണ്ണുമിഴി

ച്ചുനോക്കുന്നു. മനസ്സിൽ തീ! കണ്ണിൽ തീപ്പൊരി ! ! വാക്കിൽ ജ്വാലകൾ... ! ! !

യൗസേപ്പ്— എന്തു ചെയ്യണമെന്നോ... ? ? ?

അവളെ കല്ലെറിയണം...! മോശയുടെ കൽപന യനുസരിച്ച്, അവളെ പിടിച്ചുകെട്ടി കല്ലെറി യണം... ! പൂപോലത്തെ അവളുടെ ശരീരം, കഷണം കഷണമായി തെറിക്കണം... യൗവ്വനത്തി ളപ്പാർന്ന അവളുടെ രക്തം നാലുപാടും ചിതറ ണം ..! നസറേത്തിലെന്നല്ല, ഈ രാജ്യമൊട്ടാകെ യുള്ള ആബാലവൃദ്ധം ജനങ്ങൾ അവളെ ആർത്തുവിളിച്ചു അപഹസിക്കണം...!

വിരക്തനായ തച്ചനൗസേപ്പിനെ വഞ്ചിച്ച രാക്ഷസിയെന്ന്, ലോകം മുഴുവൻ അവളെ മുദ്രയടിക്കണം... അങ്ങിനെ എല്ലാം കാണുന്ന ദൈവത്തിൻെറ നീതിയനുസരിച്ച് അവൾ മരി ക്കണം...! ഇഞ്ചിഞ്ചായി മരിക്കണം...!

അയ്യോ! എൻെറ യഹോവായേ...! എൻെറ ഹൃദയഭാരം എനിക്കു താങ്ങുവാൻ വയ്യ ... എനിക്കു വയ്യ...! വയ്യാ...!

[യൗസേപ്പു കട്ടിലിലേക്കു തളർന്നു വീഴുന്നു. അൽപം കഴിഞ്ഞ് വീണ്ടും പിടഞ്ഞെഴുന്നേൽ ക്കുന്നു. മാനസികസംഘട്ടനത്തിൻെറ മറുവശ ത്തേക്കു കടക്കുന്നു.]

വേണ്ട...വേണ്ടാ... അവൾ മരിക്കേണ്ട. അവൾ ജീവിക്കട്ടെ! സുഖമായി ജീവിക്കട്ടെ...! സമാധാ നത്തോടെ ജീവിക്കട്ടെ... ! !

ഇന്നുവരെ ഒരു കറുത്ത വചനംപോലും അവ ളോടു ഉരിയാടാത്ത ഞാൻ ... ആർക്കുമാർക്കും യാതൊരു ദ്രോഹവും ചെയ്യാത്ത ഞാൻ... ഇന്നു

വരെ എന്നെ പരിചരിച്ചുവന്ന മേരിയെ, ദ്രോഹിക്കണമെന്നോ...!

വേണ്ട ... വേണ്ടാ ... ഞാൻ പൊയ്ക്കൊള്ളാം. (പൊട്ടിക്കരഞ്ഞുകൊണ്ട്) ഞാൻ പൊയ്ക്കൊള്ളാം... എവിടെ വേണമെങ്കിലും പൊയ്ക്കൊള്ളാം...നാടും വീടും വിട്ടു...എവിടെയെങ്കിലും പൊയ്ക്കൊള്ളാം.

അവരം ജീവിക്കട്ടെ...! അവളെയാരും അപഹസിക്കാതിരിക്കട്ടെ ..! കൂക്കുവിളിക്കാതിരിക്കട്ടെ...! കാരുണ്യവാനായ യഹോവാ, അവളെ കാത്തു രക്ഷിക്കട്ടെ...!

[അസഹ്യതയുടെ ഉമിത്തീയിൽ കിടന്ന് ഉരുകിയുരുകി ദഹിച്ചുകൊണ്ട്] പക്ഷേ ... ഞാൻ ... അവളെ... പരിത്യജിക്കുന്നു...! എന്നന്നേയ്ക്കുമായി...ഉപേക്ഷിക്കുന്നു...!ഉപ്പുതിന്നെങ്കിൽ... കണിശമായും അവരം വെള്ളവും കുടിക്കണം...

(താന്തനായി) എങ്കിലും ഞാൻ ... ? ഞാൻ ... ഇരുട്ടിലാണ്...!എൻെറ യഹോവായേ...എനിക്കിത്തിരി വെളിച്ചം തരേണമെ! ഞാൻ തകരുന്നു ... എനിക്കു വയ്യ ... ! എൻെറ ദേഹം തളരുന്നു ... കൈകാലുകരം കുഴയുന്നു ...! വയ്യ...! വയ്യ... ! എനിക്കു കിടക്കണം...!

[കടുത്ത വെയിൽകൊണ്ട് വാടിയൊടിഞ്ഞുപോയ വാഴപോലെ, പരിക്ഷീണനായ യൗസേപ്പ്, കട്ടിലിലേക്കു വീഴുന്നു. ആ കിടപ്പിൽ അയാളുടെ ചേതന മരവിക്കുന്നു. പെട്ടെന്നു ഭ്രാന്തനെപ്പോലെ പാഞ്ഞുവന്ന സമീരണൻ, കത്തിനിന്ന മെഴുകുതിരിയെ തല്ലിക്കെടുത്തിയിട്ടു പോകുന്നു.

ക്രമേണ കാർമേഘങ്ങളുടെ മറവിലെങ്ങോ മറഞ്ഞിരുന്ന അമൃതകിരണൻ പുറത്തേക്കു തല നീട്ടുന്നു. ആ വരാന്തയിൽ പാലൊളിച്ചന്ദ്രിക പരക്കുന്നു. എങ്ങുനിന്നോ ഓടിവന്ന ഒരു കുളിർ കാററ്, പാവം യൗസേപ്പിനെ തഴുകിത്തണുപ്പിച്ചു മയക്കുന്നു.

മെല്ലെ മെല്ലെ ഏതോ പൊൻകിനാവിൽ അദ്ദേഹം ലയിക്കുന്നു. നിരാശ കടിച്ചു തുപ്പിയിരുന്ന മുഖത്ത് ആശയുടെ നിഴൽ വീശുന്നു. അലൗകികമായ ആനന്ദത്തിൻേറയും, വലിയ ഒരു ആശ്വാസത്തിൻെറയും, വെള്ളിമുത്തുകൾ, അടഞ്ഞ മിഴികളുടെ അടിയിൽ തോരണം തൂക്കുന്നു.

അൽപം കഴിഞ്ഞു ആ വരാന്തയിൽ വഴിഞ്ഞൊഴുകുന്നു, ഏതോ അദൃശ്യകരങ്ങളുതിർക്കുന്ന മന്ദ്രമധുരമായ സ്വർഗ്ഗീയ സംഗീതം...!

സംഗീതം പെട്ടെന്നു നിലയ്ക്കവേ, യൗസേപ്പു ഞെട്ടുന്നു. മിഴികൾ തുറക്കുന്നു.

യൗസേപ്പ്— യഹോവായേ...! ഞാനീ കാണുന്നതു സ്വപ്നമോ...? യാഥാർത്ഥ്യമോ...? ഈ പ്രഭാപൂരം പരത്തി ഇറങ്ങിവരുന്നതാര് ...? ഒരു സ്വർഗ്ഗദൂതനോ...!

(യൗസേപ്പു മിഴിച്ചു നോക്കിയ മൂലയിലൂടെ ഒരു വലിയ പ്രഭാപൂരം അരിച്ചരിച്ചു വന്ന്, ആ വരാന്തയെ മുഴുവൻ വലയം ചെയ്യുന്നു. മന്ദം മന്ദം ഒരു സ്വർഗ്ഗദൂതൻ, ആ പ്രഭാപൂരത്തിനുള്ളിൽനിന്നും, ഇറങ്ങി വരുന്നു)

സ്വർഗ്ഗദൂതൻ— ദാവീദിൻെറ പുത്രനായ യൗസേപ്പേ, അങ്ങയുടെ ഭാര്യയായ മേരിയെ കൈക്കൊള്ളുവാൻ അങ്ങു ശങ്കിക്കേണ്ടതില്ല.

അവരം ഗർഭം ധരിച്ചത്, പരിശുദ്ധാത്മാവിനാലാണ്, കന്യാത്വത്തിനു ഭംഗം വരാതെയാണ്, സർവ്വശക്തൻെറ വല്ലഭത്താലാണ്.

അവരം ഒരു പുത്രനെ പ്രസവിക്കും. അങ്ങ് ആ ഉണ്ണിയെ ഈശോ എന്നു പേർ വിളിക്കണം. എന്തെന്നാൽ അവൻ സ്വജനങ്ങളെ അവരുടെ പാപങ്ങളിൽ നിന്നു മോചിക്കും.

[ഉണർന്നുകിടന്ന യൗസേപ്പിനെ പുഞ്ചിരിപ്പൂമാലയണിയിച്ചശേഷം, സ്വർഗ്ഗദൂതൻ തിരോധാനം ചെയ്യുന്നു. നിമിഷങ്ങളോളം പഴയ സ്വർഗ്ഗീയ സംഗീതവും പുതിയ പ്രഭാപൂരവും ഒത്തൊരുമിച്ചു വരാന്തയിൽ നൃത്തമാടുന്നു.

എല്ലാം ശാന്തമൂകമാകവേ, യൗസേപ്പ് ചാടിയെഴുന്നേററ്, മിഴികരം തിരുമ്മി സ്വർഗ്ഗദൂതൻ നിന്നിരുന്ന ഭാഗത്തേക്കു തുറിച്ചുനോക്കി, താൻ കണ്ട സ്വപ്നം അയവിറക്കുന്നു.]

യൗസേപ്പ്— (ആനന്ദാതിരേകത്താൽ മതിമറന്ന്, മന്ദഹാസം പൊഴിച്ചുകൊണ്ട്) എൻെറ മേരി... അവരം ഗർഭം ധരിച്ചത് പരിശുദ്ധാത്മാവിൻെറ ശക്തിമൂലമാണ്...! അവരം നിർമ്മലയാണ്...! കന്യകയാണ് ...! രക്ഷകൻെറ അമ്മയാണ്.. ! (എന്തോ അനുസ്മരിക്കുന്നു)

യൗസേപ്പ്— (പിടികിട്ടിയ മട്ടിൽ) ഇതാ ഒരു കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും എന്നു പ്രവാചകൻ പണ്ടു പറഞ്ഞിട്ടുണ്ട്...! ശരിയാണ്. യഹൂദൻമാർക്കെല്ലാം അതു നല്ല

ഓർമ്മയുണ്ട്. പക്ഷെ ... വെപ്രാളത്തിനിടയ്ക്ക്, വിഭ്രാന്തിയുടെ മദ്ധ്യേ, വിഡ്ഢിയായ ഞാനതു മറന്നുപോയി...! കഷ്ടം! തെററിദ്ധാരണകൾ നിമിത്തം എത്രയോ നല്ല കുടുംബങ്ങൾ തകരുന്നു... (സ്വർഗ്ഗത്തിലേയ്ക്കു കണ്ണുകളുയർത്തി)

എൻെറ യഹോവായേ ...! അങ്ങേയ്ക്കു സ്തുതി...! അങ്ങേയ്ക്കു സ്തോത്രം ! !

(വാതില്ക്കലേക്കു നോക്കി) പാവം മേരി. അവളുറങ്ങുകയാണ്!

[യൗസേപ്പ് പതുക്കെ വാതിൽ തുറക്കുന്നു. നിലാവെളിച്ചം അകത്തേക്കു കയറുന്നു. ഒരു പഴമ്പായിൽ ചുരുണ്ടുകൂടി, ഒരു ചോദ്യ ചിഹ്നം പോലെ കിടക്കുന്ന തൻെറ സാധു ഭാര്യയെ, യൗസേപ്പു ഒരു നിമിഷം നോക്കിക്കൊണ്ടു നിൽക്കുന്നു.]

യൗസേപ്പ്— [അൽപം കഴിഞ്ഞു പതറുന്ന സ്വരത്തോടെ] മേരീ...ഭാഗ്യവതിയായ നിന്നെ ഞാൻ തെററിദ്ധരിച്ചു. എനിക്കു മാപ്പു തരൂ ... ഞാനൊരു കൂലിവേലക്കാരനാണ്. ഒച്ച കേൾപ്പിക്കാൻ മാത്രമറിയാവുന്ന ഒരു തച്ചനാണ്. അറിയാതെ ചെയ്തുപോയ തെററിനു എനിക്കു മാപ്പുതരൂ.

യഹോവാ തിരഞ്ഞെടുത്ത നീ അനുഗ്രഹീതയാണ്...!

നിൻെറ ഉദരത്തിൻ ഫലവും അനുഗ്രഹീതനാകുന്നു.. !

അങ്ങിനെ, യഹോവായേ...! ബലഹീനനായ എന്നേയും നീ ഭാഗ്യവാനാക്കി.!മഹാഭാഗ്യവാൻ.! പക്ഷെ ഈ രഹസ്യം ഞാനാർക്കും പങ്കുവെക്കുകയില്ല. അങ്ങേയ്ക്കു സ്തുതി! അങ്ങേയ്ക്കു സ്തോത്രം ! !

(സുഖനിദ്രയിലാണ്ടു കഴിയുന്ന മേരി ഉണരുന്നില്ല. യൗസേപ്പു വാതിൽ ബന്ധിച്ചശേഷം വരാന്തയിൽ വന്നു കിടന്നു, സ്വർഗ്ഗീയ ശാന്തി നുകർന്നു, നിദ്രയെ പുണരുന്നു)

യവനിക

## രംഗം നാല്

[ആദ്യത്തെ [ക്രിസ്സ്മസ്സിൻെറ തലേ ദിവസം. സന്ധ്യ കഴിഞ്ഞ സമയം. ബെത്ലേഹമിലുള്ള ബെത്സബിയുടെ രമ്യഹർമ്മ്യം.

ബെത്സബി, യഹൂദരുടെ കലാപാടവം വഴിഞ്ഞൊഴുകുന്ന ഒരു വലിയ സെററിയിൽ കാലും നീട്ടിയിരിക്കുന്നു. അവളുടെ അലസമായ ഇരിപ്പും,വലുതായ വയറും,വിരസമായ മട്ടും,അവരം പൂർണ്ണ ഗർഭിണിയാണെന്നുള്ളതിന്, മതിയായ സാക്ഷ്യം വഹിക്കുന്നു.

അവളുടെ നേരെ എതിരേ, ഒരു ഓട്ടോമനിൽ അണ്ടികളഞ്ഞ അണ്ണാനെപ്പോലെ ചിന്താമഗ്നയായി വിരാജിക്കുന്നതു സലോമിയാണ്. താരുണ്യം തിങ്ങി വിങ്ങുന്ന ആ മുന്തിരി, അൽപംകൂടി ഉരുണ്ടിട്ടുണ്ട്, പഴുത്തു പാകമായിട്ടുണ്ട്. എങ്കിലും ശശാങ്കനിലെ കളങ്കംപോലെ, അവളുടെ വദനാംബുജത്തിൽ, നിരാശയാണ് നിഴൽ വിരിച്ചിരിക്കുന്നത്.]

ബെത്സബി— (ഒരു നെടുനിശ്വാസം കൊണ്ട്, വിമൂകതയുടെ തിരശ്ശീല പിടിച്ചുയർത്തി) സലോമി...!

സലോമി— (ശിരസ്സുയർത്താതെ) ങും ?

ബെത്സബി— ഈ ബെത്ലേഹമിൽ നീ താമസിക്കാൻ തുടങ്ങിയിട്ട് മാസങ്ങരംതന്നെ കഴിഞ്ഞു. ഇനിയെങ്കിലും നീ ഞാൻ പറയുന്നതു കേരംക്കുമോ?

സലോമി— എന്താണ്?

ബെത്ത്സബി— രക്ഷകൻ ജനിക്കുകയോ ജനിക്കാതിരിക്കുകയോ ചെയ്യട്ടെ. അതോർത്തു തല പുണ്ണാക്കാതെ ആ രൂബനെ വിവാഹം ചെയ്യാൻ നീ ഇനിയെങ്കിലും സമ്മതിക്കണം. നിൻെറ പ്രായത്തിലുള്ള പെമ്പിളേളരെല്ലാം (തൻെറ നിറവയറു ചൂണ്ടിക്കാട്ടി) അമ്മയായിക്കഴിഞ്ഞു. നിനക്കതിനുള്ള ഭാഗ്യം...?

സലോമി— ഒന്നു ചുമ്മാതിരിക്കെൻെറ ബെത്ത്സബീ. എനിക്കാരേയും വിവാഹവും കഴിക്കേണ്ട. ആ ഭാഗ്യവും വേണ്ട.

ഞാൻ അമ്മയാകുന്നെങ്കിൽ രക്ഷകൻെറ അമ്മയാകും. അല്ലെങ്കിൽ ...

ബെത്ത്സബി— നീ ഇങ്ങനെ ജീവിതം പാഴാക്കുമോ? സലോമി...!

സലോമി— എന്താ...?

ബെത്ത്സബി— ദേ ഇങ്ങു നോക്കൂ.

ആ രൂബനുണ്ടല്ലോ, അവൻ എല്ലാംകൊണ്ടും നിനക്കു ചേരും. നല്ല കുടുംബം. നല്ല സ്വഭാവം. നല്ല ആരോഗ്യം. കാണാനും ബഹുസുഭഗൻ!

സലോമി— ഭർത്താവിൻെറ സ്വന്തക്കാരനല്ലേ? ഓശാന പാടിക്കോ.

ബെത്ത്സബി— നീ എന്നെ തെററിദ്ധരിക്കുകയാണോ?

സലോമി— എന്തിന്...?

ബെത്ത്സബി— നോക്കൂ. പതിനായിരക്കണക്കിനു ആടുകളുടേയും, ആയിരക്കണക്കിനു ഒട്ടകങ്ങളുടേയും, നൂറുകണക്കിനു കഴുതകളുടേയും, ആണ്ടോടാണ്ടു ചിലവുകഴിഞ്ഞു മിച്ചം വെക്കാൻ മാത്രമുള്ള ഗോതമ്പും, ഒലീവെണ്ണയും, വീഞ്ഞും

ലഭിക്കുന്ന വയലുകളുടേയും, മുന്തിരിത്തോപ്പു കളുടേയും, ഏക അവകാശിയാണു രൂബൻ.. !

അവരുടെ നിലവറയിൽ അത്തിപ്പഴവും, ഈന്ത പ്പഴവും, ഇല്ലാത്ത കാലമില്ല...!

അതിഥികളുടെ കാലുകഴുകുവാൻ, അവരുടെ പടിക്കൽ വെച്ചിരിക്കുന്ന കൽഭരണികളിൽ വെള്ളം കോരി നിറയ്ക്കുന്നതിനു തന്നെ നാല ഞ്ചു വേലക്കാരുണ്ട്. പിന്നെ ബാക്കിയുള്ള കാര്യം പറയണമോ?

സലോമി— ഈ ഓശാന പാടലൊന്നു നിർത്താമോ?

ബെത്സബി— നീ എന്നെ തെററിദ്ധരിക്കാതെ. ആ രൂബൻ ഇന്നിവിടെ വരും. നിനക്കു സമ്മതമാ ണെങ്കിൽ...

സലോമി— (ഈർഷ്യാകലുഷിതയായി) ചേച്ചിക്കു എന്നെയിവിടെ താമസിപ്പിക്കാൻ ഇഷ്ടമില്ലെ ങ്കിൽ, അക്കാര്യം പറയൂ. ഞാനീ ബെത്ലേഹമിൽ നിന്നു നസ്രത്തിലേക്കു തിരിച്ചു പൊയ്ക്കൊ ള്ളാം. പോരെ...?

ബെത്സബി— (കിഞ്ചി) എൻെറ സലോമി, നീ അങ്ങിനെ പറയാതെ. നീ എൻെറ ജീവനല്ലേ...? നിൻെറ ജീവിതം സാർത്ഥകവും, സൗഭാഗ്യ സമ്പൂർണ്ണവുമാകുവാൻ വേണ്ടി മാത്രമാണ്...

സലോമി— ചേച്ചിക്കറിയാമോ? ഇസയാസ് ദീർഘ ദർശി പ്രവചിച്ചിട്ടുണ്ട്, 'ഒരു കന്യക ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും, അവൻെറ പേർ ഇമ്മാനുവേൽ എന്നായിരിക്കും' എന്ന്.

അങ്ങിനെ ലോകരക്ഷകൻ ഒരു കന്യകയിൽ നിന്നാണു പിറക്കാനിരിക്കുന്നതെങ്കിൽ, ഞാൻ വിവാഹിതയായാൽ...?

DHARMARAM COLLEGE LIBRARY
BANGALORE-29.

ബെത്‌സബി— എടീ പൊട്ടീ, നീ അക്കാര്യം കളയൂ. രക്ഷകൻ എന്നു ജനിക്കുമെന്നു നിനക്കറിയാമോ...? ഞാനും നീയുമെല്ലാം അതിനുമുമ്പു മരിച്ചുപോയാലോ...?

പുലരിയാകാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ, ഇസ്രായേൽ ജനം കർത്താവിൻെറ വരവിനെ കാത്തിരിക്കാൻ തുടങ്ങിയിട്ടു കാലം കുറെയായി. അങ്ങിനെ രക്ഷകനെ കാത്തുകാത്തിരുന്ന എത്രയോ പേർ മൺമറഞ്ഞു കഴിഞ്ഞു? അതും പോരാ, നിന്നിൽനിന്നാണു രക്ഷകൻ ജനിക്കാൻ പോകുന്നതെന്ന് നീ എങ്ങിനെ അറിഞ്ഞു...?

സലോമി— [ഉത്തരംമുട്ടിയ സലോമി ഉത്തരം നോക്കിയിരിക്കുന്നു] ഞാൻ എന്തു ചെയ്യണം...? ചേച്ചി പറയൂ. (ഒരു നെടുനിശ്വാസം വിടുന്നു)

ബെത്‌സബി— നീ ഞാൻ പറയുന്നതു കേൾക്കണം. അർഹിക്കുന്നതു ലഭിക്കാൻ ആഗ്രഹിക്കണം. യോജിക്കുന്നതു സ്വീകരിക്കണം. രൂബൻെറ ഗുണഗണങ്ങൾ നീ മനസ്സിലാക്കണം. നിനക്കു പാട്ടു ഇഷ്ടമല്ലേ-- ?

സലോമി— അതിന്...?

ബെത്‌സബി— സുന്ദരനായ ഒരു ഗായകൻ കൂടിയാണവൻ. കുഴലും വീണയും വായിക്കും. തപ്പും തകിലും കൊട്ടും. അവൻ പാടാൻ തുടങ്ങിയാൽ നീ അറിയാതെ ആടാൻ തുടങ്ങും...! നിങ്ങൾ തമ്മിൽ എന്തു ചേർച്ചയായിരിക്കുമെന്നോ...! സലോമി...

സലോമി— എന്തോ. (അവളുടെ ഹൃദയചാഞ്ചല്യം മുഖത്തു ദൃശ്യമാകുന്നു)

ബെത്സബി— ഏതു പെണ്ണും കൊതിക്കുന്ന തണ്ടും തൻേറടവും, പണവും, പ്രതാപവും, കഴിവും മിഴിവുമുള്ള അവനെ ഭർത്താവായി ലഭിച്ചാൽ നീ ഭാഗ്യവതിയായിരിക്കും.

അതുകൊണ്ട് നീ അവനെപ്പററി ഓർക്കുക. നിൻെറയീ അണിവിരലിൽ അവനൊരു മോതിര മണിയിക്കുന്നതായി നീ സങ്കൽപിക്കുക.

സലോമി— (പകുതി മനസ്സോടെ) എനിക്കുവയ്യ.

ബെത്സബി— അവനെ കാണുന്നനിമിഷം നീയിതു മറിച്ചു പറയും...! അതു പോകട്ടെ. ഒരു കാര്യം എനിക്കുവേണ്ടി നീ ചെയ്യുമോ...?

സലോമി— പറയൂ. ചേച്ചിക്കുവേണ്ടി ഞാനെന്തു ത്യാഗം ചെയ്യണം...?

ബെത്സബി— അവനിവിടെ വരുമ്പോഠം, രൂബനെ കാണുകയുമില്ല, സംസാരിക്കുകയുമില്ല, എന്ന നിൻെറ പഴയ ദുർവാശി പിടിക്കരുത്. അവ നെതിരായി നീ ഒന്നും ശബ്ദിക്കരുത്. സമ്മ തിച്ചോ...?

സലോമി— ചേച്ചിക്കുവേണ്ടി... ശരി.

ബെത്സബി— അതിനു ചേച്ചിയുടെ ഒരുമ്മ മുൻ കൂർ സമ്മാനം...! (അവഠം സലോമിയെ ആലിം ഗനം ചെയ്തു ചുംബിക്കുന്നു)

[അതിനിടയിൽ, അകത്തേ മുറിയിൽനിന്നും ഒരു പെൺകുട്ടിയുടെ കരച്ചിൽ. അവളുടെ ഇംഗിതം നടക്കാൻ അവഠം, മോങ്ങുകയാണ്]

പെൺകുട്ടി— ങുഹൂ...ഉ... അമ്മച്ചീ...അമ്മച്ചീ...

ബെത്സബി— എന്താ മോളേ..? താമാർ..., എൻെറ മോളിങ്ങു വരൂ...

[അൽപം കഴിഞ്ഞു താമാർ മൂന്നര വയസ്സുള്ള ഒരു കൊച്ചു മിടുക്കി കിണുങ്ങിയും ചിണുങ്ങിയും ഓടിവരുന്നു. പുറകെ റാഹേലും. താമാർ അടിയുടുപ്പു മാത്രമേ ധരിച്ചിട്ടുള്ളൂ. റാഹേൽ ധരിപ്പിക്കുന്ന വസ്ത്രം അവൾ വലിച്ചെറിയുന്നു.]

ബെത്സബി— (അമ്മച്ചിയുടെ മടിയിൽ അലച്ചു വീണ്, മടിയിൽ കയറിയിരുന്ന്, തന്റെ അധികാരം സ്ഥാപിച്ചു കിട്ടാൻ കിണുങ്ങുന്ന താമാറിനെ ബദ്ധപ്പെട്ടു മാററി നിർത്തിക്കൊണ്ട്) അയ്യോ! അമ്മച്ചിയുടെ മടിയിലിരിക്കല്ലേ. ദേ ഏളേമ്മയുടെ അടുത്തു ചെല്ല്. അമ്മച്ചിയുടെ വയററില്...!

താമാർ— (അമ്മച്ചിയുടെ ബുദ്ധിമുട്ടു കണ്ടു പരിഭ്രമിച്ചു കരച്ചിൽ നിർത്തി) എന്താ അമ്മച്ചീടെ വയററില്...!

ബെത്സബി— മോളുടെ അനിയനാ...

താമാർ— (അമ്മച്ചിയുടെ വലിയ വയറ് തടവി നോക്കുന്നു)

താമാർ— അനിയൻ അമ്മച്ചീടെ വയററിലിരിച്ചണതു എന്തിനാ ?

ബെത്സബി— (ചിരിയടക്കി)അവനു കുളിർന്നിട്ടാ. മോൾക്കു തണുക്കുന്നില്ലേ .. ആ ഉടുപ്പിടൂ.

താമാർ— അനിയനോടു പൊറത്തേച്ചു വരാം പറ അമ്മച്ചി. ഞാം ഉടുപ്പിടീച്ചു കൊടുച്ചാം.

റാഹേൽ— അതു ശരി! അമ്മച്ചി പറയാത്ത ഒരു കുററമേയുള്ളൂ...!

സലോമി— താമാർ, മോളിങ്ങു പോരൂ...

(അവഠം ചിരിച്ചുകൊണ്ടു താമാറിനെ എടുത്തു മടിയിലിരുത്തി ചുംബിക്കുന്നു. ജിജ്ഞാസാഭരിതയായ താമാർ, സലോമിയുടെ പരന്നയുദരം തടവിയും ഞെക്കിയും തൻെറ അമ്മച്ചിയുടേതുമായി താരതമ്യപ്പെടുത്തിയും പരിശോധിച്ചു നോക്കുന്നു)

താമാർ— എളേമ്മേടെ വയററിലെന്താ അനിയനിരിച്ചാത്തെ ..? എന്തമ്മച്ചി ...?

ബെതസബി— അക്കാര്യം ചോദിക്കുകയായിരുന്നു മോളേ ? പക്ഷെ എളേമ്മ സമ്മതിക്കേണ്ടേ...?

താമാർ— എന്താ എളേമ്മേ സമ്മതിച്ചാത്തെ...?

സലോമി— അയ്യോ, ഈ കൊച്ചിനു എന്തൊക്കെ അറിയണം.. ?

(വിഷയം മാററിക്കൊണ്ട്) ആകട്ടെ. മോളെന്തിനാ നിലവിളിച്ചത്?

താമാർ— ങേ ?

റാഹേൽ— ആ കുഞ്ഞിനു മുറി മാറിക്കിടന്നിട്ടു ഉറക്കം വരുന്നില്ല. അവഠംക്കു ആടണം പാടണം.

താമാർ— (പെട്ടെന്നു ഓർമ്മിച്ച്) എളേമ്മേ, റാകേല് ചീത്തയാ. എനിക്കു നല്ല ഉടുപ്പു തന്നില്ല.

സലോമി— അതിനാണോ മോളു കരഞ്ഞത്. ആകട്ടെ, എളേമ്മ ചോദിക്കാം. എടീ റാഹേലേ, താമാറിൻെറ നല്ല ഉടുപ്പിങ്ങു എടുത്തു കൊണ്ടുവരൂ.

റാഹേൽ— ശരി ശരി. ഇപ്പം കൊണ്ടുവരാം.

(റാഹേൽ അകത്തേക്കു പോകുമ്പോഠം, താമാർ കൈ കൊട്ടിച്ചിരിച്ചു ആഹ്ളാദോന്മത്തയാകുന്നു.)

ബെതസബി— (റാഹേൽ കൊണ്ടുവന്ന കഞ്ചുകം നോക്കി) ഓഹോ! ഇതാണോ ഉടുപ്പ്! ഇതു നീ

ഡാൻസു ചെയ്യുമ്പോഠം ധരിക്കുന്നതല്ലേ...? ഇതെന്തിനാ ഇപ്പോഠം ?

താമാർ— എനിച്ചു വേണം. (അവഠം ശക്തി ലഭിച്ച വളെപ്പോലെ ഓടിച്ചെന്ന്, ആ ഉടുപ്പു തട്ടിപ്പറി ച്ചെടുക്കുന്നു)

സലോമി— ആകട്ടെ. ഈ ഉടുപ്പിടീക്കാം. താമാറിനു ഒരു നല്ല ഡാൻസു ചെയ്യാമോ...?

താമാർ— (തല കുലുക്കി, നിഷ്ക്കളങ്കമായി) ആം. എളേമ്മച്ചു പാടാമോ ..?

സലോമി— പാടാം. (അവഠം താമാറിനെ ആ കഞ്ചുകം ധരിപ്പിക്കുന്നു)

റാഹേൽ— ശരി ശരി! ഇവിടെ ആടാനും പാടാനും, എല്ലാവർക്കും സന്തോഷം വിളമ്പാനും, യഹോവാ ഉന്തിത്തള്ളിവിട്ടതാ, ഈ മാലാഖാക്കുഞ്ഞിനെയി ങ്ങോട്ട്...! അല്ലേ ? അതു ശരി...

ബെത്സബി— എല്ലാം ശരി. നീയവിടെ മിണ്ടാതെ നിൽക്കൂ.

മോളേ, താമാർ, മോളിന്നൊരു നല്ല ഡാൻസു ചെയ്യണം ... എന്താണെന്നോ, ഇന്നു ഇളയമ്മയുടെ പകുതി മനസ്സു സമ്മതം കഴിഞ്ഞിരിക്കുക യാണ്. (കള്ളക്കണ്ണിട്ടു നോക്കി പുഞ്ചിരി പൊ ഴിക്കുന്നു)

താമാർ— (അതിൻെറ അർത്ഥം മനസ്സിലാകാതെ പൂപ്പുഞ്ചിരി തൂകിക്കൊണ്ട്) അമ്മച്ചി പാടുവോ...?

ബെത്സബി— പാടാം. പാടടി സലോമി.

[അവർ ഒരു ഗാനമാലപിക്കുകയും, താമാർ അവളുടെ കഴിവിനനുസൃതമായി നൃത്തം ചെയ്യു കയും ചെയ്യുന്നു]

നൃത്തം കഴിയുമ്പോൾ മററുള്ളവർ കയ്യടിച്ച് 'ഭേഷ് ഭേഷ്' എന്നു പറയുകയും, താമാർ പുഞ്ചിരിപുരണ്ട നാണത്തോടുകൂടി ഓടിച്ചെന്ന് തൻെറ അമ്മച്ചിയുടെ കഴുത്തിൽ കെട്ടിപ്പിടിക്കുകയും, ബെത്സബി ആനന്ദാതിരേകത്തോടെ അവൾക്കു ഉമ്മകൊടുത്ത് ആശ്ളേഷിക്കുകയും ചെയ്യുന്നു.

പെട്ടെന്ന് വാതിൽക്കൽ ആരോ മുട്ടുന്ന ശബ്ദം]

പുറത്ത്— [ഒരു ദീനസ്വരം] കൊച്ചമ്മേ. വീട്ടുകാരേ.

ബെത്സബി— ആരാ അത്...? റാഹേലേ... വാതിൽ തുറന്നു കൊടുക്കു

(റാഹേൽ വാതിൽ തുറക്കുന്നു. അടുത്ത നിമിഷം പരിഭ്രാന്തനായ യൗസേപ്പ് അകത്തു കടക്കുന്നു)

യൗസേപ്പ്— (ദയനീയത സ്ഫുരിക്കുന്ന മട്ടിൽ) എൻെറ കൊച്ചമ്മമാരേ..., ദൈവത്തെ ഓർത്തു ഈ രാത്രി കഴിക്കാൻ ഒരിടം തരണേ... എൻെറ ഭാര്യ പ്രസവിക്കാറായിരിക്കുന്നു...!

സലോമി— ഛെടാ ! അതിനു ഞങ്ങളെന്തുവേണം.?

റാഹേൽ— ഞങ്ങളെന്നാ വയററാട്ടിമാരാണോ...?അതു ശരി!

സലോമി— (യൗസേപ്പിനെ സൂക്ഷിച്ചു നോക്കി) എടോ താടിക്കാരാ, താനല്ലേ നസറേത്തിലെ തച്ചനൗസേപ്പ്...?

യൗസേപ്പ്— അതേയ്...

സലോമി— എടാ മാരണമെ! താനിവിടെയുംവന്നോ!

റാഹേൽ— അതു ശരി. ഇനി നമ്മൾ ജറീക്കോയ്ക്കു പോയാൽ, ഇയാൾ അവിടെയും വരും. എങ്കിലും യഹോവായേ... ഇങ്ങനേം മനിക്ഷേരൊണ്ടല്ലോ!

യൗസേപ്പ്— (ബെത്സബിയെ പ്രതീക്ഷാനിർഭരമായ അക്ഷികളോടെ നോക്കുന്നു) എൻെറ പൊന്നു കൊച്ചമ്മമാരേ, ഈ പാവത്തിനെ ഒന്നു സഹായിക്കണേ. പൂർണ്ണ ഗർഭിണിയായ എൻെറ ഭാര്യയ്ക്കു കിടക്കാൻ, ഒരു ശകലം സ്ഥലം തന്നാൽ മതി.

ബെത്സബി— എടോ... ഈ ബെത്ലേഹം എന്നു പറയുന്നത്, ദാവീദിൻെറ നഗരമായ ജൂദായാണ്. അഗസ്ററസ് സീസറിൻെറ കല്പനയനുസരിച്ച് കാനേഷുമാരിക്കണക്കെടുക്കുന്ന സമയമാണിത്. തനിക്കറിയാമോ?

യൗസേപ്പ്— അറിയാമേ.

ബെത്സബി— പേരുകൾ രജിസ്റററിലെഴുതിക്കാൻ, ദാവീദു വംശജരെല്ലാം വാലുവാലേ വന്നു ഇവിടം മുഴുവൻ നിറഞ്ഞിരിക്കുന്നതു താൻ കണ്ടോ?

റാഹേൽ— അല്ലേ! ഇരണ്ട ഇളകണ മാതിരി, മനിക്ഷേരു വന്നു വന്നു ഇപ്പം വട്ടിയിലും കൊട്ടയിലും കൊള്ളാത്ത പരുവത്തിലായിരിക്കുകയല്ലേ...!

ബെത്സബി— ഇവിടെയാണേൽ, രണ്ടും മൂന്നും പേർ ഇപ്പോൾ ഒരു മുറിയിലാണു കഴിയുന്നത്. (കണ്ണും മിഴിച്ചിരിക്കുന്ന താമാറിനെ നോക്കി) എൻെറ കൊച്ചിനു മുറിമാറിയിട്ടു ഉറക്കംപോലും വരുന്നില്ല. അതുകൊണ്ട് ഇവിടെയെങ്ങും ഒരു സ്ഥലവുമില്ല. താൻ പോയി വേറെ വല്ലയിടത്തും അന്വേഷിക്കൂ. വേഗം പോ...

യൗസേപ്പ്— (ദയനീയമായി) എൻെറ പൊന്നു കൊച്ചമ്മേ..., അങ്ങിനെ പറയല്ലെ. സത്രം,

വീടും, എല്ലാം ആളുകളെക്കൊണ്ടു നിറഞ്ഞു കഴിഞ്ഞു. ഞങ്ങളൊരു നൂറു വീട്ടു പടിക്കൽ മുട്ടി അപേക്ഷിച്ചു. എല്ലാവരും ഈ അഗതികളുടെ നേരെ വാതിലു കൊട്ടി അടച്ചു. ഇനി അന്വേഷിക്കാൻ ഈ ബെതഌലേഹമിൽ ഒരിടവുമില്ല...!

എൻെറ പൊന്നു കൊച്ചമ്മേ, യഹോവായെ ഓർത്തു എവിടെയെങ്കിലും ഒരു മൂല ഞങ്ങൾക്കു തന്നു രക്ഷിക്കണേ. അവൾക്കു പ്രസവ സമയം അടുത്തിരിക്കുന്നു.. !

സലോമി— ഛെ...! ഇതെന്തൊരു നാശമെടാപ്പാ...! താൻ എവിടെയാന്നാ പോയി തൂങ്ങെടോ മനുഷ്യാ. വലിഞ്ഞു കയറി വന്നിരിക്കുന്നു, ഈ തിരുസന്ധ്യയ്ക്ക് ബാക്കിയുള്ളവരുടെ സൈ്വരം കെടുത്താൻ !

ബെത്സബി— (തൻെറ വലുതായ വയർ താങ്ങിപ്പിടിച്ചുകൊണ്ട്) സലോമി നീ ഗർഭം ധരിച്ചിട്ടില്ല. അതുകൊണ്ട് പ്രസവവേദന എന്തെന്നു നിനക്കറിഞ്ഞുകൂടാ.

റാഹേൽ— അതൊണ്ടല്ലോ. ഒരു മുക്കാലും ശരിയാ.

ബെത്സബി— നീ പോടി..(പെട്ടെന്നു ശാന്തയായി) യൗസേപ്പെ.

യൗസേപ്പ്— ഓ. (ആ പരിഭ്രാന്തൻെറ നേത്രങ്ങളിൽ ആശകൾ പൂവിടന്നു)

ബെത്സബി— നിങ്ങൾക്കു പററിയ ഒരു സ്ഥലവുമില്ലിവിടെ. പിന്നെ ദേ ആ തെക്കു പടിഞ്ഞാറു വശത്തു കാണുന്ന ഞങ്ങളുടെ കാലിത്തൊഴുത്തില്ലേ ..? അവിടെ ഒരു പശുവിനെക്കൂടി കെട്ടാനുള്ള സ്ഥലം കണ്ടേക്കും. വേണമെങ്കിൽ,

താനവിടംവരെ ചെന്നു ഒന്നു നോക്കൂ. നിങ്ങറം കാലിത്തൊഴുത്തിൽ കിടക്കാൻ ഞാനെങ്ങനെ പറയും? എനിക്കതു സാദ്ധ്യമല്ല. മനസ്സി ലായോ?

യൗസേപ്പ്— എൻെറ പൊന്നു കൊച്ചമ്മേ, പെരുത്തു പെരുത്തുപകാരം. ഒരു കാലിത്തൊഴുത്തിലെങ്കി ലും ഒരു ശകലം സ്ഥലം കിട്ടുമല്ലോ.! മതി...! എൻെറ യഹോവായേ നിനക്കു സ്തുതി...!

എന്നാൽ ഞാനിങ്ങു നിൽക്കട്ടെ. (ആ സാധു ഓടി മറയുന്നു)

ബെതസബി— എടോ യൗസേപ്പേ, താനിങ്ങുവന്നേ.

(യൗസേപ്പു വേഗം തിരിച്ചു വരുന്നു)

ബെതസബി— (ജിജ്ഞാസയോടെ) നിങ്ങളെന്തിനാ ഇവിടെ വന്നത്...?

യൗസേപ്പ്— രജിസ്ററററിൽ പേരെഴുതിക്കാൻ.

സലോമി— (അത്ഭുതപരതന്ത്രയായി) അപ്പോറം തൻെറ ഗോത്രം...?

യൗസേപ്പ്— ഞാൻ ദാവീദു വംശജനാണ്...!

സലോമി— ങ്ങാഹാ...!

യൗസേപ്പ്— അതേയ്. കൊച്ചമ്മേ, പോകട്ടെ? മേരി അവിടെ തനിച്ചിരിക്കുന്നു. (യൗസേപ്പു ശീഘ്രം നിഷ്ക്രമിക്കുന്നു)

റാഹേൽ— അതു ശരി..! സലോമിക്കുഞ്ഞേ, ആ താടിക്കാരൻ തച്ചൻ ആഷാഢഭൂതിയാ. കളളനു കഞ്ഞിവെച്ചവനാ...! ശരി ശരി...!

സലോമി— (സംശയദൃഷ്ട്യാ നോക്കിയ ബെതസ ബിയോട്) ശരിയാണു ബെതസബി. നുണയേ അയാറം പറയത്തൊളളൂ...!

അയാാം വിരക്തനാണ്, മേരി കന്യകയാണ്, എന്നൊക്കെ അയാരം അന്നു പറഞ്ഞതാ! പിന്നെ ഇപ്പോരം അയാളിവിടെ ഓടി വന്നതെന്തിനാ...? അല്ല അതെങ്ങനെ സംഭവിച്ചു...?

ബെത്സബി— ഞാനെങ്ങിനെയാ അറിയുന്നത്...? യഹോവായ്ക്കറിയാം.

(സെററിയിലിരുന്നു ഉറക്കം തൂങ്ങുന്ന താമാറിനെ കണ്ട്) ആ തച്ചനിവിടെ കാലുകുത്തിയപ്പോഴേ ഭാഗ്യം തെളിഞ്ഞു. എൻെറ മോരം ഉറങ്ങാൻ തുടങ്ങി. (തുറന്നു കിടന്ന വ തിലിലൂടെ നോക്കി) അല്ല! നിൻേറയും ഭാഗ്യം തെളിഞ്ഞു.

സലോമി— (അൽപം അരിശത്തോടെ) കാരണം...?

ബെത്സബി— ദേ അങ്ങോട്ടു നോക്കൂ. ആ വരുന്ന യുവകോമളൻ ആരാണെന്നറിഞ്ഞോ...! അതാണു രൂബൻ...!

[രൂബനെ കണ്ട മാത്രയിൽ സലോമിയുടെ കപോലഫലകങ്ങളിൽ, നാണം ലാക്ക്മെ പുരട്ടുന്നു. പൂർണ്ണേന്ദുവിനെ ദർശിച്ച വെള്ളാമ്പൽ മുകുളംപോലെ, അവളുടെ മനോമുകുരം മെല്ലെ മെല്ലെ പ്രഫുല്ലമാകുന്നു. ബെത്സബിയുടെ വർണ്ണനയിലൂടെ സലോമിയുടെ ഭാവനയിലുദിച്ച യുവത്തിടമ്പ് സാക്ഷാൽക്കാരം പൂണ്ട്, അടിവെച്ചടിവെച്ചു നടന്നടുക്കവേ, അവരം അറിയാതെ പുളകംപൂണ്ട് എഴുന്നേററുപോകുന്നു]

ബെത്സബി— ഹായ്...! രൂബൻ വരൂ. മിടുക്കൻ! നീ വാക്കു പാലിക്കുന്നവൻ തന്നെ. ഇരിക്കൂ...

രൂബൻ— (പുഞ്ചിരിപ്പൂ വിതറിക്കൊണ്ട്, സലോമി ഇരുന്നിരുന്ന ഓട്ടോമനിൽ ഇരിക്കുന്നു.) പിററമ്മയ്ക്കും മററും സുഖമല്ലേ...?

ബെത്സബി— അതെ.

രൂബൻ— താമാർ ഉറങ്ങിപ്പോയല്ലോ...!

ബെത്സബി— എടീ റാഹേലേ, നീ ഈ കൊച്ചിനെ എടുത്തു കൊണ്ടു പോകൂ.

റാഹേൽ— ശരി ശരി. (അവരം കുഞ്ഞിനെയെടുത്തു കൊണ്ടു അപ്രത്യക്ഷയാകുന്നു)

ബെത്സബി— ഞങ്ങരം രൂബനെ കാത്തിരിക്കുകയായിരുന്നു ..! നീ പട്ടണത്തിൽനിന്നും വരികയായിരിക്കും, ഇല്ലേ...? അച്ചായൻ ഓഫീസിലുണ്ടായിരുന്നു. കണ്ടോ ..?

രൂബൻ— ഇല്ല ചിററമ്മേ.

[അവൻെറ മിഴി വണ്ടുകരം, നേരേ മുമ്പിൽ വിടർന്നു വിലസുന്ന സലോമിക്കുസുമത്തിനു ചുററും വട്ടമിട്ടു പറക്കുന്നു. കോമളകളേബരനായ രൂബനെ സൂത്രത്തിലൊന്നു കടാക്ഷിച്ച ശേഷം, സലോമി ലജ്ജാവനമ്രമുഖിയായി നിന്ന് മനപ്പായസം കുടിക്കുന്നു. പ്രഥമ വീക്ഷണത്തിൽത്തന്നെ അവർ പരസ്പരം ആകൃഷ്ടരായി എന്നു ബെത്സബി അനുമാനിക്കുന്നു]

രൂബൻ— (സലോമിയെ നോക്കി) ഈ നക്ഷത്രത്തെ മനസ്സിലായില്ലല്ലോ!

ബെത്സബി— ഇതാണു നിൻെറ ഭാഗ്യ നക്ഷത്രം. നമ്മുടെ സലോമി. ഞാനൊരിക്കൽ പറഞ്ഞില്ലേ? നീ അവളെ കണ്ടു കാണും. ഓർക്കാഞ്ഞിട്ടാ.

രൂബൻ— സലോമി. നല്ല പേര്.! എന്നെ കണ്ടതായി ഓർക്കുന്നുണ്ടോ...?

സലോമി— ഇല്ല.

ബെത്സബി— എന്നാൽ ഇനി ഓർക്കേണ്ടതായി വരും. ഇല്ലേ രൂബൻ...?

[നിമിഷനേരത്തേയ്ക്ക് അവരുടെ നടുവിലേയ്ക്ക് വിമൂകത കടന്നു വന്ന്, അവരുടെ മാനസവീഥിയിലൂടെ പുതുസ്വപ്നങ്ങളുടെ പൂക്കുടയുമേന്തി സഞ്ചരിക്കുന്നു]

ബെത്സബി— (സലോമിയുടെ തോളിൽ സ്പർശിച്ച് മൗനം ഭഞ്ജിച്ചുകൊണ്ട്) രൂബൻ, നിനക്കു മുന്തിരി ഇഷ്ടമല്ലേ...?

രൂബൻ— ചിററമ്മയ്ക്കതറിഞ്ഞുകൂടെ...? മുന്തിരിയെന്നുവെച്ചാൽ എൻെറ ജീവനാ. എവിടെ? കൊണ്ടുവരൂ.

ബെത്സബി— (പുഞ്ചിരി തൂകി) ദേ, ഇവിടെ. (സലോമിയുടെ താടി പിടിച്ചുയർത്തി) നീ ഇങ്ങു നോക്കൂ. നിനക്കു ഈ മുന്തിരിയെ ഇഷ്ടമാണോ...?

രൂബൻ— മുന്തിരി ...... ! ! ! (അടക്കത്തിൽ) നല്ല മുന്തിരി...!

[രൂബൻ തിരിഞ്ഞു നോക്കുകയും, നാലു കണ്ണുകൾ ഏക കാലത്തു തിളങ്ങുകയും, രണ്ടു ഹൃദയങ്ങൾ ശക്തിയായി തുടിക്കുകയും, ബെത്സബിയുടെ കൈപിടിച്ചു മാററിയശേഷം സലോമി നാണം കുണുങ്ങി മാറിനിന്ന്, വലതു കാലിൻെറ പെരുവിരൽകൊണ്ട് നിലത്തു എന്തോ വരയ്ക്കുകയും ചെയ്യുന്നു]

ബെത്സബി— (പുഞ്ചിരി പൊഴിക്കുന്ന രൂബനെ നോക്കി) ങ്ഹാ...! ഇഷ്ടമായെങ്കിൽ വേഗം ഒരു മോതിരം പണിയിച്ചുകൊള്ളൂ. കേട്ടോ.. ? മററു കാര്യങ്ങൾ ഞാനേററു.

സലോമി— (പരിപൂർണ്ണ സമ്മതമില്ലാതെ) ഈ ചേച്ചിയെന്താണീപ്പറയുന്നത്…! ! (അവൾ ഒരു കള്ളനോട്ടം നോക്കുന്നു)

രൂബൻ— ചിററമ്മയ്ക്കു അങ്ങിനെയൊരു ഗുണമുണ്ട്. എപ്പോഴും വെട്ടൊന്ന്, കഷണം രണ്ട്.

(അവൻ രണ്ടുപേരേയും മാറി മാറി നോക്കി മന്ദഹസിക്കുന്നു.)

സലോമി— (വിളിച്ചു വരുത്തിയ ഒരിഷ്ടക്കുറവു തെളിച്ചു കാണിച്ചുകൊണ്ട്) ചേച്ചീ , വരാനിരിക്കുന്ന രക്ഷകനു വേണ്ടി… ഞാൻ കാത്തിരിക്കും…!

ബെതസ്സബി— (രക്ഷകൻെറ അമ്മയാകാനുള്ള സലോമിയുടെ മനസ്സിൻെറ പകുതിയും, അവൾ രൂബനു കൊടുത്തു കഴിഞ്ഞു എന്നു മനസ്സിലാക്കിയ മട്ടിൽ) നീ പോടീ കള്ളീ അവിടുന്ന്. ഹി ഹി ഹി … ഹി ഹി ഹി ..

രൂബൻ— ഹാ ഹാ ഹാ ഹാ … (ബെതസ്സബിയും രൂബനും ചിരിക്കുന്നു)

[ബെതസ്സബി സലോമിയുടെ നുണക്കുഴിയിൽ മൃദുവായി ഒന്നു നുള്ളുന്നു. അതിനിടയിൽ സ്വയം വിസ്മൃതിയിലാണ്ടു പോയ രൂബൻ, തൻെറ മുന്നിൽ നിൽക്കുന്ന മുന്തിരിയെ മിഴികൾകൊണ്ടു നുകരുന്നു. അതു കണ്ടു പിടിച്ച സലോമിയുടെ പൂമേനിയിൽ പുളകം പൂക്കൾ വിതറുന്നു.]

രൂബൻ— ലഹരി പിടിപ്പിക്കുന്ന ഈ മുന്തിരിയുടെ കാര്യം, ഞാൻ ചിററമ്മയോടു പിന്നീടു പറയാം. പോരേ?

ബെത്സബി— എന്തിനാ പിന്നീടാക്കുന്നത്? വരൂ നമുക്കപ്പുറത്തേയ്ക്കുപോകാം. നിൻെറ മുന്തിരി ഇവിടെ നിന്നോട്ടെ.

സലോമി— ഒന്നു പോ ചേച്ചി...

[സലോമിയെ തൻെറ സ്വപ്ന വീഥിയിൽ തനിച്ചു വിട്ടിട്ട്, രൂബനേയും വിളിച്ചുകൊണ്ട് ബെത്സബി അകത്തേ മുറിയിലേക്കു ചിരിച്ചു കൊണ്ടു പോകുന്നു]

യവനിക

## രംഗം അഞ്ച്

[രാത്രി പത്തു മണിയായിക്കാണും. ബെതലേഹം കുന്നിലുള്ള ഒരു അത്തിവൃക്ഷച്ചുവട്ടിൽ പൂർണ്ണ ഗർഭിണിയായ മേരി വാടിത്തളർന്നിരിക്കുന്നു,

ചുററുപാടും, ഒട്ടകങ്ങളുടേയും, കഴുതകളുടേയും, യാത്ര ചെയ്തു ക്ഷീണിതരായ അനേകമാളുകളുടേയും ആരവം.

അൽപം കഴിഞ്ഞു യൗസേപ്പു ഓടിക്കിതച്ചു വരുന്നു]

യൗസേപ്പ്— മേരി, വരൂ... നമുക്കു പോകാം.

മേരി— എങ്ങോട്ട്...?

യൗസേപ്പ്— ദേ, ആ കാണുന്ന കാലിത്തൊഴുത്തി ലേയ്ക്ക്. നിനക്കു നടക്കാമോ?

മേരി— (വയ്യെങ്കിലും സമ്മതിക്കുന്നു) ഉം.

യൗസേപ്പ്— എന്നാൽ എഴുന്നേൽക്കൂ.

[മേരി എഴുന്നേൽക്കാൻ പണിപ്പെടുന്നു. യൗസേപ്പു അടുത്തുചെന്ന് തൻെറ സഹധർമ്മി ണിയെ താങ്ങി എഴുന്നേൽപ്പിക്കുന്നു.]

മേരി— (വിവശയായി) നാഥാ.. !

യൗസേപ്പ്— മേരി, അയ്യോ..! നീ അവശതയിലായി.! നമുക്കു പതുക്കെ നടക്കാം. എൻെറ തോളത്തു പിടിച്ചു കൊള്ളൂ.

[മേരി അതീവ താന്തയായി മന്ദം മന്ദം നട ക്കുന്നു. അവളെ താങ്ങിക്കൊണ്ട്, തകർന്ന ഹൃദയ ത്തോടും വിവർണ്ണമായ വദനത്തോടുംകൂടി, യൗസേപ്പു പാർശ്വത്തിലും.

യൗസേപ്പിൻെറ മനോമുകുരത്തിൽ ചിന്തകൾ ചിറകുവിരിച്ചു പറക്കുന്നു.]

യൗസേപ്പ്— (ചിന്തയിൽ)

യൗസേപ്പേ, നീ...വേലക്കാരനാണ്... പാവപ്പെട്ട ഒരു തൊഴിലാളിയാണ്...പട്ടിണിക്കാരനാണ്... പരദേശിയാണ്...

തലയൊന്നു ചായ്ക്കുവാൻ, വെറുമൊരന്തി കഴിക്കുവാൻ, പൂർണ്ണ ഗർഭിണിയായ നിൻെറ സഹധർമ്മിണിക്കു പ്രസവിക്കുവാൻ, കനിവററ ലോകം നിനക്കു നൽകുന്നത്, ഒരു കാലിത്തൊ ഴുത്തു മാത്രം...!

പക്ഷെ...യൗസേപ്പെ, നീയാണ് സമ്പന്നൻ...! നീയാണു ഭാഗ്യവാൻ...! നീയാണു ധന്യൻ...!

മണി മാളികകളിലും, രാജ സദനങ്ങളിലും സകല സമ്പത്തുകളും നാണിച്ചു നിൽക്കെ..., പണവും പ്രതാപവും അപകർഷതയിലാണ്ടു മരവിച്ചു നിൽക്കെ..., കർത്താവിൻെറ വരവും കാത്ത് രാജാക്കൻമാരും പ്രഭുക്കൻമാരും ആററു നോററിരിക്കെ..., സർവ്വത്തിൻേറയും നാഥനും സർവ്വശക്തനുമായ ദൈവം, പാവപ്പെട്ട തൊഴിലാളിയായ നിൻെറ വളർത്തുമകനായി, ഇന്നു കാലിത്തൊഴിത്തിൽ ജനിക്കും...!

പോകൂ... പോകൂ ... ധൈര്യമായിരിക്കൂ...! നീയാണു ധന്യൻ . !

(യൗസേപ്പു, തൻെറ നെററിത്തടത്തിൽ പൊടിച്ച വിയർപ്പുകണങ്ങളെ വടിച്ചു കളയുന്നു. മേരി തൻെറ അതിയായ ക്ഷീണം കണവനെ കാണിക്കാതിരിക്കുവാൻ കിണഞ്ഞു ശ്രമിക്കുന്നു. അതിനിടയിൽ ഒരു മന്ദമാരുതൻ വന്ന്, ആ പഥികരെ ആശ്ളേഷിച്ചാശ്വസിപ്പിക്കുന്നു)

യൗസേപ്പ്— ദേ ഇതിലെ... ആ കാണുന്നതാണു പുൽക്കൂട്...!

[അവർ നടന്നു മറയുന്നു]

യവനിക

## രംഗം ആറ്

[സമയം പാതിരാവായി.

ബെത്ലേഹം കുന്നിൻെറ താഴ്വരയിലുള്ള അജപാലകരുടെ വാസസ്ഥലം. ചെറിയ വേലി പോലെ അണ്ഡാകൃതിയിൽ വളച്ചിരിക്കുന്ന ഒരു വെളിപ്രദേശത്ത്, അസംഖ്യം ചെമ്മരിയാടുകൾ ശയിക്കുന്നു. അതിനടുത്തുതന്നെ കുറെ ആട്ടിടയരും കാവൽ കിടക്കുന്നുണ്ട്. നിലാവിൻെറ പാലൊളി മനുഷ്യരേയും മൃഗങ്ങളേയും ഒരുപോലെ തഴുകുന്നു.. !

അൽപം കഴിഞ്ഞ് ഒരു തള്ളയാടു കരയുന്ന ശബ്ദം.]

ആട്— ഉം മ്പേ...! ഹും... ഹും... മ്മേ...!

(ആട്ടിടയനായ ലാബാൻ ഞെട്ടി എഴുന്നേററ് ചെവി വട്ടം പിടിക്കുന്നു.)

ആട്— ഉംമ്പേ...! ഹും... മ്മേ...!

ലാബാൻ— ഹും... മ്മേ...!

ആട്— ഹും മ്മേ...!

ലാബാൻ— (ആടിൻെറ ശബ്ദം തിരിച്ചറിഞ്ഞ്) എന്നാടീ, തങ്കമണീ...? നിൻെറ ഒച്ച ഈ ലാബാനു തിരിച്ചറിയാം. ഈ പാതിരായ്ക്ക് നിനക്കെന്തു പററി...? ഞാൻ ദേ വരുന്നു.

ആട്— (ഇടയൻെറ ശബ്ദം തിരിച്ചറിഞ്ഞ്, ആശ്വാസത്തോടെ) ഹും... മ്മേ ..!

[ലാബാൻ പരിഭ്രമിച്ച് വേഗം വളപ്പിനുള്ളിലേക്കു പോകുന്നു. അൽപം കഴിഞ്ഞ്, ആനന്ദോൻമത്തനായി തിരിച്ചുവന്ന്, തൻെറ അടുത്തു കിടന്ന കൂട്ടുകാരെ കുലുക്കി വിളിക്കുന്നു]

ലാബാൻ— എടാ ഓമാൻ..., എടാ ഓറിയാ..., എടാ ലോത്തേ..., എടാ കറിയാ...! അയ്യോ! നിൻെറ യൊക്കെ ഒരൊറക്കം...! ഒരു തൊഴിവെച്ചു തന്നാ ലുണ്ടല്ലോ...?

(ആ ആട്ടിടയർ ഉറക്കമുണരാതെ, ഒന്നു ഞരങ്ങി തിരിഞ്ഞു മറിഞ്ഞു കിടന്ന്, പുതപ്പു വലിച്ചു പുതച്ച് ഉറങ്ങുന്നു)

ലാബാൻ— എടാ ഓമാൻ, ഒന്നെഴുന്നേററടാ... അല്ലേ നീയിപ്പം അറിയേണ്ടാ. ഞാൻ ആലയിൽചെന്നു എടുത്തുകൊണ്ടു വരാം.

(അയാറം വീണ്ടും ആലയിലേക്കു പോകുന്നു. അൽപംകഴിഞ്ഞ്, വെളുത്ത ഒരു ചെമ്മരിയാട്ടിൻ കുട്ടിയേയും ചുമലിലെടുത്തുകൊണ്ട്, ഹർഷോ ന്മാദം പൂണ്ട്, ഒരു മൂളിപ്പാട്ടും പാടി ആഗത നാകുന്നു)

ലാബാൻ— എടാ ഓമാൻ (കാലുകൊണ്ടു തട്ടുന്നു)

ഓമാൻ— (ഞെട്ടി എഴുന്നേററ്, പരിഭ്രമത്തോടെ) എന്തു പററി...! വല്ല ചെന്നായ്ക്കളും വന്നോ...? ങേ...!

ലാബാൻ— (ആഹ്ളാദത്തോടെ) ഇല്ലെടാ...! ദേ...നീ ഇതു കണ്ടോ...? എൻെറ തങ്കമണി പെററു. നല്ല മഞ്ഞുപോലത്തെ കുട്ടി.. !

ഓമാൻ— (ക്ഷോഭിച്ച്) ഛെടാ നാശമേ...! നിൻെറ ആടു പെററതിനാണോ...? എൻെറ ഊരെടുത്തു പോയി! നിൻെറ തലയ്ക്കെന്താ വട്ടെളകിയോ.? ങേ...?

ലാബാൻ— വഴക്കു പറയാതെടാ അളിയാ. ഇന്നാ നിനക്കൊരു സമ്മാനം.

(ഓമാൻ അൽപം ശാന്തനാകുന്നു.)

ലാബാൻ— ഒരു മുട്ടനാടാ. ഒരു സുന്ദരക്കുട്ടൻ!

തങ്കമണി— (ആലയിൽനിന്ന്) ഹും...മ്മേ.. !

ലാബാൻ— ദേ കൊണ്ടു വരുന്നെടീ. അവൾക്കു മകനെ കാണാനപ്പിടി ധൃതിയായി...! നിനക്കു കാണേണ്ടേടാ ഓമൻ?

ഓമാൻ— (ആട്ടിൻകുട്ടിയെ വാങ്ങിച്ചു നോക്കി ഒരു പരിഹാസച്ചിരിയോടെ) ഈ മുട്ടൻ പെണ്ണാണ ല്ലോടാ. ലാബാനെ ? ങ്ങേ...? ഹി ഹി ഹി...

ആട്ടിൻകുട്ടി— ങ്ു ഉഉ .. ഉ.

ലാബാൻ— നീ എന്നെ കളിയാക്കാതെടാ. നീ അത്ര ക്കു വളർന്നിട്ടില്ല.

തങ്കമണി— ഹും....മ്മേ...

ലാബാൻ— ദേ കൊണ്ടു വരുന്നെടീ. (ലാബാൻ ആട്ടിൻകുട്ടിയെ ആലയിലേക്കു കൊണ്ടു പോകു ന്നു. അപ്പോഴും കൂർക്കം വലിച്ചു ഉറങ്ങുന്ന ലോത്തിനേയും കൂട്ടരേയും ഓമാൻ കുലുക്കി വിളിക്കുന്നു)

ഓമാൻ— എടാ ലോത്തേ ... എടാ ഒറിയാ ... എടാ ലോത്തേ... ഇവനൊരു പോത്താണല്ലോ... ! എടാ ലോത്തേ.

(ലോത്തു പതുക്കെ കണ്ണുതിരുമ്മി എഴുന്നേൽ ക്കുന്നു)

ഓമാൻ— (നിഷ്ക്കളങ്കതയോടെ) എടാ നീ കേട്ടോ...?

ലോത്ത്— എന്ത്?

ഓമാൻ— (പാടുന്നു) ലാബാന്റെ ആടു പെറേറ...
മുട്ടനൊരു പെണ്ണാണേ... !
ലാബാന്റെ ആടു പെറേറ...!

ലോത്ത്— (കുപിതനായി) നിൻെറ തലക്കെന്താ വട്ടെളകിയോ? ഈ സാത്താൻെറ സന്തതി കെടത്തി ഒറക്കുകേം ഇല്ലല്ലോ... !

(വെളുവെളെ ചിരിക്കുന്ന ഓമാനെ തല്ലാൻ കയ്യോങ്ങി) വേണോ നല്ല സമ്മാനം...?

പകലു മുഴുവൻ ഈ ബെത്'ലേഹം കുന്നു മുഴുവൻ ആടുകളെ കൊണ്ടുനടന്നു തീററി. കാനേഷുമാരിക്കണക്കെടുക്കാൻ വന്ന ആളുകളുടെ ബഹളം കാരണം പാതിരാവരെ ഒന്നു കണ്ണടയ്ക്കാൻ പററിയില്ല. പിന്നെ കണ്ണടച്ചു പോകുമ്പോഴാ നിൻെറയൊക്കെ തൊള്ളതൊറക്കൽ! നിന്നെയൊക്കെ എന്താ ചെയ്യേണ്ടേ...?

ഓമാൻ— [വിട്ടുകൊടുക്കാൻ തയ്യാറാകാതെ] ഉം? നീ എന്തു ചെയ്യും...? പോടാ

ലോത്ത്— നീ അത്രയ്ക്കായോടാ...? നിന്നെ ഞാൻ.

[അവർ ഒന്നും രണ്ടും പറഞ്ഞു ഉന്തും തള്ളും, പിടിയും വലിയും ആരംഭിക്കവേ, ലാബാൻ അവരുടെ ഇടയ്ക്കു വീണു രണ്ടുപേരേയും പിടിച്ചു മാററുന്നു.]

ലാബാൻ— (ലോത്തിനോട്) ഈ പാതിരാത്രിക്കു വെറുതെ വഴക്കിടുന്നതെന്തിനാ അളിയാ...?

ലോത്ത്— എന്നോടു കളിച്ചാൽ ..കളി ഞാൻ പഠിപ്പിക്കും . ങാ!

ലാബാൻ— വാ നമുക്കു കെടന്നൊറങ്ങാം. ആരു പെററാലും എഴുന്നേൽക്കണ്ടാ. പോരേ...?

[ആ ആട്ടിടയർ അഞ്ചുപേരും മൂടിപ്പുതച്ചു കിടന്നുറങ്ങുന്നു.

അൽപം കഴിഞ്ഞ് അഭൂതപൂർവ്വമായ ഒരു പ്രഭാപൂരം അവരെ ആവരണം ചെയ്യുന്നു.

അവരുടെ കർണ്ണപുടങ്ങളിൽ മധുരസാന്ദ്രമായ ഏതോ സ്വർഗ്ഗസംഗീതം, തേൻമഴ പെയ്യുന്നു.!

കർത്താവിന്റെ മഹത്വം അവരുമേൽ പ്രകാശിക്കുന്നു ! ആരുമാരും വിളിക്കാതെ ഓരോരുത്തരായി അവർ ഞെട്ടിയുണരുന്നു. ഇതികർത്തവ്യഥാമൂഢത അവരെ നട്ടം തിരിക്കുന്നു, വട്ടം കറക്കുന്നു.

Gloria in Excelsis Deo എന്ന ഒരു മധുരഗാനം, അനന്തമായ ആകാശം മുഴുവൻ മുഖരിതമാകുന്നു]

ലാബാൻ— (അൽപം ധൈര്യമവലംബിച്ച്)ലോത്തേ, കറിയാ... നമ്മളിപ്പം എവിടെയാടാ ..? സ്വർഗ്ഗത്തിലോ അതോ ഭൂമിയിലോ...!

ഓമാൻ— മിണ്ടല്ലേടാ. പാതിരാത്രിക്കു സൂര്യനുദിച്ചിരിക്കുകയാ! ആകാശം നിറയെ മാലാകമാരെ കണ്ടോ! അവരുടെ കയ്യിലൊക്കെ തപ്പും തകിലും, കൊമ്പും കൊഴലുമൊക്കെ കണ്ടോ...!

ലാബാൻ— ദേ അവരു വീണ്ടും പാടാൻ തൊടങ്ങി...! ഹാ എന്തൊരു നാദം...! എന്തൊരു മധുരഗീതം! എന്റെ നാക്കിറങ്ങിപ്പോകുന്നു...!

ഓമാൻ— മിണ്ടല്ലേടാ. ദേ ഒരു മാലാഖാ ഇറങ്ങിവരുന്നു...! അയ്യോ...! എനിക്കു പേടിയാകുന്നു...!

മാലാഖമാർ— (പാടുന്നു)

ഹല്ലേലൂയ്യാ പാടൂ! ഹല്ലേലൂയ്യാ പാടൂ!
ഉന്നതങ്ങളിലെന്നും ഈശനു സ്തോത്രം!
ഈശനു സ്തോത്രം, സ്തോ...ത്രം!
(ഉന്നതങ്ങളിലെന്നും)

[പെട്ടെന്നു ഒരു ദൈവദൂതൻ ആകാശത്തുനിന്നും പൊട്ടിവീണ്, ആട്ടിടയരുടെ മദ്ധ്യേ നിലയുറപ്പിക്കുന്നു. മിന്നലുപോലുള്ള

ആ മാലാഖായുടെ [പകാശധോരണിയിൽ മുങ്ങി, പാവം ആട്ടിടയൻ ഭയവിഹ്വലരാകുന്നു.]

ദൈവദൂതൻ— ആട്ടിടയരേ, നിങ്ങരം ഭയപ്പെടേണ്ടാ.. ഇതാ! സകല ജനങ്ങരംക്കും സന്തോഷം നൽകുന്ന സുവാർത്തകരം . !

ഇന്ന് ദാവീദിൻെറ നഗരത്തിൽ, നിങ്ങരംക്കു വേണ്ടി, രക്ഷകനായ [കിസ്തു അവതരിച്ചിരിക്കുന്നു...!

ഈ നേർവഴിയിലൂടെ നിങ്ങരം ബെത്ലേഹമിലെ അക്കാണുന്ന കാലിത്തൊഴുത്തിലേക്കു പോകുവിൻ.

[ആട്ടിടയരുടെ വദനബിംബങ്ങളിൽ ആശ്ചര്യവും ആനന്ദാതിരേകവും ഒളിച്ചുകളി നടത്തുകയും, അവർ രോമാഞ്ചകഞ്ചുകമണിഞ്ഞ് നിർവൃതിയിലാണ്ടപോലെ പരസ്പരം നോക്കുകയും ചെയ്യുന്നു]

ആട്ടിടയൻ— (ആഹ്ളാദത്തോടെ) ഹല്ലേലുയ്യാ ! ഹല്ലേലുയ്യാ...!

ദൈവദൂതൻ— നിൽക്കൂ. ഒരടയാളം നിങ്ങരംക്കു ഞാൻ തരാം.

പിള്ളക്കച്ചകരംകൊണ്ടു ചുററി, പുൽത്തൊട്ടിയിൽ ശയിക്കുന്ന ഒരു പിഞ്ചു ശിശുവിനെ നിങ്ങരം ദർശിക്കും.

[അപ്പോഴും അകലെയെങ്ങോ മുഴങ്ങിയിരുന്ന ഒരു മധുരഗീതം പൊടുന്നനവേ അടുത്തടുത്തു വരുന്നു. ഒരു വലിയ ഗണം വാനദൂതർ അജപാലകരുടെ ചുററും അണിനിരന്ന്, വാദ്യമേളങ്ങളോടെ ഗാനമാലപിക്കുന്നു.]

മാലാഖമാരിൽ പ്രധാനി— ഹല്ലേലുയ്യാ പാടൂ,
ഹല്ലേലുയ്യാ പാടൂ.

മററുള്ളവർ— ഉന്നതങ്ങളിലെന്നും ഈശനു
സ്തോത്രം!
ഈശനു സ്തോത്രം...സ്തോ...ത്രം.!

പ്രധാനി— മന്നിൽ സമാധാനം, സന്മനസ്സുള്ളോർക്കും!

മററുള്ളവർ— ഉന്നതങ്ങളിൽ...

പ്രധാനി— രക്ഷകനാമേശു, ഇക്ഷിതിയിൽ
വന്നു!

മററുള്ളവർ— ഉന്നതങ്ങളിൽ.

എല്ലാവരുംകൂടി— ഹല്ലേലുയ്യാ പാടൂ...ഹല്ലേലുയ്യാ
പാടൂ...
ഹല്ലേലുയ്യാ പാടൂ, ഹല്ലേലുയ്യാ
പാടൂ ..

[ആ ഗാനം അന്തരീക്ഷത്തിൽ അലിഞ്ഞു ചേരുന്നതോടെ, ദൈവദൂതർ അപ്രത്യക്ഷരാകുന്നു. അപ്പോഗം ആനന്ദതുന്ദിലരായ ആട്ടിടയർ സ്വയം മറന്നു അതു തുടർന്നു പാടുന്നു. ചിലർ വായ്കൊണ്ടും ചിലർ പള്ളയ്ക്കടിച്ചും തപ്പു കൊട്ടുന്നു. ചിലർ വിസിലടിക്കുന്നു. അവരവരുടെ കഴിവനുസരിച്ചു ആടിയും പാടിയും അവർ ആ സന്തോഷദിനം കൊണ്ടാടുന്നു]

ലാബാൻ— (മാലാഖായുടെ നിർദ്ദേശം ഓർമ്മിച്ചു ആകാംക്ഷയോടെ) വന്നേടാ ലോത്തേ, നമുക്കാ ബെത്ലേഹമിലെ പുൽക്കൂടുവരെ ഒന്നുപോയി നോക്കാം.

ഓമാൻ— ശരി. നമുക്കു വേഗം പോകാം. കർത്താവ് അറിയിച്ചിരിക്കുന്ന ഈ സംഭവം നമുക്കു ചെന്നു കാണാം.

ലോത്ത്— നിങ്ങറം നിൽക്കിവിടെ. ഞാനൊരു സാധനം കൊണ്ടുവരാം.

[അയാറം ആലയിലേക്കു പാഞ്ഞു പോയി, കയ്യിൽ കിട്ടിയ വാദ്യോപകരണങ്ങളെല്ലാം എടുത്തുകൊണ്ടുവന്നു മററുള്ളവർക്കു പങ്കിട്ടു കൊടുക്കുന്നു]

ലോത്ത്— നീയീ കൊയലൂത്. നീയീ കൊമ്പൂത്. നീയീ തപ്പു കൊട്ട്.

ലാബാൻ— ആ തകിലെനിക്കുതാ...

ഓമാൻ— ഞാൻ തൊടങ്ങാം. നിങ്ങള് കൂടിക്കോ.

[അവരെല്ലാം ഉല്ലാസോൻമത്തരായി, വാദ്യകോലാഹലം മുഴക്കി, കാലിത്തൊഴുത്തിലേക്കു നീങ്ങവേ, അവരുടെ എതിരേ കോപാക്രാന്തനായി രൂബൻ ഓടി വരുന്നു]

രൂബൻ— ആരെടാ അത്...? നിർത്താൻ!

രൂബൻ— (അടങ്ങാത്ത ക്ഷോഭത്തോടെ, ശപിച്ചു കൊണ്ട്) ശവങ്ങള്! പാതിരാവായാലും കിടത്തി ഉറക്കത്തില്ലല്ലോ! എന്താടാ ഇത്...? ഇതെന്താണെന്ന്...? ചോദിക്കാനും പറയാനും ഈ ബെത്ലേഹമിൽ ആളില്ലെന്നോ...! ഇല്ലെങ്കിൽ ഈ രൂബൻ ചോദിക്കാം. പുളിച്ച വീഞ്ഞും കുടിച്ച് ഉറക്കമിളച്ചു നിങ്ങറം തുള്ളുന്നോ...! ആട്ടിടയർക്കു ഇത്രയ്ക്കു ചങ്കൂററമായോടാ...?

(നിമിഷനേരത്തേക്കു പാട്ടും കൊട്ടും നിലയ്ക്കുന്നെങ്കിലും, അവരുടെ മുഖങ്ങളിൽ ആനന്ദം തങ്ങി നിൽക്കുന്നു)

ലാബാൻ— (മുന്നോട്ടു വന്ന്) ഏമാൻനേ, വഴക്കു പറേല്ലേ...! ഇന്നു വെല്യൊരു ദെവസമാ...!

രൂബൻ— എന്ത്! വലിയൊരു ദിവസമോ? ആരുടെ? എന്തിൻെറ...? കാണണോ നിങ്ങൾക്കിപ്പോൾ...? (പെട്ടെന്നു ശാന്തനായി) കാര്യങ്ങളുടെ ഗൗരവം ശിരസ്സിൽ കയറിയിട്ട്, ഉറക്കം വരാതെ ബാക്കിയുള്ളവൻ കിടന്നു ഞെരിപിരി കൊള്ളുന്നു......! അപ്പോഴാണു നിങ്ങൾക്കു പിരിയിളക്കം...!

ലോത്ത്— ശിരസ്സിലെന്താ കേറ്യേത്...? ഗൗരവമോ...? ഹി ഹി ഹി. സാരമില്ല. ലാബാനേ, ഏമാൻെറ നിറുകയിലൊന്നു മുട്ട്യേ... കേറിയതെന്താണെങ്കിലും ശഠോന്നു താഴെ എറങ്ങും.. ! (ആട്ടിടയർ പൊട്ടിച്ചിരിക്കുന്നു)

രൂബൻ— എന്ത്...? നിങ്ങളെന്നെ പരിഹസിക്കുന്നോ!

ലാബാൻ— അയ്യോ! ചൂടാകരുതു കേട്ടോ! കളി കാര്യമാക്കല്ലേ...! എന്താന്നു വെച്ചാൽ, ഇന്നു സകല ജനങ്ങൾക്കും സന്തോഷമൊണ്ടാകണ ദെവസമാണ്! എന്നാണു അടിയങ്ങളോടു പറഞ്ഞത്.

രൂബൻ— ആര്...?

ലോത്ത്— ആ മാലാകാമാര്.

രൂബൻ— എന്ത്...! !

ലാബാൻ— അതെ ഏമാനേ. ഇന്നു നമ്മുടെ രക്ഷകൻ ജനിച്ചിരിക്കുന്നു ..! ഏമാനറിഞ്ഞില്ലേ?

രൂബൻ— (രൂബൻ അത്ഭുതസ്തബ്ധനാകുന്നു. ക്രമേണ ശാന്തിയുടെ കാന്തിയിൽ അയാൾ മുങ്ങിപ്പൊങ്ങുന്നു) എന്ത്...!

ആട്ടിടയർ— നേരാ ഏമാൻനേ...! അല്ലാതെ ഇത്രയും വെട്ടോം വെളിച്ചോം എവിടെനിന്നാ .. ? എന്തൊരു പാട്ടായിരുന്നു! ഏമാൻ കേട്ടില്ലേ ..? നമ്മുടെ രക്ഷകൻ...

രൂബൻ— (അതിശയാനന്ദങ്ങളോടെ) ജനിച്ചെന്നോ! നേരാണോ! എവിടെ.. !

ലോത്ത്— ദേ മോളിലോട്ടൊന്നു നോക്ക്യേ... ഒരു വാല് നക്ഷത്രം കാണണില്യേ...? അതിൻെറ താഴെ.

ലാബാൻ— അങ്ങോട്ടാണു അടിയങ്ങളു പോണത്.

രൂബൻ— (സമാശ്വാസിതനായി) എൻെറ യഹോവായേ! (സ്വയം മറന്ന്)
എൻെറ വലിയ ഒരു പ്രശ്നം ഇതാ പരിഹരിക്കുന്നു...!
എൻെറ മുന്തിരിയുടെ എതിർവാദങ്ങളെല്ലാം ഇതാ അസ്തമിച്ചിരിക്കുന്നു!
എൻെറ ഭാഗ്യനക്ഷത്രമിതാ ഉദിച്ചിരിക്കുന്നു..!
തീർച്ചയായും എൻെറ സലോമിയിനി സമ്മതിക്കും.
അവളുടെ അണിവിരലിൽ, ഞാനിന്നു ഈ രത്ന മോതിരമണിയിക്കും...
ആട്ടിടയരേ, ആടുക, പാടുക, ആനന്ദം കൊണ്ടാടുക. ഞാനുമുണ്ട്, നിങ്ങളുടെയൊപ്പം.

ലാബാൻ— (ഹർഷോന്മത്തനായി മന്ദഹാസമുതിർക്കുന്ന രൂബനെ നോക്കി) കണ്ടോ ഏമാൻ ചിരിക്കണത്? ഞാൻ പറഞ്ഞത് ഇപ്പോഴെങ്ങിനെയിരിക്കുന്നു? നമ്മുടെ രക്ഷകൻ...!

രൂബൻ— വരൂ... വരൂ ... നിങ്ങൾ വേഗം വരൂ ... ഞാനുംകൂടി നമ്മുടെ രക്ഷകനെ ഒരു നോക്കു കാണട്ടെ ..! അതു കഴിഞ്ഞു സലോമിയേയും ചിററമ്മയേയും വിളിച്ചു കാണിക്കണം!

ലോത്ത്— വന്നോ ... വേഗം വന്നോ...

ലാബാൻ— ദേ ആ വാൽനക്ഷത്രത്തിന്റെ കീഴെ ആ പശുത്തൊഴുത്തിൽത്തന്നെ... ദേ, ഇതിലേ... ദേ, ഇതിലേ...

[അവരെല്ലാവരും ഉല്ലാസഭരിതരായി ലാബാൻ കാണിച്ച വഴിയേ ഗാനമേളത്തോടെ നടന്നു നീങ്ങുന്നു]

യവനിക

## രംഗം ഏഴ്

[ബെത്‌ലേഹം കാലിത്തൊഴുത്ത്. ദുരൂഹമായ ഏതോ പ്രഭാസാഗരത്തിൽ അതു മുങ്ങിയിരിക്കുന്നു. കരളിൽ കുളിരു കോരിയിടുന്ന ഏതോ മധുരഗാനത്തിന്റെ മാറ്റൊലി അവിടെയെങ്ങും തങ്ങി നിൽക്കുന്നു.

പുൽത്തൊട്ടിയിൽ, പിള്ളക്കച്ചകൾ കൊണ്ടു ചുററി കിടത്തിയിരിക്കുന്ന ഉണ്ണിയീശോ, ചുററും സ്വർഗ്ഗീയ ശോഭ വിതറുന്നു. മരം കോച്ചുന്ന പാതിരാക്കാറോററു വിറയ്ക്കുന്നതിനിടയിലും, അർദ്ധനഗ്നനായ ആ പൊന്നോമലുണ്ണി, പുഞ്ചിരിപ്പൂ പൊഴിക്കുന്നു.

യൗസേപ്പും മേരിയും സമീപത്തു തന്നെയുണ്ട്.

അവരുടെ പുറകിൽ കുറെ കഴുതകളും കന്നുകാലികളും കണ്ണും മിഴിച്ചു നിൽക്കുന്നു. അവയുടെ ഭാവം കണ്ടാൽ തോന്നും. ആ പുൽക്കൂട്ടിൽ തങ്ങളുടെ മദ്ധ്യേ ജനിച്ചു കിടക്കുന്നത്, സകലത്തിന്റേയും ഉടയവനാണെന്ന്, അവയ്ക്കു പോലും മനസ്സിലായി എന്ന്.

തൊഴുത്തിൻെറ കവാടത്തിൽ ലാബാനും കൂട്ടരും നിന്ന് ആടുകയും പാടുകയും ചെയ്യുകയാണ്. മററു ചില ആട്ടിടയരും, അയൽവാസികളും അവിടെ വന്നു ചേർന്നിട്ടുണ്ട്. അവരുടെ കൂടെ കുറെ ആടുകളും പട്ടികളും ഉണ്ടെങ്കിലും, അവ ചില മനുഷ്യരേക്കാരം വകതിരിവോടുകൂടി പുൽക്കൂട്ടിനടുത്തു പെരുമാറുന്നതു കാണാം.

കമ്പിളി പുതച്ചും, കരിമ്പടം പുതച്ചും, ഉടുത്തിരുന്ന മുണ്ടഴിച്ചു പുതച്ചും, മുറിഞ്ഞു മുറിഞ്ഞു വീഴുന്ന മഞ്ഞുതുള്ളികളുടെ നടുവിൽ നിൽക്കുന്ന ആ പാവങ്ങളെല്ലാം, സ്വർഗ്ഗീയമായ ഏതോ അനുഭൂതിയിൽ ലയിച്ചിരിക്കുന്ന ഭാഗ്യവാന്മാരാണെന്ന് അവരുടെ മുഖഭാവങ്ങരം വിളിച്ചറിയിക്കുന്നുണ്ട്.

ഏതാനും നിമിഷങ്ങരംക്കുശേഷം യവനിക വീഴുന്നു.

അൽപം കഴിഞ്ഞ് രൂബൻ മുമ്പേയും, സലോമിയും, ബെത്സബിയും, റാഹേലും പിമ്പേയും, കാലിത്തൊഴുത്തിൻെറ മുൻവശത്തായി വന്നു ചേരുന്നു. (യവനികയുടെ മുമ്പിൽ) അവരെല്ലാം, പ്രത്യേകിച്ചും, രൂബൻ, മോടിയായി വസ്ത്രം ധരിച്ചിരിക്കുന്നു. അതിശയാനന്ദങ്ങളോടെ അവർ ഗോശാലയിലേക്കു ഒന്നു എത്തിനോക്കിയശേഷം, അകത്തേക്കു കടക്കാൻ മനസ്സു വരാതെ, മടിച്ചു മടിച്ചു പുറത്തു തന്നെ തങ്ങുന്നു.

രൂബൻ— (തിര തല്ലുന്ന ആഹ്ളാദത്തോടെ) ചിററമ്മേ, ഇപ്പോരം ഞാൻ പറഞ്ഞതു വിശ്വാസമായോ?

ബെത്സബി— ഈ സ്ഥലത്തു കാലുകുത്തിയ പ്പോ൦ തന്നെ മനസ്സിനു എന്തൊരാനന്ദം...!

രൂബൻ— പാതിരായ്ക്കു സൂര്യനുദിച്ചതുപോലെ, ഈ ബെത്ലേഹം മുഴുവൻ ദുരൂഹമായ ഏതോ പ്രഭാസാഗരത്തിൽ മുങ്ങിയിരിക്കുകയാണ്.. !

ബെത്സബി— (അതിശയാനന്ദങ്ങളോടെ) (പുൽ ക്കൂട്ടിലേക്കു നോക്കി) ഹാ...! ഇതെന്തൊരു സ്ഥിതിവിശേഷം! എൻെറ കണ്ണുകളെപ്പോലും വിശ്വസിക്കുവാൻ എനിക്കു കഴിയുന്നില്ല ! !

(വാനിൽ Gloria in Excelsis Deo എന്ന മാലാഖാമാരുടെ ഗാനം മുഖരിതമാകുന്നു)

രൂബൻ— ചിററമ്മേ, വാനിൽ മാലാഖാമാർ പാടുന്ന സ്വരമാണത്...!

(അവരെല്ലാവരും ചെവി വട്ടം പിടിച്ചു അതു ശ്രവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു)

ബെത്സബി— എൻെറ യഹോവായെ, എന്നോടു ക്ഷമിക്കണേ. ഇതറിഞ്ഞിരുന്നെങ്കിൽ എൻെറ മാളിക മുഴുവൻ ഞാൻ യൗസേപ്പിനും മേരിക്കു മായി ഒഴിഞ്ഞു കൊടുക്കുമായിരുന്നു...! ഇതാ ആ പാവങ്ങൾ ഉണ്ണിയുടെ പുറകിൻ ! ഹോ—! സർവ്വശക്തനായ ദൈവത്തിൻെറ കുമാരൻ ഒരു പശുത്തൊഴുത്തിൽ ..! കീറിയ പഴന്തുണിയിൽ! ഇതാണു യഹോവായുടെ കളി ..!

സലോമി— (അടക്കാനാവാത്ത അമർഷത്തോടെ) നിർത്തു ബെത്സബി. ഇതാരു വിശ്വസിക്കും? ഞാനൊരു മണ്ടിയല്ല !

രൂബൻ— മനുഷ്യബുദ്ധിയിൽ, ദൈവത്തിൻെറ വഴികൾ നിഗൂഢവും നിഗൂഹിതവുമാണു സലോമി. പരിമിതമായ നമ്മുടെ ബുദ്ധിയിൽ

അപരിമേയനായ സർവ്വശക്തനെ അടക്കിവെയ്ക്കാമെന്നു കരുതുന്നതാണു മണ്ടത്തരം

ബെത്സബി— ശരിയാണ്. യഹോവാ, അബ്രാഹത്തിൻെറ ഏകപുത്രൻ ഇസഹാക്കിനെ ബലി ചെയ്യാൻ ആവശ്യപ്പെട്ടവനാണ്.. !

നീതിമാനായ ജോബിനെ സകലവിധ പീഡനങ്ങൾകൊണ്ടും പരീക്ഷിച്ചവനാണ്... !

ഇസ്രായേൽ ജനത്തെ കഷ്ടതകളിൽ നിന്നും കരകയററി, കാനാൻദേശത്തു എത്തിച്ചവനാണ്!

വഴിതെററിപ്പോയ ജനത്തെ വീണ്ടു രക്ഷിക്കാൻ, രക്ഷകനെ വാഗ്ദാനം ചെയ്തവനാണ്!

രൂബൻ— ആ രക്ഷകൻ തന്നെയാണു ഇപ്പോൾ എന്നേയും രക്ഷിച്ചിരിക്കുന്നത്! അല്ലേ സലോമി ?

(രൂബൻ, സലോമിയെ നോക്കി, അർത്ഥഗർഭമായി മന്ദഹസിക്കുന്നു)

ബെത്സബി— (ഇഞ്ചി കടിച്ച കുരങ്ങിനെപ്പോലെ നിൽക്കുന്ന സലോമിയെ നോക്കി) സലോമി നീ വാശിപിടിക്കാതെ നല്ല മനസ്സോടെ ചിന്തിക്കൂ. അപ്പോൾ നിനക്കു സമാധാനം ലഭിക്കും.

ഈ കിടക്കുന്ന ശിശു യഹോവാ വാഗ്ദാനം ചെയ്ത രക്ഷകനാണെന്ന്.........

സലോമി— (നിശ്ചയദാർഢ്യത്തോടെ) ഞാൻ സമ്മതിക്കുകയില്ല. എനിക്കതു സാദ്ധ്യമല്ല.

രൂബൻ— നാമിതുവരെ കണ്ടതും കേട്ടതും അന്വേഷിച്ചറിഞ്ഞതുമായ സംഗതികളുടെ വെളിച്ചത്തിൽ നോക്കിയിട്ടും, സലോമിക്കു വിശ്വാസമായില്ലേ?

ബെത്സബി— തിരുവെഴുത്തുകളെല്ലാം നിറവേറിയിരിക്കുന്നു . ! സലോമി, നീ ഇനിയെങ്കിലും നിന്നെത്തന്നെ അറിയണം.

രൂബൻ— സലോമി...! (അവ൪ മുഖമുയർത്താതെ നിലത്തുതന്നെ നോക്കുന്നു)

മിന്നിമിന്നി, പ്രകാശം പൊഴിച്ചുകൊണ്ടു കിടക്കുന്ന ഈ ശിശു, അന്ധകാരത്തിൽ വെളിച്ചം പകരുന്ന ഒരു തിരിയാണെന്നെങ്കിലും സലോമി സമ്മതിക്കുമോ.. ?

സലോമി— മിന്നുന്നതെല്ലാം പൊന്നല്ല.

ബെത്സബി— കണ്ണുകൊണ്ടു കാണുന്ന ഈ പ്രകാശധോരണി നീ വിശ്വസിക്കുകയില്ലേ? നിൻെറ കർണ്ണങ്ങളിൽ ഇപ്പോഴും അലതല്ലുന്ന ഈ അലൗകിക സംഗീതം നീ വിശ്വസിക്കുകയില്ലേ...?

സലോമി— (മൗനം)

ബെത്സബി— പറയൂ.

സലോമി— (മനസ്സു തകർന്നു) ചേച്ചി, എനിക്കു വിശ്വസിക്കാൻ വിഷമമുണ്ട്. പക്ഷെ...

ബെത്സബി— നീ മിഴിനീരൊഴുക്കുന്നതെന്തിനാ..?

സലോമി— ആശിച്ചതു എനിക്കു ലഭിച്ചില്ലെന്നു വെച്ച് എൻെറ കണ്ണുകളെ, എൻെറ കാതുകളെ, എൻെറ മനസ്സിനെ ഞാനെങ്ങനെ അവിശ്വസിക്കും?

രൂബൻ— അങ്ങനെ വഴിക്കു വാ.

(സലോമിയുടെ നേത്രങ്ങളിൽ പശ്ചാത്താപത്തിൻെറ രണ്ടു വെള്ളിമുത്തുകൾ നിന്നു തിളങ്ങുന്നു)

സലോമി— ഹാ...! പാപികളെ രക്ഷിക്കുവാനെത്തിയ പാരിൻെറ രക്ഷകൻ തന്നെയായിരിക്കാം ഈ കിടക്കുന്നത്. അതുകൊണ്ടാണ് പാപിനിയായ എൻെറ ഹൃദയത്തിലും, നിരാശക്കു പകരം

ഇപ്പോഠ ആനന്ദം കുമിഞ്ഞു കൂടുന്നത്...!
ഇതൊരത്ഭുതമാണ്...!

എൻെറ രക്ഷകാ അഹങ്കാരിയായ എൻെറ തെററുകഠ അങ്ങ് ക്ഷമിക്കണേ...!
അഹങ്കാരമുള്ള ആർക്കും ലോകരക്ഷകനെ അറിയുവാൻ സാദ്ധ്യമല്ല. ഇപ്പോഠ എനിക്കതു ബോദ്ധ്യമായി.

(ദിവ്യരക്ഷകൻെറ കാൽക്കൽ കാഴ്ചയണയ്ക്കാനെന്നോണം, രണ്ടു തപ്തബാഷ്പങ്ങഠ അടർന്നു വീഴുന്നു)

ബെത്സബി—(സന്തോഷം നുണഞ്ഞിറക്കിക്കൊണ്ട്) സലോമി, എനിക്കു സമാധാനമായി...!

രൂബൻ— (മന്ദഹാസം പരത്തി) ചിററമ്മേ, ഞാൻ ഭാഗ്യവാനായി...!

റാഹേൽ— അതു ശരി. ഒരു ശരീംകൂടി ഞാൻ പറഞ്ഞോട്ടെ...? ഇപ്പം ഈ റാഹേലിനും വലിയ സന്തോഷമായി. അതല്ലേ അതിൻെറ ശരി...?

ബെത്സബി— (റാഹേലിനെ കളിയാക്കി) ശരിശരി!
(എല്ലാവരും മന്ദഹസിക്കുന്നു)

രൂബൻ— (വികാരവായ്പോടെ കാലിക്കൂട്ടിലേക്കു ചൂണ്ടിക്കാണിച്ച്) സലോമി, തിമിരത്തെ തകർക്കുന്ന ഈ 'തിരിയെ' സാക്ഷി നിർത്തി, നിന്നെ ഞാൻ എൻെറ മുന്തിരീ എന്നൊന്നു വിളിച്ചുകൊള്ളട്ടെ...?

സലോമി— (കണ്ണിലെ ഞെക്കുവിളക്കുകഠ തെളിച്ച് സമ്മതരൂപത്തിൽ പുഞ്ചിരി പൊഴിക്കുന്നു) ഞാൻ ഭാഗ്യവതിയായി!

രൂബൻ— മുന്തിരീ...

സലോമി— എന്തോ.

ബെത്സബി— (പരസ്പരം ആലിംഗനം ചെയ്യാനുള്ള ആവേശമടക്കി, ആനന്ദാതിരേകം നുണഞ്ഞിറക്കുന്ന ആ യുവമിഥുനങ്ങളെ നോക്കി, സംതൃപ്തിയടഞ്ഞ്)

സലോമി, നിൻെറ കൈവിരൽ കാണിച്ചുകൊടുക്കൂ. അതിൽ മോതിരമണിയിച്ചു രൂബൻ സംതൃപ്തനാകട്ടെ. മുറയ്ക്കുള്ള വിവാഹം നമുക്കു പിന്നീടു നടത്താം.

[സലോമി, മടികൂടാതെ അവളുടെ വലതുകൈ നീട്ടുന്നു. ബെത്സബി അതു പിടിച്ചു രൂബനെ ഏൽപിക്കുന്നു. രൂബൻ, സലോമിയുടെ കരം കവർന്നെടുത്ത്, ആനന്ദാവേശങ്ങളോടെ, അവളുടെ അണിവിരലിൽ മോതിരമണിയിക്കുന്നു. അവരിരുവരും രോമാഞ്ചകഞ്ചുകമണിയുന്നു.]

ബെത്സബി— സലോമിയുടെ വിരലിലെ ഒരു മോതിരം ചൂണ്ടിക്കാട്ടി) ശരി. ഇനി നിൻെറയീ വിരലിൽ കിടക്കുന്ന രത്നമോതിരം, രൂബൻെറ വിരലിലണിയിക്കൂ.

(സലോമി, സസന്തോഷം അപ്രകാരം ചെയ്യുന്നു)

രൂബൻ— (ഹർഷോൻമത്തനായി) ഹാ! സകലരിലും സന്തോഷവും സംതൃപ്തിയും കളിയാടുന്ന ഒരു മംഗളദിനമാണിന്ന്. സന്മനസ്സുള്ളവരെല്ലാം വിലയ്ക്കു വാങ്ങാനാവാത്ത മനസ്സമാധാനം, ആസ്വദിച്ചു തുടങ്ങുന്ന വലിയൊരു ദിനമാണിന്ന്.

അതെ, നമ്മുടെ ദിവ്യരക്ഷകൻ അവതാരം ചെയ്തിരിക്കുന്ന പുണ്യദിനമാണിന്ന്.

ചിററമ്മേ, എൻെറ മുന്തിരി, വരൂ. അനർഹരെങ്കിലും, നമ്മുടെ ഹൃദയങ്ങളിൽ ആനന്ദക്കതിർ ചൊരിയുന്ന ഈ ജീവനുള്ള മെഴുകുതിരിയെ, നമ്മുടെ ദിവ്യരക്ഷകനെ, നമുക്കാരാധിക്കാം.

(പിൻ കർട്ടൻ ഉയരുന്നു. വീണ്ടും ഗോശാല ദൃശ്യമാകുന്നു. അവർ അകത്തു കടന്നു ദിവ്യശിശുവിനെക്കണ്ട് നമിക്കുന്നു.

രൂബൻ ഒരു ഗാനമാലപിക്കുന്നു. മററുള്ളവർ പല്ലവി മാത്രം ഏററു പാടുന്നു.)

രൂബൻ— (വൃന്ദാവനവും ......എന്നപോലെ)

പല്ലവി

വിൺതാമരയൊളി തൂകിനയോമൽ
കൺമണി മന്നിൽ, ആഗതനായ്!
കൺമണി ... ... ... ...

അനുപല്ലവി

പാരിനധീശൻ യേശുമഹേശൻ
നരനായ്, മോദം പകരാനായ്!
(വിൺതാമരയൊളി .. )

ചരണം:

1 ഗോശാലയിതിൽ, മലിനത നടുവിൽ
കീറിയതുണിയിൽ ശോഭിതനായ്,
കാണുന്നുണ്ടൊരു തേജഃപുഞ്ജം
വേപഥുപൂണ്ടു ശയിക്കുവതായ് . !
(വിൺതാമരയൊളി...)

2 മാനവരും ബത വാനവരും
വന്നാരാധിപ്പൂ ആദരവായ്!
അണയാം പാദേ, വിനയാനമിതരായ്
പണിയാം, മോദം നുകരാനായ്.
(വിൺതാമരയൊളി...)
കൺമണി മന്നിൽ ആഗതനായ്
കൺമണി മന്നിലാഗത്നായ്...

... ... ... ... ... ... ...

[ആ ഗാനം അങ്ങിനെ അന്തരീക്ഷത്തിൽ അലിഞ്ഞുചേരവേ, നരനായവതരിച്ചുകിടക്കുന്ന ആ പാരിൻെറ നാഥൻ, പുഞ്ചിരിപ്പുനിലാവിനാൽ അവരെ അനുഗ്രഹിക്കുന്നു]

യവനിക

A — M — D — G ★

DHARMARAM LIBRARY
BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| 15 FEB 1991 | | |
| 14 AUG 1999 | | |
| 28 JAN 2004 | | |

# തിരിയും മന്തിരിയും

**ടി. ടി. മുണ്ടയ്ക്കൻ**

DC Library
*00045202*
T62 M92

സ്നേഹത്തിന്റെ രണ്ടു കഥ… ധാരയുടെ സുഖമായ വിലാസമാണീകൃതിയിൽ. ദിവ്യപ്രേമത്തിന്റെ പരഭാഗശോഭയിൽ രണ്ടു യുവഹൃദയങ്ങളുടെ സമ്യക്കായ ചേർച്ചയാൽ രൂപംകൊള്ളുന്ന ഒരുകഥ. രക്ഷകനെ കാത്തിരുന്നും പ്രതീക്ഷിച്ചിരുന്നും നാളുകൾ പോക്കിയവരുടെ ഉൾതാല്പര്യങ്ങൾ ലോലമായി ആവിഷ്കരിച്ചിരിക്കുന്നു. രക്ഷകന്റെ അമ്മയുടേയും വളർത്തുപിതാവിന്റേയും വിനയാന്വിതമായ സംസ്കാരവിശേഷങ്ങൾ ഇവിടെ കാണാം. ദേവാലയങ്ങളുടെ ദിവ്യതക്കിണങ്ങിയ ഒരേകാങ്കം.

വില 5.50

വിതരണം

**ജനതാ ബുക്ക്സ്റ്റാൾ**

**തേവര–എറണാകുളം–ആലുവ**

JS 00099/SN 00159/828324/1000—1

# തിരിയും മുന്തിരിയും

ടി.ടി.മുണ്ടയ്ക്കൻ



JANATHA SERVICES ERNAKULAM

Indic Digital Archive Foundation
gpura.org